# തളിര്


കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2018 സെപ്റ്റംബർ
വില ₹20




പുതിയ ചിത്രകഥ ആരംഭിക്കുന്നു
ഉണ്ണിയാർച്ച

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





കണ്ടുപിടിത്തങ്ങളുടെ കഥ
(ശാസ്ത്രം)
**പി പി കെ പൊതുവാൾ**
വില ₹110




ഡോ. രാധാകൃഷ്ണൻ തത്വചിന്തകനായ രാഷ്ട്രപതി
(ജീവചരിത്രം)
**ഡോ. കുര്യാസ് കുമ്പളക്കുഴി**
വില ₹80




കാടിന്റെ പാഠങ്ങൾ
(നോവൽ)
**മടവൂർ ശശി**
വില ₹55




വല്ലം നിറ നിറ നിറയോ
(നാടകങ്ങൾ)
**ആലിന്തറ ജി കൃഷ്ണപിള്ള**
വില ₹90




ഇന്ത്യ പറഞ്ഞ ഗണിതം
(ഗണിതം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹45




ചങ്ങമ്പുഴ കൃഷ്ണപിള്ള
(ജീവചരിത്രം)
**സി നാരായണൻ**
വില ₹75




ധീരതയ്ക്കൊരു സമ്മാനം
(നോവൽ)
**ഡോ. എം. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ**
വില ₹75




ഉണ്ണിക്കൃഷ്ണൻ പുതൂർ
(ജീവചരിത്രം)
**ടി ബാലകൃഷ്ണൻ**
വില ₹55




ഇതു ഞാനാ
(കഥ)
**സൈജ എസ്**
വില ₹30




അനിയൻ പഴംപൊരി
(കഥ)
**ഷിനോജ് രാജ്**
വില ₹40


## കോപ്പികൾക്ക്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471 – 233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**സെപ്റ്റംബർ 2018**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

# തളിര്

ഉള്ളടക്കം

## മഴയിൽ മുങ്ങുന്ന കേരളം! 6

**ഡോ. കെ ജി താര**



കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്തവിധമുള്ള കാലവർഷക്കെടുതിക്കാണ് നാം സാക്ഷ്യം വഹിച്ചത്. പ്രകൃതിയുടെ സംഹാരഭാവം കണ്ട് ഭയന്നു വിറങ്ങലിച്ചിരിക്കുന്ന മനുഷ്യർ. പതക്കെ വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും. ഇവയൊക്കെ അതിജീവിക്കുവാൻ ഇനിയെങ്കിലും നമുക്ക് എന്തു ചെയ്യാനാവുമെന്ന് പറയുകയാണ് ദുരന്തനിവാരണ സെന്റർ മുൻ മേധാവി കൂടിയായ ലേഖിക.

## ഒടുക്കം അവശേഷിച്ചത്... 16

**റോസ്മേരി**



താൻ ജനിച്ചുവളർന്ന കാഞ്ഞിരപ്പള്ളിയിലെ പാറത്തോട് എന്ന ഗ്രാമത്തിലുണ്ടായ അനുഭവങ്ങളാണ് ലേഖിക പറയുന്നത്. ഒരു മധ്യാഹ്നത്തിൽ ആരവത്തോടെ വീട്ടിൽ എത്തിയ നായാട്ടുകാർ ഒഴിഞ്ഞുപോയപ്പോൾ ഒടുക്കം അവശേഷിച്ചത് എന്തായിരുന്നു? ഹൃദയത്തെ ആർദ്രമാക്കുന്ന ഈ ലേഖനം വായിക്കൂ...

## അശോകൻ 24

**കെ ജയകുമാർ**

*"എത്രയായിരം ജീവൻ പൊലിഞ്ഞു!*
*എത്ര ദുഃഖ ദുരിതങ്ങൾ തീർത്തൂ!*
*നേടിയല്ലോ മൃതഭൂമി മാത്രം;*
*കൂടെയോ കുറെ ശാപങ്ങൾ മാത്രം!"*

അശോക ചക്രവർത്തിയുടെ ജീവിതത്തിലെ വഴിത്തിരിവായി മാറിയ കലിംഗ യുദ്ധവും അതിന്റെ പരിണാമവും വിവരിക്കുന്ന മനോഹരമായ ഒരു ലഘുകാവ്യം.



**മുൻമൊഴി** ....................4
സുഗതകുമാരി
**കവിതാപരിചയം**....................15
കുമാരനാശാൻ
**കൊതിയൻകാക്ക**....................19
ദിവാകരൻ വിഷ്ണുമംഗലം
**ശ്രീലക്ഷ്മിയുടെ സങ്കല്പങ്ങൾ**...20
മുണ്ടൂർ സേതുമാധവൻ
**കിളിയനക്കങ്ങൾ**....................23
ഇ ജിനൻ
**പ്രയാഗ- നിമജ്ജനം ചെയ്യപ്പെടാത്ത ഓർമകൾ**............26
സെബാസ്റ്റ്യൻ പള്ളിത്തോട്
**പെൺപാവ**....................30
പയ്യന്നൂർ കുഞ്ഞിരാമൻ
**ഓമനത്തിങ്കൾ**.................... 33
അമ്പലപ്പുഴ ഗോപകുമാർ
**അമ്മമ്മയുടെ പകലുറക്കം**.........34
ആര്യാ ഗോപി
**സ്കൂൾഡെയ്സ്**....................35
എൻ ടി രാജീവ്
**കുറുമ്പുകൾ**....................37
വിനോദ് വൈശാഖി
**ഉണ്ണിയാർച്ച**....................38
ജിംഗിൾ ബെൽ ക്രിയേഷൻസ്
**ചന്ദ്രഗിരിപ്പുഴ ചിരിക്കാറില്ല**..........42
രാജേശ്വരി തോന്നയ്ക്കൽ
**ഉണ്ണിയുടെ ഓണം**....................45
ജെ ആർ കുറുപ്പ് ഏറ്റുമാനൂർ
**ഫ്രാൻസ് ലോകചാമ്പ്യന്മാർ**..........46
മോഹൻദാസ് അമ്പാട്ട്
**മഹാഭാരതം**....................50
സുഗതകുമാരി
**ഇളംതളിര്**....................52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ............54
**ഉണ്ടാക്കാം**....................55

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ടി ആർ രാജേഷ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org




വര: സുധീർ പി വൈ

മൊബൈൽ ഫോൺ ദുരുപയോഗത്തെപ്പറ്റിയാണല്ലോ നാം രണ്ടു ലക്കങ്ങളിൽ പറഞ്ഞുകൊണ്ടിരുന്നത്. ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായതോടെ മൊബൈൽ ഫോൺ പ്രചുരപ്രചാരം നേടി. ഏറ്റവും ഉപയോഗപ്രദമാണിത്. ശരിയാണ്. പക്ഷേ തെറ്റായി ഉപയോഗിക്കുമ്പോൾ ഈ കൊച്ചു യന്ത്രവും ശത്രുവായിത്തീരുന്നു. ഇന്റർനെറ്റിലൂടെ എളുപ്പത്തിൽ ലഭ്യമാകുന്ന വിവരങ്ങളെക്കാൾ കുട്ടികളെ ഇപ്പോൾ ആകർഷിക്കുന്നത് അതിലൂടെയുള്ള ഉന്മത്ത വിനോദങ്ങളാണ്. Sex & Violence. അതിനീചമായ ലൈംഗിക വൈകൃതങ്ങളും അതിക്രൂരമായ പീഡനങ്ങളും കൊലപാതകങ്ങളും കുട്ടികൾ കാണുന്നു. അവരുടെ തലച്ചോറിനു തീ പിടിക്കുന്നു. ബ്ലൂവെയ്ൽ പോലുള്ള വിനോദത്തിൽ തുടങ്ങുന്ന ഭീകര നിർദേശങ്ങൾ കുട്ടികളെ ആത്മഹത്യയിലും ലഹരിയിലും ക്രിമിനൽ കുറ്റകൃത്യങ്ങളിലും മാനസികരോഗങ്ങളിലും കൊണ്ടുചെന്ന് എത്തിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഇവയ്ക്കെതിരായി പല ശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസ വിദഗ്ധരും മുന്നോട്ടു വന്നിട്ടുണ്ട്

പക്ഷേ ഇവയെ പ്രതിരോധിക്കുക എന്നതത്രേ അത്യാവശ്യം. മദ്യവും മയക്കുമരുന്നും ഉപയോഗിച്ചിട്ട് പിന്നീട് ചികിത്സതേടുന്നതിനേക്കാൾ ഭീകരമാണിത്. നിങ്ങളുടെ

ശരീരത്തെയും മനസ്സിനെയും ഇവ ചീത്തയാക്കുന്നു. ഒരിക്കൽ, ബുദ്ധിയിൽ പതിഞ്ഞുകഴിഞ്ഞാൽ അവ പിന്നെ മായുകയില്ല. നിർദയമായ ഒരു ആസക്തിയിലേക്ക് അവ കുട്ടികളെ നയിക്കുന്നു. രക്ഷപ്പെടൽ ബുദ്ധിമുട്ടായിത്തീരുന്നു.

അതിനാൽ 'Say No to Drugs' എന്ന മുദ്രാവാക്യം പോലെ എന്റെ കുഞ്ഞുങ്ങൾ ഈ ക്രൂരതകളും ലൈംഗികവൈകൃതങ്ങളും കണ്ടു രസിക്കാൻ മുതിരരുത്. ഓർക്കുക, ഒരിക്കൽ ആ നീരാളിപ്പിടിത്തത്തിൽപ്പെട്ടാൽ നിങ്ങൾക്കു രക്ഷപ്പെടാൻ എളുപ്പമല്ല. ആ സ്വഭാവത്തിൽ നിന്ന് നേരത്തേ ഒഴിയുകയാണ് വിവേകമുള്ള കുട്ടികൾ ചെയ്യേണ്ടത്. രക്ഷകർത്താക്കളും അധ്യാപകരും ഈ പ്രശ്നം ഗൗരവമായി കാണേണ്ടതാണ്. എന്റെ കുട്ടികൾ നന്നായിവരട്ടെ.

സ്നേഹത്തോടെ,
**സുഗതകുമാരി**

**ഇന്റർനെറ്റിലൂടെ എളുപ്പത്തിൽ ലഭ്യമാകുന്ന വിവരങ്ങളെക്കാൾ കുട്ടികളെ ഇപ്പോൾ ആകർഷിക്കുന്നത് അതിലൂടെയുള്ള ഉന്മത്ത വിനോദങ്ങളാണ്. അതിനീചമായ ലൈംഗിക വൈകൃതങ്ങളും അതിക്രൂരമായ പീഡനങ്ങളും കൊലപാതകങ്ങളും കുട്ടികൾ കാണുന്നു. അവരുടെ തലച്ചോറിനു തീ പിടിക്കുന്നു. ബ്ലൂവെയ്ൽ പോലുള്ള വിനോദത്തിൽ തുടങ്ങുന്ന ഭീകര നിർദേശങ്ങൾ കുട്ടികളെ ആത്മഹത്യയിലും ലഹരിയിലും ക്രിമിനൽ കുറ്റകൃത്യങ്ങളിലും മാനസികരോഗങ്ങളിലും കൊണ്ടുചെന്ന് എത്തിക്കുന്നു.**

കേരളം അതീവ ഭീകരമായ ഒരു കാലഘട്ടത്തിലൂടെ കടന്നുപോവുകയാണ്. മഴയും പുഴയും മലയുമെല്ലാം നമ്മുടെ നേർക്ക് സംഹാരഭാവത്തിൽ തിരിഞ്ഞിരിക്കുന്ന സമയം. മലവെള്ളപ്പാച്ചിലിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പാടുപെട്ടു പണിയെടുക്കുന്ന പട്ടാളക്കാരോടും ഫയർഫോഴ്സിനോടും ഇന്ത്യൻ നാവികസേനയോടും പോലീസുകാരോടും എല്ലാറ്റിനുമുപരി രാപകൽ കഷ്ടപ്പെട്ടു സഹായമെത്തിക്കുന്ന മത്സ്യത്തൊഴിലാളികളോടും നാട്ടിലെ സഹോദരങ്ങളോടും നമുക്കു നിറഞ്ഞ നന്ദി പറയാം. അവർക്കു ശക്തിപകരാൻ പ്രാർഥിക്കാം. പോരാ, നിങ്ങളുടെ കൊച്ചു കൈകൾ കൊണ്ട് കുറച്ചു നാണ്യങ്ങളെങ്കിലും ശേഖരിച്ച് ദുരിതബാധിതർക്ക് എത്തിച്ചുകൊടുക്കാം. അത് നമ്മുടെ കടമയാണ്. ഈശ്വരൻ നമ്മുടെയീ കൊച്ചുനാടിനെ രക്ഷിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

സ്നേഹത്തോടെ,
**സുഗതകുമാരി**





# മഴയിൽ മുങ്ങുന്ന കേരളം!

**ഡോ. കെ ജി താര**
സംസ്ഥാന ദുരന്തനിവാരണ സെന്റർ മുൻ മേധാവി

മഴ, ആർത്തിരമ്പിപ്പെയ്യുകയാണ്. ആഗസ്റ്റ് 18-ാം തീയതിവരെ ഈ വലിയ മഴ തുടരുമെന്നാണ് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം പറയുന്നത്. ഇപ്പോൾത്തന്നെ സംസ്ഥാനത്ത് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചുകഴിഞ്ഞു. റെഡ് അലർട്ടെന്നാൽ അതീവ ഗുരുതരാവസ്ഥയാണെന്നും ഒരു മണിക്കൂറിൽ 30 മില്ലീമീറ്ററിലധികം മഴപെയ്തുവെന്നുമാണ് അർഥം. ഈ സൂചന കിട്ടിയാൽ ഉടനടി സ്വയം രക്ഷാസങ്കേതങ്ങളിലേക്ക് മാറുകയോ അധികാരികളുടെ നിർദേശപ്രകാരം ചെന്നെത്തുകയോ ചെയ്യണം എന്നാണർഥം. താഴ്ന്ന പ്രദേശങ്ങളിൽ ഗുരുതരമായ വെള്ളപ്പൊക്കം സംഭവിക്കാൻ സാധ്യതയുള്ളപ്പോഴാണ് റെഡ് അലർട്ട് മുന്നറിയിപ്പ് പുറപ്പെടുവിക്കാറ്. നേരെമറിച്ച് ഓറഞ്ച് അലർട്ട് എന്നുപറഞ്ഞാൽ, ഒരു മണിക്കൂറിൽ 15നും 33 മില്ലീമീറ്ററിനും ഇടയിൽ മഴപെയ്തു എന്നും അടുത്ത രണ്ട് മണിക്കൂറിൽ ഇതേ മഴ തുടരുമെന്നുമാണ് അർഥം. ജനങ്ങൾ ജാഗ്രതയോടെയും വേണ്ടിവന്നാൽ

സുരക്ഷിതസ്ഥാനങ്ങളിലേക്ക് പോകാൻ തയ്യാറായും ഇരിക്കണമെന്നുമാണ് മനസ്സിലാക്കേണ്ടത്.

## 1 വൻദുരന്തം

കനത്തമഴയിൽ അണക്കെട്ടുകൾ നിറഞ്ഞുകവിഞ്ഞു. 35 അണക്കെട്ടുകളിൽ നിന്നും വെള്ളം തുറന്നുവിടേണ്ടിവന്നു. വൻ വെള്ളപ്പൊക്കത്തിൽ കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളം നിശ്ചലമായി. ആഗസ്റ്റ് 26-ാം തീയതി വരെ വിമാനത്താവളം അടച്ചിടും എന്നാണ് അധികാരികൾ അറിയിച്ചിരിക്കുന്നത്. ഏകദേശം 361 ഓളം ജീവനുകൾ പൊലിഞ്ഞു. എണ്ണമറ്റ മൃഗങ്ങൾ, നായ്ക്കൾ, പന്നികൾ, കോഴികൾ തുടങ്ങിയവ ചത്തൊടുങ്ങി. ആലുവ, പെരിയാർ, എറണാകുളം ഭാഗങ്ങളിൽ നിന്നും 31,000 പേരെയാണ് ദുരിതാശ്വാസകേന്ദ്രങ്ങളിലേക്ക് മാറ്റേണ്ടിവന്നതെന്ന് അധികൃതർ. പെരിയാറിന്റെ തീരത്തുനിന്നുമാത്രം നാലായിരം പേരെയാണ് ഒഴിപ്പിക്കേണ്ടിവന്നത്. ആഗസ്റ്റ് 13-ാംതീയതിവരെ മാത്രം 8316 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് സർക്കാർ വൃത്തങ്ങൾ പറയുന്നു.

## 2 എന്തെല്ലാം സംഭവിക്കാം?

കനത്തമഴയിൽ താഴെപ്പറയുന്ന ദുരന്തങ്ങൾ സംഭവിക്കാം.

1 വെള്ളപ്പൊക്കം

2 റോഡ്, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തകരാം.

3 മനുഷ്യരുടെയും മൃഗങ്ങളുടെയും മരണം, പരിക്കുകൾ.

4 ഇടിമിന്നൽ ദുരന്തങ്ങൾ

5 ഉരുൾപൊട്ടൽ

6 സാംക്രമികരോഗങ്ങൾ

7 മുങ്ങിമരണങ്ങൾ

8 കൃഷിനാശം

9 ഗതാഗതസ്തംഭനം

10 വാർത്താവിനിമയം തടസ്സപ്പെടൽ.

11 വൈദ്യുതാഘാതം

കേരളത്തിന്റെ 14.8% സ്ഥലം വെള്ളപ്പൊക്ക ഭീഷണിയുള്ളതാണെന്നാണ് പഠനങ്ങൾ പറയുന്നത്. 14 ജില്ലകളും വെള്ളപ്പൊക്ക സാധ്യതാപ്രദേശങ്ങളാണ്. ഇപ്പോൾ പെയ്ത മഴയിൽ ആയിരത്തിൽപ്പരം കിലോമീറ്റർ റോഡാണ് ഒലിച്ചുപോയത്. താഴ്ന്നപ്രദേശങ്ങൾ മാത്രമല്ല അണക്കെട്ടുകളിൽ കൊള്ളാത്ത വെള്ളം തുറന്നുവിടുമ്പോൾ ഉയരമുള്ള പ്രദേശങ്ങളും വെള്ളത്തിനടിയിലാകും. ചെറുതും വലുതുമായ 80 അണക്കെട്ടുകൾ കേരളത്തിലുണ്ട്. അതിൽ 78 ഉം ഇത്തവണ തുറന്ന് അധിക വെള്ളം ഒഴുക്കിക്കളയേണ്ടി വന്നു. ഇങ്ങനെ ഒഴുക്കിക്കളയുമ്പോൾ, നദികളുടെ തീരത്തുള്ളവർക്കും കൃഷിഭൂമിക്കും പറഞ്ഞറിയിക്കാൻ ആവാത്ത നഷ്ടം ഉണ്ടാകും. ഇനി, തുറന്നുവിട്ടില്ലെങ്കിലോ? സംഭരണശേഷി കവിഞ്ഞ് അണക്കെട്ടിൽ ശേഖരിക്കുന്ന വെള്ളം ചിലപ്പോൾ അണക്കെട്ടിനെത്തന്നെ തകർത്തുകളഞ്ഞേക്കാം. അത് ഇതിലും വലിയ ദുരന്തമാകും. ഇപ്പോഴത്തെ മഴയിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 1500 ൽപ്പരം വീടുകളിൽ വെള്ളംകയറി. അപ്പർ ഷോളയാർ അണക്കെട്ട് തുറന്നതിനെത്തുടർന്ന് ചാലക്കുടിപ്പുഴ കരകവിഞ്ഞൊഴുകുകയാണ്. ചാലക്കുടി ടൗൺ പൂർണമായും വെള്ളത്തിൽ മുങ്ങി.





**മഴക്കാലത്ത് പല ഉരുൾപൊട്ടലുകളും ഉണ്ടാകാൻ കാരണം ഇളകി നിൽക്കുന്നതും വിള്ളലുകൾ ഉള്ളതുമായ പാറകൾ വെള്ളം വീഴുമ്പോൾ താഴെ പതിക്കുന്നതാണ്.**

വെള്ളക്കെട്ടിൽ ഗതാഗതം പൂർണമായും സ്തംഭിച്ചത് ഈ മഴയിലും നമ്മൾ കണ്ടല്ലോ. മഴയും മണ്ണിടിച്ചിലും ഉരുൾപൊട്ടലും കാരണം എറണാകുളം, കോഴിക്കോട്, പാലക്കാട് ഭാഗത്തേക്കുള്ള എല്ലാ തീവണ്ടികളും റദ്ദാക്കി. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽവരെ വെള്ളംകയറി! ഇപ്പോൾ ഇവിടെനിന്ന് ഒരു വിമാനവും പറത്താൻ പറ്റാത്ത സ്ഥിതിയാണ്. ദൂരസ്ഥലങ്ങളിൽ, രാജ്യങ്ങളിൽ ഒക്കെ ജോലിയുള്ളവർ, തിരികെപോയില്ലെങ്കിൽ ജോലി നഷ്ടപ്പെടുന്നവർ... അങ്ങനെ എത്രയെത്ര പേരുണ്ടാവും!

എല്ലാ മഴക്കാലത്തും ഉണ്ടാകുന്നതാണ് മുങ്ങിമരണങ്ങൾ. സംസ്ഥാനത്ത് ഓരോ കൊല്ലവും ഏകദേശം 1649 പേർ മുങ്ങിമരിക്കുന്നുവെന്നാണ് കണക്ക്. കൂടുതൽ മരിക്കുന്നത് സ്ത്രീകളും പെൺകുട്ടികളുമാണ്. ചുരിദാറിന്റെ ഷോൾ, നീളമുള്ള തലമുടി, കാലുകളെ കുരുക്കിക്കളയുന്ന സാരി, അടിപ്പാവാട ഇവയൊക്കെ നീന്തുന്നതിന് തടസ്സമാകും. രക്ഷാപ്രവർത്തനത്തിന് പ്രത്യേക പരിശീലനം കിട്ടിയ ആൾ മാത്രമേ വെള്ളത്തിലിറങ്ങാവൂ എന്നതാണ് ഓർക്കേണ്ടത്. ഈ പരിശീലനം കിട്ടാത്ത ഒരാൾ വെള്ളത്തിൽ മുങ്ങിത്താഴുന്ന കൂട്ടുകാരനെ രക്ഷിക്കാനിറങ്ങിയാൽ അവരും അപകടത്തിൽപ്പെടും. നീളമുള്ള വടിയോ കയറോ പൊങ്ങിക്കിടക്കാൻ പറ്റുന്ന വിധത്തിലുള്ള ടയർ, ട്യൂബ് എന്നിവയോ ഒരു കയറിൽക്കെട്ടി എറിഞ്ഞുകൊടുക്കുന്നതാണ് അതിലും ഉത്തമം.

മഴക്കാലത്ത് പല ഉരുൾപൊട്ടലുകളും ഉണ്ടാകാൻ കാരണം, ഇളകി നിൽക്കുന്നതും വിള്ളലുകൾ ഉള്ളതുമായ പാറകൾ വെള്ളം വീഴുമ്പോൾ താഴെപ്പതിക്കുന്നതാണ്. ഇപ്പോഴത്തെ മഴയിൽ പാലക്കാട്നെന്മാറ, അരുവിക്കോട്, മലപ്പുറം ചെറുകാവ്, തൃശ്ശൂർ കുറാഞ്ചേരി എന്നിവിടങ്ങളിൽ ഉരുൾപ്പൊട്ടി 35 ഓളം പേർ മരിക്കുകയുണ്ടായി.

### 3 എങ്ങനെ നേരിടണം?

വെള്ളപ്പൊക്കം ഉൾപ്പെടെ ഓരോ ദുരന്തത്തിനും മൂന്നുതരം തയ്യാറെടുപ്പുകളാണ് നടത്തേണ്ടത്.

1 ദുരന്തത്തിന് മുമ്പ്
2 ദുരന്തസമയത്ത്
3 ദുരന്തശേഷം

## ദുരന്തത്തിനുമുമ്പ് ചെയ്യേണ്ട കാര്യങ്ങൾ

❖ അവനവൻ താമസിക്കുന്ന സ്ഥലത്ത് എത്രവെള്ളം പൊങ്ങും എന്നും എത്ര സ്ഥലം വെള്ളത്തിനടിയിലാവാൻ സാധ്യതയുണ്ടെന്നും അറിയാൻ ശ്രമിക്കണം.

❖ വീടിനകത്തും സമീപപ്രദേശങ്ങളിലും സുരക്ഷിതമായി ഇരിക്കാൻ പറ്റുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് ദുരന്തത്തിനു മുമ്പ് അധികാരികളോട് ചോദിച്ച് നേരത്തെ തിരിച്ചറിഞ്ഞുവയ്ക്കുക.

❖ വെള്ളം കയറിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ വീടുകളിലെ ഗ്യാസ് സിലിണ്ടറുകൾ ഓഫാക്കുന്നതും നല്ലതാണ്.

❖ ഇലക്ട്രിക് ഉപകരണങ്ങൾ സ്വിച്ചിൽ നിന്നും ഊരിയിടണം. വെള്ളപ്പൊക്കം കഴിയുമ്പോൾ അവ തിരികെ കുത്തി ഉപയോഗിക്കുന്ന

തിനുമുമ്പ് ഒരു ഇലക്ട്രീഷ്യന്റെ സഹായത്തോടെ ഷോർട് സർക്യൂട്ട് ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

❖ വെള്ളത്തിന്റെ മെയിൻവാൽവ് അടച്ചിടണം. അതിനുമുമ്പ് കുടിക്കാനും പാചകം ചെയ്യാനുമുള്ള വെള്ളം ശേഖരിച്ചുവയ്ക്കണം.

❖ ഫർണിച്ചറും വിലപിടിപ്പുള്ള മറ്റ് ഉപകരണങ്ങളും വെള്ളം കയറാനിടയില്ലാത്ത സ്ഥലങ്ങളിൽ കഴിവതും പ്ലാസ്റ്റിക് കവറുകളിൽപ്പൊതിഞ്ഞ് എടുത്തുവയ്ക്കണം.

❖ മൊബൈൽഫോൺ, ടോർച്ച് എന്നിവ ചാർജ് ചെയ്ത് സൂക്ഷിച്ചുവയ്ക്കുക.

## വെള്ളപ്പൊക്ക സമയത്ത്

❖ അധികാരികളുടെ മുന്നറിയിപ്പുകൾക്കായി ടി വി, റേഡിയോ എന്നിവ ശ്രദ്ധിക്കുക.

❖ വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ സഹായിക്കുന്ന അലുമിനിയം വാർപ്പ്, പ്ലാസ്റ്റിക്കിന്റെ വലിയ മണ്ണെണ്ണ ടിൻ, തടി അഥവാ പലകകൾ കൂട്ടിക്കെട്ടിയുണ്ടാക്കിയ വലിയചങ്ങാടം എന്നിവ അടുത്തുതന്നെ സൂക്ഷിക്കണം.

❖ കാഴ്ചകാണാനും മൊബൈലിൽ ചിത്രങ്ങൾ എടുക്കാനുമായി ഒരു കാരണവശാലും അപകടമുള്ള അണക്കെട്ടുകൾ, നദികൾ, കലുങ്കുകൾ, വെള്ളം കുത്തിയൊലിച്ചുവരുന്ന ഓടകൾ എന്നിവയുടെ അടുത്ത് പോകരുത്.

❖ കെട്ടിക്കിടക്കുന്ന വെള്ളത്തിലൂടെ നടക്കേണ്ടിവന്നാൽ നീളമുള്ള വടികൊണ്ടോ കാലുകൊണ്ടോ കുഴികൾ ഇല്ലെന്ന് ഉറപ്പുവരുത്തണം. 2005 ൽ മുംബൈ നഗരത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ റോഡിലൂടെ നടന്നുപോയ ഒരുപാടുപേർ മൂടി തുറന്നുവച്ചിരുന്ന മാൻഹോളിനുള്ളിൽ വീണ് മരിച്ചുപോയത് ഓർമയിലുണ്ടാവണം.

❖ ഒഴുകുന്ന വെള്ളത്തിലൂടെ നിവൃത്തിയുണ്ടെങ്കിൽ നടക്കാതിരിക്കുക. 6 ഇഞ്ച് ഒഴുകുന്ന വെള്ളത്തിന് നിങ്ങളെ മറിച്ചിടാനാവും. 12 ഇഞ്ച് ഒഴുകുന്ന വെള്ളത്തിന് ചെറിയ കാറുകളെ ഒഴുക്കിക്കൊണ്ടുപോകാനുള്ള ശക്തിയുണ്ട്. 2 അടി പ്പൊക്കത്തിൽ ഒഴുകുന്ന വെള്ളം ഒരു വലിയ

### അത്യാവശ്യം വിളിക്കേണ്ട ഫോൺനമ്പറുകൾ

- എമർജൻസി ദുരന്ത നിവാരണം (108),
- പൊലീസ് (100),
- അഗ്നിശമനസേന (101),
- ആംബുലൻസ് (9188 100 100)
- ജില്ല എമർജൻസി കൺട്രോൾ റൂം (1077)മുൻപ് എസ് ടി ഡി കോഡ് ചേർക്കുക,
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (1070)

തുടങ്ങിയവയൊക്കെ എഴുതി സൂക്ഷിച്ചു വയ്ക്കണം.





ട്രക്കിനെപ്പോലും ഒഴുക്കിക്കൊണ്ടുപോകാം.

❖ തറ നനഞ്ഞുകിടക്കുകയാണെങ്കിൽ അതിൽ ചവിട്ടിനിന്നുകൊണ്ട് ടി വി പോലെയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കരുത്.

❖ വാക്വം ക്ലീനറുകൾ ഉപയോഗിച്ച് കെട്ടിക്കിടക്കുന്ന വെള്ളം കളയാൻ ഒരു കാരണവശാലും ശ്രമിക്കരുത്.

❖ ഒഴുകുന്ന വെള്ളത്തിൽ കുതിർന്ന അരി, മറ്റ് പലചരക്കു സാധനങ്ങൾ എന്നിവ ഒരു കാരണവശാലും പിന്നീട് ഉപയോഗിക്കരുത്. പലവിധ രാസവസ്തുക്കളും കലർന്ന വെള്ളമായതുകൊണ്ട് എത്ര കഴുകിയാലും ഈ വിഷാംശങ്ങൾ പൂർണമായും പോകില്ല.

❖ തനിയേ അടയുന്ന ജനൽച്ചില്ലകളും, ഡോറും ഉള്ള വാഹനങ്ങളിൽ (സെൻട്രൽ ലോക്കിങ് സിസ്റ്റം) ഇരിക്കുന്നവർ ആ സംവിധാനം അണച്ചുവയ്ക്കുക.

❖ കാറിന്റെ പകുതിയിലേറെ വെള്ളം കയറുകയാണെങ്കിൽ, ഡോർ തുറന്ന് കാറിന്റെ മുകളിലേക്കോ ഉയരമുള്ള സ്ഥലങ്ങളിലേക്കോ രക്ഷപ്പെടാൻ നോക്കണം.

❖ എക്സോസ്റ്റ് പൈപ്പ് മൂടുംവിധം വെള്ളമുള്ള സ്ഥലത്ത് ജനലുകൾ അടച്ചിട്ട് എ സി ഓൺ ചെയ്ത് കാർ ഓടിക്കുകയാണെങ്കിൽ അതിൽ കാർബൺമോണോക്സൈഡ് നിറഞ്ഞ് മരണപ്പെടാൻ സാധ്യതയുണ്ട്. 2005 ലെ മുംബൈ വെള്ളപ്പൊക്കത്തിൽ ട്രാഫിക് കുരുക്കിൽപ്പെട്ടുപോയ പലരും ഇങ്ങനെ മരിച്ചുപോയത്രേ.

❖ വളർത്തുമൃഗങ്ങളെയും പക്ഷികളെയും സുരക്ഷിതസ്ഥാനത്ത് മാറ്റണം.

## വെള്ളപ്പൊക്കത്തിനുശേഷം

❖ കെട്ടിനിൽക്കുന്ന വെള്ളത്തിൽ കളിക്കാൻ ഒരിക്കലും ശ്രമിക്കരുത്.

❖ വെള്ളം ഒഴുക്കിക്കൊണ്ടുവന്ന കുപ്പിച്ചില്ലുകൾ, മൂർച്ചയുള്ള സാധനങ്ങൾ എന്നിവ തറയിലുണ്ടാവാമെന്നതുകൊണ്ട് ശ്രദ്ധാപൂർവം നടക്കുക.

❖ പാലത്തിൽ കയറുന്നതിനുമുമ്പ് ഉറപ്പുണ്ടോയെന്ന് നോക്കുന്നത് നല്ലതാണ്.

❖ പടികളിലും മുറ്റത്തും വന്നടിഞ്ഞ ചളിയിൽ കാലുകൾ തെന്നി പരിക്കുകൾ പറ്റാൻ സാധ്യതയുണ്ട്.

❖ പതിനഞ്ചു മിനിറ്റെങ്കിലും തിളപ്പിച്ചശേഷം മാത്രമേ വെള്ളം കുടിക്കാൻ ഉപയോഗിക്കാവൂ.

❖ പൈപ്പിലൂടെ വരുന്ന വെള്ളം ശുദ്ധിയുള്ളതാണോ എന്ന് നിർബന്ധമായും പരിശോധിക്കണം.

❖ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുകളും മറ്റും പെറ്റുപെരുകുന്നതിനാൽ മലേറിയ, ഡെങ്കു തുടങ്ങിയ സാംക്രമികരോഗങ്ങൾ പടരാൻ സാധ്യതയുണ്ടെന്ന് ഓർമവേണം.

❖ വയറിളക്കമോ പനിയോ വന്നാൽ ഡോക്ടറെ ഉടനടി കാണിക്കണം.

## എന്തുകൊണ്ട് ഇത്രയും വലിയ വെള്ളപ്പൊക്കം?

കാലാവസ്ഥ മാറിവരുന്നു എന്നത് ശരിയാണ്. പണ്ട് പെയ്യുന്നപോലെയല്ല ഇപ്പോഴത്തെ മഴ. കുറേക്കൂടി വലിയമഴത്തുള്ളികൾ. പിന്നെ, ചെറിയ കാലയളവിൽ ഒരുപാട് മഴപെയ്യുന്ന ഒരു രീതിയും. പക്ഷേ, ആകെ പെയ്യുന്ന മഴയുടെ അളവ് നോക്കിയാൽ, പണ്ട് പെയ്യുന്ന അത്രയും മഴ ഇപ്പോൾ പെയ്യാറില്ല. ഓരോ കൊല്ലവും 2.5 മില്ലീ മീറ്റർ മഴ കുറഞ്ഞുവരികയും ആണ്. എന്നിട്ടും, പണ്ട് കാണാത്തത്രയും വെള്ളപ്പൊക്കം എന്തുകൊണ്ട് ഉണ്ടായി എന്നതാണ് ചോദ്യം.

### 1 എല്ലായിടത്തും വീടുകൾ

കേരളത്തിൽ എവിടെത്തിരിഞ്ഞുനോക്കിയാലും വീടുകളാണ്. വീടുവയ്ക്കുമ്പോൾ, കോൺക്രീറ്റുകൊണ്ടുള്ള അടിത്തറ കെട്ടണം. അത്രയും സ്ഥലത്ത് മഴവെള്ളത്തിന് താഴ്ന്നു പോകാൻ പറ്റാതാവും. ഈ അധികമുള്ള വെള്ളം, താഴ്ന്ന സ്ഥലങ്ങളിലും മറ്റും വെള്ളപ്പൊക്കമായി കടന്നുവരും.

### 2. കോൺക്രീറ്റുചെയ്ത മുറ്റങ്ങൾ, ടൈൽസിട്ട നടപ്പാതകൾ

കാലിൽ ചളി പുരളുന്നത് ആർക്കും ഇഷ്ടമല്ല. വീടുകളുടെ മുറ്റങ്ങൾ കോൺക്രീറ്റും ടൈൽസുമൊക്കെ ഇട്ട് ഭംഗിയാക്കുമ്പോൾ നമ്മൾ ഓർക്കുന്നില്ല, മഴവെള്ളത്തിന് മണ്ണിനടിയിലേക്ക് പോകാനുള്ള വഴി നമ്മൾ അടച്ചു കളയുകയാണെന്ന്. ഇന്റർലോക്കിങ് ടൈൽസിട്ടാൽ കുഴപ്പമില്ലായെന്ന ഒരു തെറ്റിദ്ധാരണ ചിലർക്കെങ്കിലും ഉണ്ട്. അത് ശരിയല്ല. ടൈൽസിനിടയിൽ കൊടുത്തിരിക്കുന്ന ചെറിയ ഭാഗത്തുകൂടി ഇറങ്ങാൻ കഴിയുന്ന മഴവെള്ളത്തിന്റെ അളവ് വളരെ കുറവാണെന്ന് ഓർക്കണം. മുറ്റത്തുള്ള കോൺക്രീറ്റും ടൈൽസും പൊളിച്ചുകളഞ്ഞ് പുല്ലുവച്ച് പിടിപ്പിക്കൂ. കാണാനും ഭംഗിയുണ്ടാകും. വെള്ളപ്പൊക്കത്തിനും മറ്റുള്ളവരുടെ മരണത്തിനും നമ്മൾ കാരണമായില്ലല്ലോ എന്ന ആശ്വാസവും ഉണ്ടാകും.

### 3 മഴക്കുഴികൾ ഉണ്ടാക്കിക്കൂടെ?

ഓരോ വീട്ടിലും സ്കൂളിലും ഓഫീസിലും മഴക്കുഴികൾ ഉണ്ടാക്കാം. അതതുപ്രദേശത്തെ ഭൂമിയുടെ ചരിവ് നോക്കി വെള്ളം ഒഴുകി വന്നുചേരാൻ സാധ്യതയുള്ള ഭാഗത്തുവേണം മഴക്കുഴികൾ നിർമിക്കാൻ. പെയ്യുന്ന മഴയുടെ നല്ലൊരു ഭാഗം ഇത്തരം





കുഴികളിൽ നിറയും. അത് പതുക്കെ മണ്ണിനടിയിലേക്ക് ആഴ്ന്നിറങ്ങും. ഈ വെള്ളമാണ് ഭൂഗർഭജലമായി നമ്മുടെ കിണറുകളിലും മറ്റും നിറയുന്നത്.

### 4 പെയ്യുന്ന മഴ കരുതിവയ്ക്കാം

പെയ്യുന്ന മഴയുടെ പകുതിയും നഷ്ടപ്പെട്ടു പോവുകയാണ്. ഈ വെള്ളം മേൽക്കൂരയിലും ടെറസ്സിലുമൊക്കെ സംഭരിച്ചുവയ്ക്കാൻ സാധിച്ചാൽ റോഡിലേക്ക് ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കുറയും. ഓരോ വീട്ടിലും മഴവെള്ള സംഭരണികൾ ഉണ്ടാക്കിയാൽ ഈ വെള്ളം കുടിക്കാനും കുളിക്കാനും നനയ്ക്കാനും ഒക്കെ ഉപയോഗിക്കാം. സാങ്കേതികമായ മാർഗനിർദേശങ്ങൾക്ക് അനർട്ട് എന്ന സ്ഥാപനവുമായി ബന്ധപ്പെടാവുന്നതാണ്.

### 5 ഒരാൾക്ക് ഒരു വീട്. അതും ചെറിയ വീട്

ഓരോ വീട് കെട്ടുമ്പോഴും അത്രയും സ്ഥലം ഭൂമിയിൽ കോൺക്രീറ്റ് ചെയ്യപ്പെടുകയാണ്. മഴവെള്ളം താഴ്ന്നു പോകാതെ റോഡിലേക്കും മറ്റും ഒഴുകിവരാൻ ഒരു കാരണം വീടുകളുടെ എണ്ണത്തിലുള്ള വർധനവാണ്. ഒരാൾക്ക് ഒരു വീട് എന്ന സങ്കൽപ്പം നടപ്പിലാക്കിയാൽ കുറേ ഭൂമി ഒഴിഞ്ഞു കിടക്കും. വലിയ വീടുകൾ നമുക്ക് എന്തിനാണ്? താമസിക്കാൻ അത്യാവശ്യം വേണ്ട മുറികൾ മതി എന്നു കരുതിയാൽ ഇനി വരുന്ന ദുരന്തങ്ങളിൽ നിന്നും കുറെയേറെ നമുക്ക് രക്ഷപ്പെടാം. കേരളത്തിൽ 11 ലക്ഷത്തോളം വീടുകളാണ് ആൾതാമസമില്ലാതെ അടച്ചുപൂട്ടി കിടക്കുന്നത് എന്നോർക്കുമ്പോൾ തീർച്ചയായും ഈ അനാവശ്യ ആഡംബരം ഒഴിവാക്കാനാകും.





### 6 പ്ലാസ്റ്റിക്കും വെള്ളപ്പൊക്കവും തമ്മിൽ എന്തു ബന്ധം?

പ്ലാസ്റ്റിക്കുകളും ഉപയോഗശൂന്യമായ വസ്തുക്കളും ഓടകളിൽ ഇടുന്ന ഒരു സംസ്കാരം മിക്ക മലയാളികൾക്കുമുണ്ട്. ഓടകളുടെ സംഭരണശേഷി കുറയാൻ ഇതു കാരണമാകും. ഓടകളിൽ കൊള്ളാതെ വരുന്ന വെള്ളം റോഡിലൂടെ ഒഴുകി നമ്മുടെ വീടുകളിലും പറമ്പുകളിലും കടന്നുവരും. അലക്ഷ്യമായി മണ്ണിൽ ഇടുന്ന പ്ലാസ്റ്റിക് സഞ്ചികളും മണ്ണിന്റെ ജലം വലിച്ചെടുക്കാനുള്ള ശേഷി വല്ലാതെ കുറയ്ക്കും. അതുകൊണ്ട് പ്ലാസ്റ്റിക് കുറച്ചാൽ വെള്ളപ്പൊക്കവും കുറയ്ക്കാം.



## 7 മരം മുറിക്കലും പാറ പൊട്ടിക്കലും

ഓരോ മരവും ഓരോ ചെറിയ ചെടിയും അതിന്റെ വേരുകൾ കൊണ്ട് മൺതരികളെ ബന്ധിപ്പിച്ചു നിറുത്തുന്നുണ്ട്. ഓരോ ചെടിക്കും അതിന്റെ ശരീര ഭാരത്തിന്റെ 96 ഇരട്ടിയോളം വെള്ളം സംഭരിച്ചു നിറുത്താനുമാകും. മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഈ മണ്ണും ശേഖരിച്ചു വച്ചിരുന്ന വെള്ളവും താഴേക്ക് ഒഴുകിവരും. നദിക്കു കുറുകേ ആണല്ലോ നമ്മൾ അണക്കെട്ട് കെട്ടുന്നത്. ഈ അണക്കെട്ടുകളിൽ, ഒഴുകിവരുന്ന അധിക ജലവും മണലും നിറയും. ഇങ്ങനെ അടിയുന്ന മണ്ണ് കാരണം അണക്കെട്ടിൽ റിസർവോയറുകളിൽ സംഭരിക്കാൻ കഴിയുന്ന വെള്ളത്തിന്റെ അളവ് കുറയും. ചെറിയമഴ പെയ്യുമ്പോൾത്തന്നെ അണക്കെട്ട് നിറഞ്ഞുകവിയും. അണക്കെട്ടുകൾ പൊട്ടിത്തകരാതിരിക്കാൻ ഷട്ടറുകൾ ഉയർത്തേണ്ടി വരുന്നത് വലിയ വെള്ളപ്പൊക്കത്തിനു കാരണമാകും. പാറ പൊട്ടിക്കുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനങ്ങൾ മണ്ണിന്റെ സന്തുലിതാവസ്ഥ മാറ്റിമറിക്കും. ചരിവു കൂടിയ ഭാഗങ്ങളിൽ പാറ പൊട്ടിക്കുന്നത് ഉരുൾപ്പൊട്ടൽ ഉണ്ടാക്കാനിടയാവും.

## 8 പാടങ്ങൾ, കുളങ്ങൾ, വനങ്ങൾ

ഒരു ഹെക്ടർ പാടത്തിന് 3000 ലിറ്റർ വെള്ളം വരെ ഭൂമിക്കടിയിൽ സംഭരിച്ചു നിർത്താൻ കഴിയും. ഒരു ചതുരശ്ര കിലോ മീറ്റർ വനമാകട്ടെ 30,000 ക്യൂബിക് മീറ്റർ വെള്ളം മണ്ണിനടിയിൽ തടഞ്ഞുനിർത്തും. ഈ പാടങ്ങൾ നികത്തി കെട്ടിടവും മറ്റും നിർമിക്കുമ്പോൾ അത്രയും വെള്ളം റോഡിലേക്കും മറ്റും ഒലിച്ചിറങ്ങും. ഇതു മനസ്സിലാക്കാതെയാണ് പലരും നിലം നികത്തി വീടു വയ്ക്കുന്നത്. നമുക്ക് 45,000 കുളങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ഭൂരിഭാഗവും നികത്തി. ഷോപ്പിംഗ് കോംപ്ലക്സുകളും വീടുകളും മാളികകളും പണിതപ്പോൾ മറന്നുപോയ കാര്യമാണ് ഇപ്പോഴത്തെ വെള്ളപ്പൊക്കം നമ്മെ ഓർമിപ്പിച്ചത്.

## 9 നദികളെ വെറുതെ വിടണം

നദികളുടെ ഇരുകരകളിലും ഉള്ള ഭൂമി (100മീറ്റർ) നദികൾക്ക് അവകാശപ്പെട്ടതാണ്. ഇവിടം കൈയടക്കി വീടുകളും റിസോർട്ടുകളും വയ്ക്കുമ്പോൾ പരന്നൊഴുകാനുള്ള കഴിവ് നദികൾക്ക് നഷ്ടപ്പെടും. ചെറിയ



ചാലുകളിലൂടെ വെള്ളം കുത്തിയൊലിച്ചു പായുമ്പോൾ നദി, കൂടുതൽ മണ്ണ് ആഴത്തിൽ കുഴിച്ചെടുക്കും. നദികളുടെ ആഴം കൂടുമ്പോൾ വെള്ളപ്പൊക്ക സാധ്യതയും കൂടും. മലയുടെ മുകളിൽ നിന്നും ഉത്ഭവിക്കുന്ന നദികൾ അവിടെനിന്ന് പാറകൾ പൊടിച്ചും മറ്റും ഒഴുക്കിക്കൊണ്ടുവരുന്നതാണ് മണൽത്തരികൾ. നദി ഒഴുകുന്ന ചാലുകളിൽ ഈ മണലുണ്ടെങ്കിലേ നദികളിലുള്ള വെള്ളത്തിന്റെ 1/3 ഭാഗം താഴേക്ക് താഴുകയുള്ളൂ. മണ്ണിനടിയിലേക്ക് താഴുന്ന ഈ വെള്ളമാണ് ഭൂഗർഭജലമായി കിണറുകളിലും മറ്റും നിറയുന്നത്. വേനൽക്കാലത്ത് നദികൾ ഒഴുകുന്നത് മഴപെയ്തിട്ടല്ല. മണ്ണിനടിയിലെ ഭൂഗർഭ ജലത്തിന്റെ ഒരുപങ്ക് അത് നദികൾക്ക് തിരിച്ചുകൊടുക്കുന്നതുകൊണ്ടാണ് ഉണക്കുകാലത്തും നദികൾ ഒഴുകുന്നത്. നദികളിലെ മണൽ വാരിയെടുക്കുമ്പോൾ ഇക്കാര്യങ്ങൾ കൂടി നമ്മുടെ ഓർമയിൽ വന്നോട്ടെ.

ചില പെരുമാറ്റച്ചട്ടങ്ങൾക്കൂടി പറയാം. അണക്കെട്ടിന്റെ ഷട്ടർ തുറക്കുമ്പോൾ സെൽഫിയെടുത്തും ആർത്തുവിളിച്ചും മുങ്ങിപ്പോയ ട്രാൻസ്പോർട്ട് ബസ്സിന്റെ മുകളിൽക്കയറി താഴേക്കുചാടിയും വീര്യംകാട്ടിയ യുവാക്കളും ഒഴുകിമറിയുന്ന നദികൾ കാണാൻ പാലങ്ങളിലും മറ്റും തടിച്ചുകൂടിയ ആൾക്കാരും ഒരു കാലത്തും നമ്മുടെ മാതൃകകളാകരുത്. അയൽപക്കത്തെ വയസ്സായവരെയും കുഞ്ഞുങ്ങളെയും രക്ഷിക്കാനുള്ള ഉത്തരവാദിത്വം കൂടി നമ്മൾക്ക് ഉണ്ടെന്ന് ഓർക്കണം. ഇൻഷ്വറൻസ് തുക കിട്ടാൻ പശുക്കളെയും ആടുകളെയും അഴിച്ചുവിടാതെ പൊങ്ങിക്കയറുന്ന വെള്ളത്തിൽ തന്നെ കെട്ടിയിട്ട പ്രവൃത്തിയും ദുഷ്ടത്തരം തന്നെ. പറയാൻ വിട്ടുപോയ ഒരുകാര്യമുണ്ട്. രക്ഷാപ്രവർത്തനത്തിന് വിളിക്കേണ്ട നമ്പറിലേക്ക് എല്ലാവരും ഒരേ സമയം വിളിക്കുമ്പോൾ ആ ലൈനുകൾ സ്തംഭിച്ചുപോയേക്കാം. അതുകൊണ്ട് ഇത്തരം സന്ദർഭങ്ങളിൽ എസ് എം എസ് അയക്കുകയും അടിയന്തിര സാഹചര്യങ്ങളിൽ മാത്രം സംസാരിക്കുകയും ചെയ്യുക എന്നതാണ് ചെയ്യേണ്ടത്.

സർവനാശം വിതച്ച് ആർത്തുപെയ്ത മഴ, മനുഷ്യൻ പരിസ്ഥിതിയോടു ചെയ്ത എല്ലാ ക്രൂരതകൾക്കും പ്രകൃതി നൽകിയ മറുപടിയാണ്. എല്ലാ സങ്കടങ്ങൾക്കും നടുവിൽ ആശ്വാസം നൽകുന്ന ചില കാഴ്ചകളും കണ്ടു. വേണ്ടത്ര രക്ഷാ ഉപകരണങ്ങൾ ഇല്ലാതെ രാവും പകലും പ്രവർത്തിച്ച അഗ്നിശമനസേന, പൊലീസ്, റവന്യൂ അധികാരികൾ, മത്സ്യത്തൊഴിലാളികൾ, സുഖമില്ലാത്ത കുഞ്ഞിനെ മാറത്തടക്കി, വെള്ളം കയറിക്കൊണ്ടിരിക്കുന്ന പാലത്തിനുമുകളിലൂടെ ഓടിയ രക്ഷാപ്രവർത്തകൻ, വെള്ളം തുറന്നുവിട്ടപ്പോൾ അക്കരെ കുടുങ്ങിയ ഒരു ആനയെ രക്ഷിക്കാൻ പെരിങ്ങൽക്കുത്തു ഡാമിന്റെ ഷട്ടർ അൽപ്പനേരം അടച്ചുവച്ച സംഭവം, വിൽക്കാൻ കൊണ്ടുവന്ന കമ്പിളിപ്പുതപ്പുകൾ ദുരിതാശ്വാസ കേന്ദ്രത്തിലേക്ക് സംഭാവന ചെയ്ത വിഷ്ണു എന്ന പാവം നാടോടി കച്ചവടക്കാരൻ...


അതെ, പ്രതീക്ഷയുടെ നാമ്പുകൾ നിരവധിയാണ്. അതുമാത്രമാണ് ഏക സമാധാനം.



*(ഉറവിടമറിയാത്ത വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമായ ചിത്രങ്ങളാണ് ലേഖനത്തിൽ ചേർത്തിരിക്കുന്നത്.)*

# നിശാപ്രാർഥന

മഹാകവി കുമാരനാശാൻ



വര: അശ അർ

വിളയാടിയ കുട്ടി തള്ളയെ
ത്തളരുമ്പോൾ തിരയുന്നു ദൈവമേ,
പല വൃത്തികളാൽ വലഞ്ഞു നിൻ
നില നോക്കുന്നിതു രാവിൽ ഞാനുമേ,

ഉടലിൽ ക്രിയ നിൽക്കുമെന്നെയി-
ങ്ങുടനേയിന്ദ്രിയമുള്ളവും വിഭോ
വെടിയും- പൊഴിയുന്ന പൂ നില-
ത്തടിയുംപോലണയും ഭവാനിൽ ഞാൻ.

ഘൃണയോടുമിരുട്ടിൽ നിൽക്കണേ,
തുണയായങ്ങ, വിടത്തെ വേഴ്ചയാൽ
ഉണരാകണമേ നടേതിലും
ഗുണവാനായ് ജഗദീശ, നാളെ ഞാൻ.

ജഗതിക്കു സമൃദ്ധി കൂടണം
ഭഗവൻ, ത്വൽകൃപയെന്നിൽ വായ്ക്കണം
അഘമൊക്കെയകന്നുദിക്കണം
സുഖമിങ്ങെന്റെ വിരോധികൾക്കുമേ.

ഒരു ദീപവുമിന്ദുവും സ്ഫുരി-
പ്പൊരു നക്ഷത്രവുമൊന്നുമെന്നിയേ
ഇരുൾമേലിരുളാം സുഷുപ്തിയിൽ
ശരണം ചിന്മയ ദേവ ദേവ നീ!

# ഒടുക്കം അവശേഷിച്ചത്...

**റോസ്മേരി**

സമയം ഏതാണ്ട് ഉച്ചയോട് അടുത്തിരിക്കുന്നു. ചിങ്ങവെയിലിൽ കുളിച്ചു നിൽക്കുകയാണ് പിന്നാമ്പുറത്തെ ചെറിയ തോപ്പ്. ഇലത്തുമ്പുകളും തെങ്ങോലത്തലപ്പുകളും വെയിൽത്തട്ടി തിളങ്ങുന്നു.

ഓണം പൂക്കളുടെയും കൂടി ആഘോഷകാലമാണല്ലോ. അതോർമിപ്പിക്കാനെന്നോണം പൂത്തുലഞ്ഞു നിൽക്കുന്ന രാജമല്ലിയും പന്തീരടിയും ചുവന്ന നാടൻ ചെമ്പരത്തിയും.

താഴേക്കു നോക്കിയാൽ നിലംപറ്റി വളർന്നുനിൽക്കുന്ന ഇളം വയലറ്റ് കാക്കപ്പൂവുകൾ. പിന്നെ മഞ്ഞയും പിങ്കും വെള്ളയും നിറമുള്ള കൊച്ചു പേരറിയാപ്പൂവുകൾ. അവയെ കാണാൻ എന്തൊരു ശേല്. പുൽപ്പടർപ്പിൽ കുടുങ്ങിപ്പോയ കുഞ്ഞു നക്ഷത്രങ്ങൾ!

ഞാൻ ജനിച്ചുവളർന്ന



വര:സചീന്ദ്രൻ കാറഡുക്ക

കാഞ്ഞിരപ്പള്ളിയിലെ പാറത്തോട് എന്ന ഗ്രാമപ്രദേശം. മലഞ്ചെരിവിലെ എന്റെ വീട്. ചുറ്റും നാനാജാതി മരങ്ങളും ഫലവൃക്ഷങ്ങളും. കണ്ണെത്താദൂരത്തോളമങ്ങനെ നിരനിരയായ് നിലകൊള്ളുന്ന റബ്ബർ മരക്കാടുകൾ.

ഇടയ്ക്ക് പാറക്കൂട്ടങ്ങൾ. ചെറിയ കൈത്തോടുകൾ. അവയിൽ തെന്നിക്കളിക്കുന്ന വെളിഞ്ഞിലുകൾ, മണലാരകന്മാർ, വാൽമാക്രികൾ. ചേച്ചിമാർ സ്കൂളിലേക്കും അമ്മ വീടിന്റെ നാനാതരം തിരക്കുകളിലേക്കും പൊയ്ക്കഴിഞ്ഞാൽ ഞാൻ മിക്കപ്പോഴും ഒറ്റയ്ക്കായിരുന്നു.

അപ്പോഴാണ്, അന്തമില്ലാത്ത വിസ്മയങ്ങളും കാത്തുവച്ച് പുറംലോകം എന്നെ കൈമാടി വിളിക്കുന്നത്. അതു കേൾക്കേണ്ടതാമസം കാടും മേടും അസംഖ്യം പ്രാണിജന്മങ്ങളും നിറഞ്ഞ ആ നിഗൂഢതയിലേക്ക് ഞാനങ്ങു മുഴുകുകയായ്. രാവന്തിയോളം... ഞാനവിടെങ്ങും ചുറ്റിത്തിരിഞ്ഞു. കുഴിയാനക്കൂട്ടങ്ങളെ വേട്ടയാടിയും മിന്നാമിനുങ്ങുകളുടെ പകൽസങ്കേതങ്ങൾ തിരഞ്ഞും എത്രയോ വിനാഴികകൾ...

അന്നും ചിങ്ങത്തിന്റെ കാലൊച്ച കേൾക്കുന്ന മാത്രയിൽ സസ്യജാലങ്ങളൊക്കെയും പൂ വാരിച്ചൂടുകയായി. പറമ്പും പാടവും തോട്ടിറമ്പുമെല്ലാം പൂക്കളാൽ അലംകൃതമാവുന്നു. കയ്യാലമാട്ടയിൽ നിന്നും തലനീട്ടുന്ന ചുവന്ന കാട്ടുതെറ്റിപ്പൂവ്, വേലിപ്പടർപ്പുകളെ മുത്തണിയിക്കുന്ന നക്ഷത്രവല്ലികൾ. നീലശംഖുപുഷ്പങ്ങൾ...

ഒപ്പം സ്വർഗത്തിൽ നിന്നെന്നോണം പാറിവരുന്ന തുമ്പികളും ചിത്രശലഭങ്ങളും. ഓണം ഇങ്ങെത്തുംവരെ ഇവരൊക്കെ എവിടെപ്പോയ് ഒളിച്ചിരുന്നു എന്ന് ഞാനതിശയിച്ചിരുന്നു.

ഹോ, പക്ഷികളുടെ കാര്യമാണ് ബഹുവിശേഷം! അവരായിരുന്നു എന്റെ ആദ്യത്തെ കൂട്ടുകാർ. മനുഷ്യരെ സ്നേഹിക്കുന്നതിന് എത്രയോ മുമ്പുതന്നെ ഞാൻ കിളികളെ സ്നേഹിച്ചു തുടങ്ങിയിരുന്നു.

അവർക്കും എനിക്കുമിടയിൽ പൊതുവായ ഒരു ഭാഷ ഇല്ലാഞ്ഞിട്ടും ആശയവിനിമയത്തിന് ഒരു തകരാറും സംഭവിച്ചില്ല. നേരിയ ചില ചലനങ്ങളിൽ കൂടിയും പാളിയ ചില ഒളിനോട്ടങ്ങളിൽ കൂടിയും സ്നേഹിക്കുന്നവർക്ക് പരസ്പരം ഭാഷണം നടത്താനാവുമെന്ന് അന്നേ എനിക്കറിയാമായിരുന്നല്ലോ.

വസന്തകാലാഗമനത്തോടെ, തോട്ടത്തിലെങ്ങും കിളികളുടെ നിസ്വനം. വേലിക്കൽ വന്നിരിക്കാറുള്ള വണ്ണാത്തിപ്പുള്ളുകൾ. പേരമരത്തിൽ വന്നിരിക്കാറുള്ള പച്ചിലക്കിളികൾ. നിലംപറ്റി തത്തി നടക്കുന്ന തൂത്തുകുണുക്കികൾ... കിണറിനെ ചുറ്റിപ്പറ്റി ഏതെങ്കിലും മരക്കൊമ്പിലായിരിക്കും പൊന്മാനെ കാണാറ്. അവന്റെ നീലക്കുപ്പായത്തിന് എന്തൊരു ചന്തം!

ഓലേഞ്ഞാലികൾ. ഓലത്തുമ്പിൽ തൂങ്ങിക്കിടന്ന് ചിലപ്പോടു ചിലപ്പ്! ഇരട്ടത്തലച്ചികൾ കുരുമുളകു മോഷ്ടാക്കളാണ്. അറ്റം കത്രികപോലുള്ള നീണ്ടുകറുത്ത വാലുംതൂക്കി കപ്പളമരത്തിൽ വന്നിരിക്കാറുള്ള കാക്കത്തമ്പുരാട്ടിയെ കാണാൻ എന്തു ഭംഗിയായിരുന്നു!

ചെമ്പരത്തിപ്പടർപ്പിൽ പാറുന്ന അടയ്ക്കാകുരുവികൾ, നേർത്ത സ്വരത്തിൽ ചിലച്ചുകൊണ്ടേയിരിക്കും. ആ കൊച്ചു തൂവൽപ്പന്തുകളെ കൈയിലെടുത്ത് ഓമനിക്കാൻ കൊതിതോന്നും. പക്ഷേ ആർക്കും പിടികൊടുക്കാതെ, ഒരു ചില്ലയിൽ നിന്നും മറ്റൊന്നിലേക്ക് അവ അതിദ്രുതം തത്തിച്ചാടിക്കൊണ്ടിരിക്കും. പിന്നെ വരുന്നത്, മയ്യെഴുതിയ കണ്ണുകളുമായ്, മഞ്ഞക്കഴുത്തൻ മാടത്തകൾ! മഴ പെയ്തു തോർന്ന പുൽപ്പരപ്പിൽ അവരെന്തോ കൊത്തിപ്പെറുക്കി നീങ്ങുന്നതു കാണാം. കാണാൻ ഏറ്റവും കൗതുകം തേൻകുരുവികളാണ്. വളരെ ചെറിയ ഉടലും മെല്ലിച്ചു നീണ്ട കൊക്കുകളുമായ് പാറിയെത്തുന്ന കുഞ്ഞിക്കിളികൾ...

തോട്ടത്തിൽ വന്നെത്താറുള്ള സമസ്തപക്ഷിജാലങ്ങളെയും ഞാൻ അതിരറ്റു സ്നേഹിച്ചിരുന്നു. പക്ഷേ എന്റെ ആത്മമിത്രം ഒരൊറ്റക്കണ്ണനായിരുന്നു. അടുക്കളമുറ്റത്തെ കമ്പിളിനാരകത്തിൽ വന്നിരിക്കാറുള്ള ഒരു കാക്ക. കാക്കകൾക്കിടയിൽ ഇത്ര പാവം പിടിച്ചൊരാളെ ഞാൻ കണ്ടിട്ടേയില്ല.

കലവറയിൽ നിന്നും മോഷ്ടിച്ചു കടത്തുന്ന പലഹാരങ്ങളായിരുന്നു അവനേറ്റവുമിഷ്ടം. ഞാനെത്തിച്ചേരുന്നതും കാത്ത്, ചെരിഞ്ഞ കാകദൃഷ്ടിയുമായ്, അവനെത്രനേരം വേണമെങ്കിലും ക്ഷമയോടെ കാത്തിരിക്കും... ഞാൻ കാണുമ്പോൾ മുതൽ അവന് ഒറ്റക്കണ്ണേ ഉള്ളൂ. കാഴ്ചയില്ലാതായിപ്പോയ മറ്റേ കണ്ണിന്റെ കഥ എത്ര ചോദിച്ചിട്ടും അവനു പറഞ്ഞുതരാനായില്ല.

കൊങ്ങിണിപ്പടർപ്പുകളിൽ

**അപ്പോഴാണ്, അന്തമില്ലാത്ത വിസ്മയങ്ങളും കാത്തുവച്ച് പുറംലോകം എന്നെ കൈമാടി വിളിക്കുന്നത്. അതു കേൾക്കേണ്ട താമസം കാടും മേടും അസംഖ്യം പ്രാണിജന്മങ്ങളും നിറഞ്ഞ ആ നിഗൂഢതയിലേക്ക് ഞാനങ്ങു മുഴുകുകയായ്. രാവന്തിയോളം... ഞാനവിടെങ്ങും ചുറ്റിത്തിരിഞ്ഞു.**

പതുങ്ങിയിരുന്നും പുല്ലാനിക്കാടുകൾ വകഞ്ഞുമാറ്റിയും ഒരു നാലുവയസ്സുകാരിയുടെ അന്തമില്ലാത്ത ഔത്സുക്യവുമായ് ഞാനവർക്കൊപ്പമലഞ്ഞു. കിളികൾ എന്റെ തലയ്ക്കുമീതെ തൊട്ടുതൊട്ടില്ല എന്ന മട്ടിൽ പാറിനടന്നു. ചുണ്ടത്തു കൊക്കുരുമ്മിയും ചിറകുവിടർത്തിയും തൂവൽ കുടഞ്ഞും അവരെന്റെ രാത്രിസ്വപ്നങ്ങളിലും തത്തിനടന്നു. നാളുകൾ സ്വച്ഛന്ദമായങ്ങനെ മുന്നോട്ടൊഴുകുന്നു. അങ്ങനെയിരിക്കെ, നിദ്രാലസമായൊരു മധ്യാഹ്നമെത്തി. കിളികൾ കോവൽ വള്ളികളിൽ ഊയലാടിയും ആയിടെ പഠിച്ച ചില രാഗങ്ങൾ മൂളിയും ആനന്ദപരവശരായങ്ങനെ മേവുന്നു.

പെട്ടെന്ന് ഉച്ചമയക്കത്തിന്റെ ആലസ്യത്തെ ഭഞ്ജിച്ചുംകൊണ്ട് മലമ്പാതകൾ താണ്ടിയെത്തിയ ഒരു കനത്ത ജീപ്പ്, ആടിക്കുലുങ്ങി വീട്ടുമുറ്റത്ത്... ആദ്യം ഇറങ്ങിയത് വാളാടി മത്തൻ എന്ന വെടിക്കാരൻ.

**പെട്ടെന്ന് ഉച്ചമയക്കത്തിന്റെ ആലസ്യത്തെ ഭഞ്ജിച്ചും കൊണ്ട് മലമ്പാതകൾ താണ്ടിയെത്തിയ ഒരു കനത്ത ജീപ്പ്, ആടിക്കുലുങ്ങി വീട്ടുമുറ്റത്ത്... ആദ്യം ഇറങ്ങിയത് വാളാടി മത്തൻ എന്ന വെടിക്കാരൻ. ഇടിമുഴക്കംപോലുള്ള ചിരി. കാടുപോലത്തെ പുരികങ്ങൾ. വലിയൊരു പന മരം പോലത്തെ കൂറ്റൻ ശരീരം... കവിളുകളും കടന്നു നിൽക്കുന്ന മീശത്തഴപ്പ്. തോളിൽ തൂക്കിയിട്ട തോക്ക്.**

ഇടിമുഴക്കംപോലുള്ള ചിരി. കാടുപോലത്തെ പുരികങ്ങൾ. വലിയൊരു പനമരം പോലത്തെ കൂറ്റൻ ശരീരം... കവിളുകളും കടന്നുനിൽക്കുന്ന മീശത്തഴപ്പ്. തോളിൽ തൂക്കിയിട്ട തോക്ക്. അതാണു വാളാടി മത്തൻ. അപ്പന്റെ ബാല്യകാലമിത്രം.

ഒപ്പം അനുചരൻ കുഞ്ഞപ്പി. കുഞ്ഞപ്പിയുടെ കൈയിൽ വെടിയുണ്ടയും മറ്റും നിറച്ച തുണിസഞ്ചി. നേർത്തു മെല്ലിച്ച ഒരവശരൂപമാണ് കുഞ്ഞിപ്പിയുടേത്. എരണ്ടകളെ തിരഞ്ഞാണത്രേ അവരുടെ വരവ്. എരണ്ടപ്പക്ഷികൾ വല്ല കാലത്തുമാണ് ആ വഴി വന്നുപെടുക. എനിക്കാകെ പേടിയായി. ഉദ്ദേശിച്ച ഇരയെ കണ്ടെത്താനായില്ലെങ്കിൽ ഇവർ നമ്മുടെ തോട്ടത്തിലെ കിളികളെ ഉന്നം വെച്ചേക്കുമോ? മാങ്കൊമ്പിൽ വന്നിരിക്കാറുള്ള കുയിൽപ്പാട്ടുകാരൻ, കപ്പക്കാലയിൽ കൊത്തിപ്പെറുക്കാനെത്തുന്ന മാടത്തകൾ, പച്ചത്തത്തകൾ, പ്രാവിൻകൂട്ടം... ദൈവമേ, അവരൊക്കെ ഇനി എന്തുചെയ്യും?

“കിളികളേ, കുരുവികളേ, ഓടിക്കോളിൻ, ഓടി രക്ഷപ്പെട്ടോളിൻ! വേട്ടക്കാരൻ ഇതാ എത്തിക്കഴിഞ്ഞു...” ഞാനുറക്കെ വിളിച്ചു പറയാൻ ഒരുമ്പെട്ടു. എന്നെ അമ്പരപ്പിച്ചുംകൊണ്ട്



വാക്കുകൾ തൊണ്ടയിൽ ഉറഞ്ഞുപോയി. ഒരു ശബ്ദവും പുറത്തേക്കു വന്നില്ല.

നായാട്ടുകാരന്റെ ഭാരിച്ച കാലടികളിൽപ്പെട്ട് കാട്ടുപുല്ലുകൾ ഞെരിഞ്ഞമർന്നു. തൊട്ടാവാടികൾ പേടിച്ചരണ്ട്, ഇമപൂട്ടി അടച്ചുകളഞ്ഞു. ആദ്യത്തെ വെടിയൊച്ച പിന്നാമ്പുറത്ത്. പരിഭ്രാന്തമായ കുതിപ്പോടെ ഞാനെത്തുമ്പോഴേക്കും നാരകമരക്കൊമ്പുകളിൽത്തട്ടി ഇലകളിൽത്തടഞ്ഞ് കറുത്ത പഴന്തുണിക്കെട്ടുപോൽ താഴേക്കു പതിക്കുന്ന എന്റെ കൂട്ടുകാരൻ! അടുത്ത ഉന്നം കരിയേപ്പുമരത്തിന്മേൽ. താണു വീഴുന്ന വിമാനംപോൽ ചാഞ്ഞു പതിക്കുന്ന കാക്കത്തമ്പുരാട്ടി. ശരംപോൽ പതിക്കുന്ന ഓലേഞ്ഞാലി. പിന്നീട് ഇരുവരും തോട്ടത്തിലേക്ക്. ഈശ്വരാ, ഇനി എന്തൊക്കെയാണ് സംഭവിക്കുക? എന്റെ ഉള്ളുകാളി. കാതോർത്തപ്പോൾ കാടിന്റെ ഹരിത വിജനതയെ ഭേദിച്ചും കൊണ്ടുയരുന്ന ആർത്തനാദങ്ങൾ..., ചിറകടിയൊച്ചകൾ. ഇലകളെ ചിന്നിച്ചിതറിച്ചും കൊണ്ടു പായുന്ന പക്ഷിക്കൂട്ടം...

ആഞ്ഞിലിമരച്ചുവട്ടിലിരുന്ന് ഞാൻ മുഖം പൊത്തി വിങ്ങിക്കരഞ്ഞു. കണ്ണീർ മറയിലൂടെ ഞാനാക്കാഴ്ചകണ്ടു. കുഞ്ഞപ്പിയുടെ കൈയിലെ കാട്ടുപയറിൻ വള്ളിയിൽ തൂങ്ങിയാടുന്ന ചെറുപക്ഷികൾ... രക്തം ഇറ്റുവീഴുന്ന ജഡങ്ങൾ... നിറങ്ങളുടെ ഒരു വമ്പിച്ച കുഴഞ്ഞുമറിയൽ...

ആരവങ്ങൾ ഒഴിഞ്ഞുപോയപ്പോൾ എന്താണ് ബാക്കി ഉണ്ടായിരുന്നത്? എങ്ങും ചിതറിക്കിടക്കുന്ന വർണത്തൂവലുകൾ. തുടിക്കുന്ന ചോരപ്പൊട്ടുകൾ. തകർന്നുപതിച്ച തൂവൽസ്വപ്നങ്ങൾ... ഒടുക്കം, ഛിന്നഭിന്നമായിത്തീർന്ന എന്റെ പാവം ഹൃദയവും!

കവിത

# കൊതിയൻകാക്ക

**ദിവാകരൻ വിഷ്ണുമംഗലം**


വെയിലേറുന്നൊരു നേരത്ത്
പറന്നുവന്നൂ മുറ്റത്ത്
മൺകുടമൊന്നിൻ ചാരത്ത്
ദാഹമെഴുന്ന കരിങ്കാക്ക.

ഉള്ളിലിരിക്കും വെള്ളത്തിൽ
കൊക്കെത്താഞ്ഞിട്ടവനപ്പോൾ
പണ്ടൊരുകാക്ക ദാഹം തീർക്കാൻ
കല്ലുകളിട്ടൊരു കഥയോർത്തു.

ഒന്നൊന്നായ്ച്ചെറു കല്ലുകൾകൊത്തി-
ക്കൊണ്ടുവരാൻ ക്ഷമയില്ലാതെ
കുടത്തിലുള്ളൊരു വെള്ളം കിട്ടാൻ
കുറുക്കുവഴിയൊന്നവനോർത്തു.

അടുത്തു കണ്ടൊരു കൂറ്റൻ കല്ലാ-
ക്കുടത്തിലിട്ടു കരിങ്കാക്ക
പൊട്ടിച്ചിതറി മൺകുടമയ്യോ,
വെള്ളമൊലിച്ചു മൺതറയിൽ!!

ഒറ്റത്തുള്ളി കുടിക്കാൻ കിട്ടാ-
തൊട്ടും ദാഹമടക്കാതെ
പറന്നുപോയീ കൊതിയൻ കാക്ക
പൊരിയും വെയിലിൽ ദൂരത്ത്.



വര: രാജീവ് എൻ ടി

# ശ്രീലക്ഷ്മിയുടെ സങ്കല്പങ്ങൾ

**മുണ്ടൂർ സേതുമാധവൻ**

അന്നൊരു ശനിയാഴ്ചയായിരുന്നു. ശ്രീലക്ഷ്മിക്ക് സന്തോഷമായി. ഇന്ന് സ്കൂളില്ല. ഇന്നെന്റെ പിറന്നാളാണ്. ശ്രീലക്ഷ്മി ആശ്വസിച്ചു. പിറന്നാളായതുകൊണ്ട് ഇന്ന് അമ്മ പഠിക്കാൻ പറയില്ല. ഇന്നു ശനിയാഴ്ചയായതിനാൽ തിങ്കളാഴ്ച സ്കൂളിൽ പോകുമ്പോൾ കളർ ഡ്രസ്സിടാം. കൂട്ടുകാർക്ക് ചോക്ലേറ്റ് വിതരണം ചെയ്യാം. ഏതായാലും ഇന്ന് സ്കൂളില്ലാത്തത് നന്നായി. ഇന്നു മുഴുവൻ എനിക്കു കളിക്കണം. ക്ലാസ്സിൽ എന്നും ടോപ്മാർക്ക് വാങ്ങുന്ന ശ്രീക്കുട്ടി. ശ്രീക്കുട്ടി തന്നോടുതന്നെ പറഞ്ഞു: 'ഇന്നൊരു ദിവസം മുഴുവൻ എനിക്കു കളിക്കണം.'

നാലാംക്ലാസ്സുകാരിയായ ശ്രീക്കുട്ടി ഒറ്റയ്ക്കാണ് കുളിക്കുക. അതൊക്കെ അവളെ അമ്മ പഠിപ്പിച്ചിട്ടുണ്ട്. 'രാവിലെ എന്തൊക്കെ കഴിഞ്ഞുവേണം അമ്മയ്ക്ക് ഓഫീസിലേക്ക് പോകാൻ. അതിനാൽ മോളേ, നീ നിന്റെ കാര്യങ്ങൾ നോക്കണം.'

ശ്രീക്കുട്ടി നേരത്തെ എഴുന്നേറ്റു. കുളിച്ചു. തലേന്നുതന്നെ എടുത്തുവെച്ചിരുന്ന പുത്തൻ ഉടുപ്പ് എടുത്തിട്ടു. ഇതിന്റെ സ്വർണനിറം. ശ്രീക്കുട്ടിക്ക് സന്തോഷംകൊണ്ട് തുള്ളിച്ചാടാൻതോന്നി. അച്ഛൻ എത്ര നല്ല ഉടുപ്പാണ് വാങ്ങിയിരിക്കുന്നത്.

നിലക്കണ്ണാടിക്കു മുന്നിൽ നിന്ന് ശ്രീക്കുട്ടി കണ്ണെഴുതി. നെറ്റിയിൽ ചന്ദനം വരച്ചു. നടുവിൽ കുങ്കുമത്തിന്റെ ഒരു നേർവര. അതിനുമുകളിൽ പുറത്തേക്കാവിൽ നിന്ന് ഇലച്ചീന്തിൽ കൊണ്ടുവന്ന ചാന്തിന്റെ ഒരു പൊട്ട്. ശ്രീക്കുട്ടി ഒരിക്കൽക്കൂടി കണ്ണാടി നോക്കി. ഇപ്പോൾ അമ്മ കണ്ടാൽ പറയും:

'ചക്കരക്കട്ട.'

ഉടുപ്പിനു മീതെ ചെറിയ പാവുമുണ്ടുകൂടി ചുറ്റിയതോടെ ഒരുക്കം കഴിഞ്ഞു. ഈ പാവുമുണ്ട് കഴിഞ്ഞകൊല്ലം അമ്മമ്മ എടുത്തുതന്നതാണ്. പിറന്നാളിന്. 'എന്റെ പൊന്നുംകുടത്തിന് അമ്മമ്മയുടെ പിറന്നാൾ സമ്മാനം.'



വര: ചാരുത രഘുനാഥ്

ഇപ്പോൾ അമ്മമ്മയെവിടെ? ചോദിച്ചാൽ അമ്മ പറയും: 'പോയി.' അത്രമാത്രം. അച്ഛൻ പറയും: 'പോയി.' അത്രമാത്രം.

എനിക്കെന്റെ അമ്മമ്മയെ കാണണം. അവൾ മനസ്സിൽ പറഞ്ഞു. ഉറക്കെ പറയാൻ പേടിയാണ്. കേട്ടാൽ അമ്മ ഒച്ചവെയ്ക്കും: 'പോയിരുന്ന് പഠിക്ക്.'

ഒരുക്കം കഴിഞ്ഞ് പുറത്തു കടന്നപ്പോൾ, അതാ, അമ്മ വരുന്നു.

"എന്റെ സ്വർണക്കുട്ടി ചന്തക്കാരിയായല്ലോ. ഹായ്, ഭേഷ്."

അമ്മ അവളെ അടുപ്പിച്ചു നിർത്തി പുറം തലോടി.

"പൂജാമുറിയിൽ തൊഴുതോ?"

"ഉവ്വ്."

"എന്നാൽ വരൂ. കാപ്പി കഴിക്കാം."

സ്കൂളുള്ള ദിവസം രണ്ടിഡ്ഡലിയാണ് കഴിക്കുക. രാവിലെ ഒന്നിനും സമയം മതിയാവില്ല. ഇന്ന് അങ്ങനെയല്ല. ശ്രീക്കുട്ടി നാല് ഇഡ്ഡലി കഴിച്ചു. അമ്മ മനസ്സിരുത്തി ഉണ്ടാക്കിയ ഇഡ്ഡലി അവൾക്ക് ഇഷ്ടമായി.

ആഹാരം കഴിച്ച് പുറത്തിറങ്ങിയപ്പോൾ മുറ്റം മുഴുവൻ വെയിൽ മെഴുകിയിരിക്കുന്നു. പുറത്തെ പ്രകാശം മനസ്സിലേക്ക് വലിച്ചെടുത്തുകൊണ്ട് ശ്രീക്കുട്ടി പറഞ്ഞു:

"ഇന്നൊരു നല്ലദിവസം തന്നെ."

കാരണമെന്തെന്നറിയണോ? മരച്ചില്ലകളിൽ നിന്നുയരുന്ന കിളിച്ചിലപ്പു കേട്ടുകൊണ്ട് ശ്രീക്കുട്ടി ഓർത്തു: 'കാരണം, ഇന്നെന്റെ പിറന്നാളാണ്.'

മുറ്റത്തിന്റെ അരികിൽ വളർന്നുനിൽക്കുന്ന തെച്ചിയുടെ അടുത്തെത്തിയപ്പോൾ ചന്തമുള്ള ഒരു തുമ്പി അവളുടെ മുഖത്ത് വട്ടംചുറ്റി.

"എന്റെ വർണത്തുമ്പീ. നീയെന്താ ങ്ങനെ നോക്കണത്?"

"ഞാൻ നോക്കണതോ?" തുമ്പി പറഞ്ഞു.

**തുമ്പി ശ്രീക്കുട്ടിയുടെ ഇരുകൈകളിലും മുട്ടിയുരസിക്കൊണ്ട് ഒരുനിമിഷം പറന്നു. ഹായ് അത്ഭുതം! ശ്രീക്കുട്ടിയുടെ കൈകൾ രണ്ടു ചിറകുകളായി. തുമ്പി ഒരുവട്ടം മുറ്റം ചുറ്റി പറന്നശേഷം ശ്രീക്കുട്ടിയുടെ അടുത്തുവന്നു. ശ്രീക്കുട്ടി ചിറകു കുടഞ്ഞു.**

"ശ്രീക്കുട്ടിയുടെ ചന്തം നോക്കിക്കാണ്വായിരുന്നു."

"ആട്ടെ തുമ്പീ, എനിക്കിവിടെ കളിക്കാൻ ആരൂല്ല്യ. നീ കളിക്കാൻ വര്വോ?"

"വരാലോ."

"നിന്നെപ്പോലെ എന്നെ പറക്കാൻ പഠിപ്പിക്ക്വോ?"

"ആവാലോ."

"പറക്കാൻ ചിറകുവേണ്ടേ തുമ്പീ?"

"വേണം. ഞാൻ ചിറകുണ്ടാക്കിത്തരാം."

തുമ്പി ശ്രീക്കുട്ടിയുടെ ഇരുകൈകളിലും മുട്ടിയുരസിക്കൊണ്ട് ഒരുനിമിഷം പറന്നു. ഹായ് അത്ഭുതം. ശ്രീക്കുട്ടിയുടെ കൈകൾ രണ്ടു ചിറകുകളായി.

തുമ്പി ഒരുവട്ടം മുറ്റം ചുറ്റി പറന്നശേഷം ശ്രീക്കുട്ടിയുടെ അടുത്തുവന്നു.

"ശ്രീക്കുട്ടീ പോകാം."

ശ്രീക്കുട്ടി ചിറകു കുടഞ്ഞു. ശ്രീക്കുട്ടി തുമ്പിയോടൊപ്പം പറന്നുതുടങ്ങി. മുന്നിലെ വയലിനും അപ്പുറത്തെ പാതയ്ക്കും മേലേ വൃക്ഷങ്ങൾക്കും നായാടിമലയ്ക്കും മീതെ പറക്കുമ്പോൾ ശ്രീക്കുട്ടിക്ക് അത്ഭുതം അടക്കാൻ കഴിഞ്ഞില്ല. ഈ വർണത്തുമ്പിക്ക് എങ്ങനെയാണ് നന്ദി പറയുക!

കുറച്ചുദൂരം പറന്നുകഴിഞ്ഞപ്പോൾ തുമ്പി ശ്രീക്കുട്ടിയെ നോക്കി:

"ശ്രീക്കുട്ടീ, ഇനി എങ്ങോട്ടാണ് പോകേണ്ടത്?"

അതു പറയാൻ ശ്രീക്കുട്ടിക്ക് അറിയില്ലായിരുന്നു. അതിനാൽ അവൾ പറഞ്ഞു:

"പോണം."

"ആരെയാണ് കാണേണ്ടത്?"

"അമ്മമ്മയെ."

വർണത്തുമ്പി പൊട്ടിച്ചിരിച്ചു. ഒരുവട്ടം വെറുതെ പറന്നു. പിന്നീട് ചോദിച്ചു:

"അമ്മമ്മ എവിടെയാണ്?"

"എവിടെയാണ്? എനിക്കറിയില്ല. എങ്കിലും പോണം. കാണണം."

"എങ്കിൽ വാ."

വർണത്തുമ്പി ശ്രീക്കുട്ടിയെ ചേർത്തുനിർത്തി പറന്നുതുടങ്ങി.

"വാ. അമ്മമ്മയെ കാണിച്ചുതരാംട്ടോ."

ഏറെനേരം പറന്നശേഷം അവരിറങ്ങിയത് ഒരാലിൻതറയിലായിരുന്നു. അവിടെ ആലിലേക്ക് മുഖംതിരിച്ച് മൂടിപ്പുതച്ച് ഒരാൾ കിടക്കുന്നുണ്ടായിരുന്നു.

"ശ്രീക്കുട്ടീ നോക്ക്. ഇതാണോ?"

ശ്രീക്കുട്ടിക്ക് ഒന്നും മനസ്സിലായില്ല. ആളുടെ മുഖം കാണാതെ എങ്ങനെയാണ് അമ്മമ്മയെ തിരിച്ചറിയുക? മുഖം മുഴുവൻ കണ്ടില്ലെങ്കിലും ഇടത്തേ കവിൾ കണ്ടാൽമതി. ആ കവിളിലെ മറുകിൽ നിന്ന് അമ്മമ്മയെ തിരിച്ചറിയാം.

മുഖം മൂടിക്കിടക്കുന്ന ആളെ തിരിച്ചറിയുക എളുപ്പമായിരുന്നില്ല. അതിനാൽ തുമ്പി പറഞ്ഞു:

"പോട്ടെ സാരമില്ല. നമുക്ക് വരുമ്പോൾ നോക്കാം."

തുമ്പിയും ശ്രീക്കുട്ടിയും വീണ്ടും പറന്നു. വെയിൽ ഉഷ്ണവായു തുപ്പുന്ന ഉച്ചയോടെ അവർ ഒരു കുന്നിൻചെരുവിലെത്തി. ശ്രീക്കുട്ടിക്ക് ദാഹവും വിശപ്പും തുടങ്ങിയിരുന്നു. എങ്കിലും അതൊന്നും കൂട്ടാക്കാതെ അവൾ ഉത്സാഹിച്ചു. കഷ്ടപ്പെട്ടാലും അമ്മമ്മയെ

> കുന്നിൻചെരുവിലെ ചരൽപ്പാറയിൽ ഇറങ്ങിയ തുമ്പി ചൂണ്ടിക്കാട്ടിയ ഭാഗത്തേക്ക് ശ്രീക്കുട്ടി നോക്കി. അവിടെ ഒരാൾ നടന്നുപോകുന്നു. പോകുന്ന ആളുടെ പിൻഭാഗമാണ് കാണുന്നത്. ഇതിൽനിന്ന് എങ്ങനെ തിരിച്ചറിയാനാണ്? ഈ ഒറ്റപ്പെട്ട സ്ഥലത്ത് എന്തിനാണ് അമ്മമ്മ വരുന്നത്?

കാണാമല്ലോ.

അമ്മമ്മയെ കണ്ടാൽ വീട്ടിലേക്കു കൊണ്ടുപോണം. ഇന്നെന്റെ പിറന്നാളാണ്. കഴിഞ്ഞ പിറന്നാൾദിനത്തിലാണ് അമ്മമ്മ പോയത്.

കുന്നിൻചെരുവിലെ ചരൽപ്പാറയിൽ ഇറങ്ങിയ തുമ്പി ചൂണ്ടിക്കാട്ടിയ ഭാഗത്തേക്ക് ശ്രീക്കുട്ടി നോക്കി. അവിടെ ഒരാൾ നടന്നുപോകുന്നു. പോകുന്ന ആളുടെ പിൻഭാഗമാണ് കാണുന്നത്. ഇതിൽനിന്ന് എങ്ങനെ തിരിച്ചറിയാനാണ്? ഈ ഒറ്റപ്പെട്ട സ്ഥലത്ത് എന്തിനാണ് അമ്മമ്മ വരുന്നത്?

ശ്രീക്കുട്ടിയുടെ പ്രകാശം നഷ്ടപ്പെട്ട മുഖത്തേക്കു നോക്കിയപ്പോൾ വർണത്തുമ്പിക്കു സങ്കടം വന്നു.

''ശ്രീക്കുട്ടീ നമുക്ക് ഇന്നു മടങ്ങാം.'' തുമ്പി പറഞ്ഞു: ''നാളെ ഓണപ്പാടത്തും തിരുവാതിര തോട്ടത്തിലും പറന്നു ചെന്നു നോക്കാം.''

അവർ വീടെത്തി. പടിക്കൽ വെച്ചുതന്നെ തുമ്പി ശ്രീക്കുട്ടിയുടെ കൈകളിൽ മുട്ടിയുരുമ്മിക്കൊണ്ട് പറന്നു. ശ്രീക്കുട്ടിയുടെ ചിറകുകൾ പോയി കൈകൾ വന്നു.

അത്ഭുതം കൊണ്ട് ശ്രീക്കുട്ടിക്ക് ശ്വാസംമുട്ടി.

''ഇനി എനിക്കു സദ്യ.''

തുമ്പി ചിരിച്ചു. അതുപറഞ്ഞ് ശ്രീക്കുട്ടിയുടെ തോളിലിരുന്നു.

''ശ്രീക്കുട്ടീ...'' അമ്മ വിളിച്ചു: ''വരൂ...''

ഡൈനിംഗ് ടേബിളിന്റെ വലതുഭാഗത്ത് നിലത്ത് കൊളുത്തിവെച്ച നിലവിളക്കിനു മുന്നിൽ കഴുകിത്തുവർത്തിയ നാക്കില. നാക്കിലയിൽ പിറന്നാൾ വിഭവങ്ങൾ.

''ശ്രീക്കുട്ടീ വരൂ...''

വലതുവശത്ത് അച്ഛൻ. ഇടതുവശത്ത് അമ്മ. തോളിൽ വർണത്തുമ്പി.

പെട്ടെന്നാണ് അമ്മ മേശപ്പുറത്തെ ഗ്ലാസ്സിലേക്കു നോക്കിയത്:

''ഇതിൽ വിളമ്പിവെച്ച പാലടയെവിടെ?''

''അത് ഞാൻ കുടിച്ചു അമ്മേ.'' ശ്രീക്കുട്ടി പറഞ്ഞു.

പെട്ടെന്ന് വർണത്തുമ്പി പറന്നുപോയി. ശ്രീക്കുട്ടിക്ക് ചിരിയും വന്നു.

മേശപ്പുറത്തെ നാക്കിലകളിൽ അമ്മ പിറന്നാൾ സദ്യ വിളമ്പി. സദ്യയുടെ പെരുക്കവും സുഗന്ധവും അവളെ വീർപ്പുമുട്ടിച്ചു. ഒരു കഷണം പപ്പടം പൊട്ടിച്ച് ശ്രീക്കുട്ടി വായിലിടാൻ ശ്രമിക്കവെ പപ്പടം ഇലയിൽ വീണു.

ജനലിലൂടെ പുറത്തേക്കു നീണ്ട ശ്രീക്കുട്ടിയുടെ കണ്ണിൽ പുറത്തെ വരാന്തയിൽ ഇരിക്കുന്ന ഒരു രൂപം നിറഞ്ഞു. 'അത് എന്റെ അമ്മമ്മയല്ലേ? ഇന്നു മുഴുവൻ താൻ അന്വേഷിച്ചുനടന്ന അമ്മമ്മ. തന്റെ നാക്കിൽ ആദ്യമായി തേനും വയമ്പും തേച്ച അമ്മമ്മ.'

പുറത്തെ രൂപം ദൂരെ നോക്കി ഇരിക്കുകയാണ്. മുഖം വ്യക്തമല്ല. 'അമ്മമ്മേ.'

വരാന്തയിൽ നിന്നും എഴുന്നേറ്റ രൂപം മുറ്റത്തിറങ്ങി. വെയിലിലൂടെ നടന്നുനടന്ന് ഗേറ്റിലെത്തി. ഗേറ്റു കടന്നപ്പോൾ രൂപം വെയിലിൽ അലിഞ്ഞു.

ശ്രീക്കുട്ടി പിറന്നാളിലയിൽ ചോറ് വെറുതെ കുഴച്ചു.



കവിത

# കിളിയനക്കങ്ങൾ

ഇ ജിനൻ

തൊടിയിലെ
ചെമ്പര-
ത്തിച്ചെടി-
ക്കിടയിലായ്
കവിത പോ-
ലുള്ളൊരു
ചിറകനക്കം.

ചെടിയുടെ-
യിടയിലൂ-
ടൊരുനോക്കി-
ലൂടെ ഞാൻ
നൊടിയിടെ
കണ്ടൊരു
മിഴിയനക്കം.

വയറു
വിശന്നെന്നു
പറയുന്ന
മാതിരി
തെരുതെരെ-
യൊരു ചെറു
ചുണ്ടനക്കം.

ഒരു ചുറ്റു-
വട്ടം, പതിയേ
നടക്കുവാൻ
തിരയും
മനസ്സിന്റെ
കാലനക്കം.

ഇതുപോലെ-
യെത്രയ-
നക്കങ്ങ-
ളൊന്നിച്ചു
ചേർന്നതാ-
ണൊരു കുഞ്ഞി-
കിളിയനക്കം.

ഇതുപോലെ-
യെത്രയാ-
കാശങ്ങൾ
തേടുന്ന
തിരനോട്ട-
മാണീ മിഴി-
ത്തിടുക്കം.

ഇതിനിട-
ക്കാണെൻ
മനസ്സിന്റെ
ചില്ലയിൽ
വെറുതേ-
യൊരു ചുള്ളി-
ക്കൂടൊരുക്കം.

വലിയൊരു
ജീവ പ്ര-
പഞ്ചത്തി-
ലേക്കുള്ള
ചിറകടി-
യല്ലേ, യീ
കിളിയൊരുക്കം?



വര: സചീന്ദ്രൻ കാറഡുക്ക

# അശോകൻ

കെ ജയകുമാർ

ചക്രവർത്തിയശോകന്റെ മുന്നിൽ
യുദ്ധകാഹളമുച്ചം മുഴങ്ങീ!
മുന്നിൽനിന്നു നയിക്കും നൃപന്റെ
പിന്നിൽ സൈന്യം കടൽപോലിരമ്പീ
ചണ്ഡവേഗത്തിൽ നീങ്ങുന്ന സൈന്യ-
ഹുങ്കിൽ ദേശങ്ങൾ കീഴടങ്ങുന്നു
തിരയിളക്കത്തിൽ താനേയലിയും
തരളമായ മണൽക്കൂനപോലെ.
ഒട്ടെതിർക്കാൻ തുനിഞ്ഞ സൈന്യങ്ങൾ
പൊട്ടിവീണതാം മൺകുടംപോലെ.

തുറമുഖമുള്ള രാജ്യം കലിംഗം
മൗര്യസാമ്രാജ്യ ഭാഗമാകേണം
നിരനിരയായി വാണിഭക്കപ്പൽ
വരികെ രാജ്യം സമൃദ്ധമാകേണം.

വന്യജീവികളെന്നപോൽ മൗര്യ
സൈന്യമന്നു കലിംഗത്തിലെത്തി.
എത്ര യുദ്ധക്കളങ്ങളിലൂടെ
സജ്ജമായതാണാ ധീരസൈന്യം
പടനയിക്കുമശോകൻ, കലിംഗം
പിടയും മാൻപേടപോലെ പതിക്കും





വര: എ കെ ഗോപീദാസ്

ചെറിയ രാജ്യമിതുകീഴടക്കാൻ
പെരിയസേനയ്ക്കു രണ്ടുനാൾ പോരും
ധീരരായ കലിംഗയോദ്ധാക്കൾ
മാറുകൊണ്ടു പരിചകൾ തീർത്തൂ
ശത്രുസൈന്യം പരിഭ്രമിക്കുന്നൂ
യുദ്ധതന്ത്രങ്ങൾ വ്യർഥമാകുന്നൂ
ചക്രവർത്തിയോ ക്രുദ്ധനാകുന്നൂ
ചണ്ഡശൈലികൾ സ്വീകരിക്കുന്നൂ

എത്ര ദേശങ്ങൾ ചാമ്പലായ് മാറി
എത്രപേർ ഹാ വിധവകളായീ!
ഒഴുകും ചോര കുതിർത്തൊരാമണ്ണിൽ
നൃപതി തന്റെ പതാകയുയർന്നൂ


*******

ഘോരയുദ്ധം ജയിച്ചു കൈവന്ന
നാടുകാണുവാൻ രാജാവിറങ്ങി.
വിജനവീഥികൾ നീളുന്നു മുന്നിൽ,
പ്രജകളില്ലാത്ത നാടോ കലിംഗം?

മക്കളില്ലാത്തോരമ്മമാരെങ്ങും
അച്ഛനില്ലാത്ത മക്കളാണെങ്ങും
നാഥനില്ലാത്ത വീടുകളെങ്ങും
തീയെരിയാതടുപ്പുകളെങ്ങും.
രക്തദാഹിയെ കാണാതിരിക്കാൻ
രഥ്യതൻ വാതിലൊക്കെയടഞ്ഞൂ
രക്തരക്ഷസ്സശോകനെയോർക്കെ
കുട്ടികൾ പേടിസ്വപ്നങ്ങൾ കണ്ടൂ
കീഴടക്കിയ രാജ്യത്തിലെങ്ങും
തീയലപോലെ രോഷം നിറഞ്ഞൂ

എത്രയായിരം ജീവൻ പൊലിഞ്ഞൂ!
എത്ര ദുഃഖദുരിതങ്ങൾ തീർത്തൂ!
നേടിയല്ലോ മൃതഭൂമിമാത്രം!
കൂടെയോ കുറേ ശാപങ്ങൾ മാത്രം!

രത്നസിംഹാസനത്തിലും രക്തം!
പട്ടുമെത്ത വിരിപ്പിലും രക്തം!
ചക്രവർത്തിതൻ നെഞ്ചകത്തേതോ
വിട്ടുമാറാത്ത കൂരിരുൾ മാത്രം!
മൃത്യു മേയുന്ന യുദ്ധപ്പറമ്പിൽ
നിശ്ചലമഹാമൂകത മാത്രം
നിദ്രയില്ലാതിരിക്കുന്ന രാവിൻ
അത്യഗാധമാം കൂരിരുൾക്കുണ്ടിൽ
രണ്ടുനേത്രങ്ങൾ ഹാ വിരിയുന്നൂ
രണ്ടുതാരങ്ങൾ വന്നുദിക്കുംപോൽ!
കൂരിരുട്ടിലാ സൗമ്യപ്രകാശം
പാതിരാവിൽ നിലാവലപോലെ
ഹൃദയശംഖിൽ തഥാഗതവാക്യ
സ്മരണ, തീർഥം നിറയുന്നപോലെ!






*“കരുണയേക്കാൾ മഹിതമാം ധർമം*
*ധരയിൽ മറ്റൊന്നുമില്ലെന്നറിക*
*മുറിവുണക്കുവാൻ സ്നേഹമല്ലാതെ*
*മഹിയിൽ മറ്റു മഹൗഷധമില്ല.*

*നിൻ യശസ്സും ധനഗർവുമെല്ലാം*
*വന്നുപോകും അതിഥികൾ മാത്രം*
*ഹിംസയാം വിഷം വർജിച്ചിടേണം*
*നീ അഹിംസയെ സ്വീകരിക്കേണം*
*ചക്രവർത്തിയായ് നീ ചരിച്ചാലും*
*ശുദ്ധമാം ധർമമാർഗത്തിലൂടെ.”*

*******

ചക്രവർത്തിയശോകന്റെയുള്ളിൽ
ഉഗ്രമാം കൊടുങ്കാറ്റടങ്ങുന്നൂ
അഗ്നിപാറിയ കൺകൾ തൻ ചൂടോ
അശ്രുധാര തണുപ്പിച്ചിടുന്നൂ

മലിനമാം മണ്ണിൽ ശാന്തിതൻ തൂവെൺ
മലരുകൾ വിടർന്നുല്ലസിക്കുന്നൂ
ആ വിശുദ്ധിയിൽ ശ്രീബുദ്ധവാക്യം
ശ്രീലസൗരഭം ചൂഴെ വീശുന്നൂ.



# പ്രയാഗ-നിമജ്ജനം ചെയ്യപ്പെടാത്ത ഓർമകൾ

ഫോട്ടോ: Puffino

സെബാസ്റ്റ്യൻ പള്ളിത്തോട്



**ഗംഗ, യമുന, ഗോദാവരി, സരസ്വതി, കാവേരി, നർമദ, സിന്ധു എന്നിവ ഭാരതത്തിലെ പുണ്യ നദികളായി കണക്കാക്കപ്പെടുന്നു. ഈ പുണ്യ നദികളുടെ തീരങ്ങളിലും ഉദ്ഭവ സ്ഥാനങ്ങളിലും സംഗമസ്ഥാനങ്ങളിലുമായി ഒട്ടേറെ തീർഥാടന കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. ഗംഗ, യമുന, അദൃശ്യമായ സരസ്വതി എന്നീ നദികളുടെ സംഗമ സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന അലഹാബാദിലെ പ്രയാഗ നിരവധി തീർഥാടകരെ ആകർഷിക്കുന്നു. ലോകപ്രസിദ്ധ സ്നാനോത്സവമായ 'കുംഭമേള' പന്ത്രണ്ട് വർഷത്തിലൊരിക്കൽ ഇവിടെ നടക്കുന്നു. ത്രിവേണീ തീർഥാടനത്തിന്റെ കൂടുതൽ വിശദാംശങ്ങൾ അറിയാൻ ഈ ലേഖനം വായിക്കൂ...**

സേനാതാവളമായി രൂപാന്തരപ്പെട്ട അക്ബർ കോട്ടയ്ക്കും ഹനുമാൻ മന്ദിറിനുമപ്പുറം അതിവിശാലമായി പരന്നുകിടക്കുന്ന മണൽത്തിട്ട. അത് ഒരേസമയം യമുനയെയും ഗംഗയെയും തമ്മിൽ വേർതിരിക്കുന്നതായി തോന്നിപ്പോകും. എന്നാൽ അങ്ങനെയല്ല. മഹാനദികൾ രണ്ടും വരണ്ടു തുടങ്ങിയപ്പോൾ കരകളായി രൂപംകൊണ്ടവയാണവ. നീലനിറമുള്ള ഓളങ്ങളിളക്കി മദിച്ചാർക്കുന്ന യമുനയോ അതിനുമപ്പുറമുള്ള ഗംഗയോ അതു പക്ഷേ സമ്മതിച്ചു തരുമെന്നു തോന്നുന്നില്ല.

നദിയുടെ വർത്തുളമായ കടവുകളിൽ നിറയെ ത്രിവേണീസംഗമസ്ഥാനത്തേക്കു പോകാനെത്തുന്ന തീർഥാടകരെ കാത്തുകിടക്കുന്ന എണ്ണമറ്റ തോണികൾ. തോണിയുടെ കൂലിയും ഗൈഡിന്റെ കമ്മീഷനുമുൾപ്പെടെ ആളൊന്നിന് ഇരുന്നൂറ്റമ്പതുരൂപാവീതം കൊടുത്താൽ അവർ നിങ്ങളെ ത്രിവേണീസംഗമസ്ഥാനമെന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രയാഗയിൽ എത്തിക്കും. ഒരേസമയം പത്തോ പതിനഞ്ചോ പേർക്കു കയറാവുന്ന തോണികൊണ്ടു ലഭിക്കുന്ന വരുമാനമൊന്നും പാവം തുഴച്ചിലുകാരന്റെ കീശയിലല്ല ചെന്നുവീഴുന്നതെന്ന് അവന്റെ വരണ്ട മുഖത്തെ നിർജീവമായ ഭാവം കണ്ടാൽ ആർക്കും മനസ്സിലാകും. അവൻ വെറുമൊരു കൂലിപ്പണിക്കാരൻ

മാത്രം. കാണാത്തൊരു മുതലാളി അവനു പിന്നിൽ മറഞ്ഞിരിപ്പുണ്ട്. ഉത്തരേന്ത്യൻ തൊഴിൽമേഖലയുടെ പ്രത്യേകതയാണത്. എന്നാൽ അതൊന്നും അവന്റെ ജോലിയിൽ അൽപ്പംപോലും പ്രതിഫലിക്കുന്നില്ല. ആളുകൾ കയറിക്കഴിഞ്ഞാലുടനെ അവനാകെ മാറുന്നു. തുഴകൾ രണ്ടും പിന്നിലേക്ക് ആഞ്ഞുവലിച്ച് പ്രയാഗയിലേക്കു നീങ്ങുന്നതിനൊപ്പം തന്റെ സഞ്ചിയിൽ കരുതിയിരിക്കുന്ന അരിമലരിന്റെ നുറുങ്ങുകൾ അവൻ യമുനയിലേക്കു വീശിയെറിയുന്നു. അതു കൊത്തിപ്പെറുക്കാനായി എവിടെ നിന്നെല്ലാമോ കടൽക്കാക്കകളുടെ ചെറുസംഘങ്ങൾ തോണിക്കു ചുറ്റും വട്ടമിട്ടാർക്കുന്നതിന്റെ കൗതുകം.


ഫോട്ടോ: Partha Sarathi Sahana

ത്രിവേണീസംഗമത്തിലെ പക്ഷിക്കൂട്ടം

കേരളത്തിന്റെ കടലോരങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞ കടൽക്കാക്കകളെ ഒത്തിരി വർഷങ്ങൾക്കുശേഷം ഞാൻ വീണ്ടും അലഹബാദിലെ പ്രയാഗയിൽ വച്ച കാണുകയാണ്. വെളുത്ത ചിറകുകളോടു കൂടി ചാരനിറത്തിൽ, താറാവിൻ കാലുകളുമായി...

ഇനി നിങ്ങളുടെ ഊഴമാണ്. പക്ഷികളെ ഊട്ടണമെന്നുള്ളവർക്ക് അവന്റെ സഞ്ചിയിൽ ഇനിയുമുണ്ട് അരിമലരിന്റെ പൊതികൾ. പൊതിയൊന്നിനു പത്തുരൂപ നിരക്കിൽ അവനതു നിങ്ങൾക്കു നിവേദിക്കുന്നു. കടൽക്കാക്കകൾ നിങ്ങൾക്കു ചുറ്റും തോണിക്കരികിൽ വീണ്ടും വട്ടമിട്ടുപറക്കാൻ തുടങ്ങും!

ഗംഗയുടെ മറുകരയിൽ പുലരിമഞ്ഞിന്റെ പുകപടലംമാറ്റി സൂര്യൻ ഉണരുന്നതേയുള്ളൂ. അക്ബർ കോട്ടയ്ക്കപ്പുറം യമുനയുടെ ഇരുകരകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിലെ ഉരുക്കുപാളങ്ങൾ ഒച്ചവച്ചു. ഹരി ഓം... ഹരി... മന്ത്രങ്ങളും കാവിക്കൊടികളുമായി തീർഥാടകരെയും വഹിച്ചുകൊണ്ടുള്ള മറ്റൊരു തീവണ്ടി കൂടി താവളമണയുകയാണ്.


1575 ൽ പണിത അക്ബർ കോട്ട

ഞങ്ങളോടൊപ്പം യാത്രാസംഘത്തിലുള്ള ഡോ. ഗോപകുമാർ പക്ഷികളെ ഊട്ടുന്നതിന്റെ പുണ്യത്തെക്കുറിച്ച് വാചാലനാകുന്നു. പ്രയാഗയിൽ ബലിതർപ്പണം ചെയ്യുന്നതിനും മുമ്പ് ഒരാൾ അനുഷ്ഠിച്ചിരിക്കേണ്ട ദാനധർമാദികളിൽ ഒന്ന്. ബ്രാഹ്മണരിൽ തുടങ്ങി തിര്യക്കുകൾവരെ നീണ്ടുചെല്ലേണ്ടുന്ന ഒരാളുടെ കരം. അത് അന്നമായി, അമൃതായി, ജലമായി...

*"ഓം ഭൂർഭുവ: സ്വ:*
*തത് സവിതുർ വരേണ്യം"*

ത്രിവേണീതീർഥാടനത്തിൽ മുങ്ങി നിവർന്ന് കൈക്കുടന്നയിൽ കോരിയെടുത്ത തീർഥജലം സവിതാവിനു നേർക്ക് ആചമിച്ചുകൊണ്ട് അപരിചിതനായ ഒരാൾ ഗായത്രീമന്ത്രം



ഫോട്ടോ: chattopadhyaya

അലഹബാദിലെ യമുനാനദി

**രണ്ടു നിറങ്ങളിൽ ഗംഗയും യമുനയും ഒന്നുചേരുന്ന ഈ സംഗമതീർഥത്തിൽ അരയ്ക്കൊപ്പം വെള്ളത്തിൽ ഇറങ്ങി നിൽക്കെ, എന്റെ കാലുകളെ വന്നു പൊതിയുന്ന ആ നിഗൂഢസാന്ത്വനം; അതെ, നിശ്ചയമായും ആ അന്തർവാഹിനിയുടേതാണ്. സരസ്വതിയുടേതാണ്! തൊട്ടരികെ മന്ത്രോച്ചാരണങ്ങൾ കേൾക്കാം. യു പി കാരന്റെ ഹിന്ദികലർന്ന സംസ്കൃതത്തിൽ.**

ഉരുവിടുന്നു.

*ഭർഗോ ദേവസ്യ ധീമഹി*
*ധിയോ യോന: പ്രചോദയാത്...''*

പൊടുന്നനെ അന്തർവാഹിനിയായ സരസ്വതിയെക്കുറിച്ച് ഞാൻ ഓർത്തു. ഒപ്പം ഞങ്ങൾക്കു പ്രിയങ്കരിയായിരുന്ന മാഗിയെയും.

*''ഞാൻ നദിയാണ്,*
*സരസ്വതി;*
*അന്തർവാഹിനി;*
*കാണാതെ ഒഴുകുന്നവൾ.*
*ഒഴുകിവന്ന്*
*ഇനി നിന്റെ പാദങ്ങളെ നനയ്ക്കാം...''*

എന്നിങ്ങനെ തന്റെ സന്ന്യാസിസുഹൃത്തിന്റെ മൊബൈൽ ഫോണിലേക്ക് സന്ദേശമയച്ചുകൊണ്ട് മരണത്തിന്റെ തണുപ്പിലേക്ക് നടന്നകന്നുപോയ, ഞങ്ങളിൽ പലരുടെയും പ്രിയങ്കരിയായ കൂട്ടുകാരി. എന്റെ പുസ്തകങ്ങളെ ഹൃദയത്തിൽ കൊണ്ടുനടന്നിരുന്ന ആരാധിക. ഓമനകളായ മൂന്നു മക്കളുടെ അമ്മ; മാഗി!

ഇവിടെയിപ്പോൾ, രണ്ടു നിറങ്ങളിൽ ഗംഗയും യമുനയും ഒന്നുചേരുന്ന ഈ സംഗമതീർഥത്തിൽ അരയ്ക്കൊപ്പം വെള്ളത്തിൽ ഇറങ്ങി നിൽക്കെ, എന്റെ കാലുകളെ വന്നു പൊതിയുന്ന ആ നിഗൂഢസാന്ത്വനം; അതെ, നിശ്ചയമായും ആ അന്തർവാഹിനിയുടേതാണ്. സരസ്വതിയുടേതാണ്!

തൊട്ടരികെ മന്ത്രോച്ചാരണങ്ങൾ കേൾക്കാം. യു പി കാരന്റെ ഹിന്ദികലർന്ന സംസ്കൃതത്തിൽ.

തളികയിൽ നിരത്തിയ ഉണങ്ങിയ ദശപുഷ്പങ്ങൾ. അരിയും ദർഭയും. എത്രകാലത്തെ പഴക്കമുണ്ടെന്നു നിശ്ചയിക്കാൻ കഴിയാത്ത നാളികേരം. എരിയുന്ന കർപ്പൂരം. അവയ്ക്കെല്ലാമിടയിൽ തിരിനീട്ടി നിൽക്കുന്ന ചെരാതിൻ വെളിച്ചം... ഒന്നും എന്നെ സ്പർശിക്കുന്നില്ല. വിശേഷവിധിയായി എനിക്കൊന്നും ചെയ്യാനുമില്ല. കാരണം, ഇരുപതുപേരടങ്ങുന്ന യാത്രാസംഘത്തിലെ ഏക അഹിന്ദുകുടുംബം എന്റേതുമാത്രമാണല്ലോ! അതായിരുന്നു ആ യാത്രാസംഘത്തിന്റെ ഏറ്റവും വലിയ ആകർഷണവും. ഭാരതത്തിലെ പുണ്യപുരാണ കേന്ദ്രങ്ങൾ സന്ദർശിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ക്രിസ്ത്യൻ കുടുംബം. പക്ഷേ ഇതെന്റെ പൈതൃകമാണ്. വിശ്വാസിയോ അവിശ്വാസിയോ അല്ലാത്ത ഞാൻ ഇവിടെ വെറും സാക്ഷി മാത്രം.

എല്ലാവർക്കുംവേണ്ടി യൂജിൻ ക്യാമറയിൽ ചിത്രങ്ങൾ തെരുതെരെ പകർത്തിക്കൊണ്ടിരുന്നു. ആ ക്യാമറയ്ക്കു കഴിയുമോ

എന്റെ പാദങ്ങളെ നനച്ചൊഴുകുന്ന ആ സ്നേഹസരസ്വതിയെ അതിന്റെ ലെൻസിനാൽ ഒപ്പിയെടുക്കാൻ.

യമുനയ്ക്കക്കരെ ഉദയത്തിന്റെ കുങ്കുമരേഖകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയപ്പോഴേക്കും പലരുടെയും ബലിയർപ്പണം അവസാനിച്ചു കഴിഞ്ഞിരുന്നു. പലരും കൈയിൽ കരുതിയിരുന്ന കുപ്പികളിൽ ഗംഗാജലം കോരിയെടുക്കുമ്പോൾ ഗൈഡ് അവരെ തിരുത്തുന്നതു കണ്ടു. ‘അല്ല; ഇവിടെ നിന്നുമല്ല പുണ്യതീർഥം ശേഖരിക്കേണ്ടത്. കാശിയിൽ നിന്നാണ്. അടുത്തദിവസം നമ്മൾ വാരാണസിയിലേക്കു പോകുന്നുണ്ട്.’

ത്രിവേണീസംഗമസ്ഥാനം ലോകത്തിന്റെ അരക്കെട്ടാണെന്ന് കവിയൂരിൽ നിന്നുള്ള സരസ്വതിയമ്മ ഓർമിപ്പിച്ചുകൊണ്ടിരുന്നു. അവിടെ സ്നാനം ചെയ്യുന്നയാൾക്കു പത്ത് അശ്വമേധങ്ങൾ നടത്തിയതിന്റെ ഫലം ലഭിക്കുമെന്നും. എഴുപതിലെത്തിയ റിട്ടയേഡ് അധ്യാപികയായ അവർ യാത്രയിലുടനീളം ഒറ്റയ്ക്കായിരുന്നു. അവർ മാത്രമല്ല, മാവേലിക്കരക്കാരിയായ കമലമ്മയും. 1948 ൽ മഹാത്മജിയുടെ ചിതാഭസ്മം നിമജ്ജനം ചെയ്തത് ഇവിടെ ആയിരുന്നുവെന്ന് ഞാൻ പറഞ്ഞപ്പോൾ അവർക്കത് പുതിയ ഒരറിവായിരുന്നു.

പ്രയാഗയിൽ വേദങ്ങളും യജ്ഞങ്ങളും ഉടലോടുകൂടി സ്ഥിതിചെയ്യുന്നതായി വിശ്വസിക്കപ്പെടുന്നു. കാശിയിൽ മുങ്ങി നിവരുന്നതിന്റെ ഫലസിദ്ധി തന്നെയാണ് ത്രിവേണിയിൽ നിന്ന് ഒരാൾക്കു ലഭിക്കുന്നതും. അതോടെ അയാൾ പാപമുക്തനാകുന്നു. ഇനിമേൽ അയാൾക്കു പാപം ചെയ്യാനാവില്ല!

ഇടതുവശത്ത് യമുനയുടെ കരയിൽ നോക്കെത്താദൂരം വരെ പരന്നുകിടക്കുന്ന മണപ്പുറങ്ങളിൽ കോവർ കഴുതകളും ഗോക്കളും മേഞ്ഞുനടക്കുന്നു. പന്ത്രണ്ടുവർഷത്തിലൊരിക്കൽ അരങ്ങേറാറുള്ള കുംഭമേളയ്ക്ക് വേദിയാകുന്നത് ഈ മണപ്പുറങ്ങളാണ്. ലോകത്തിൽ ഏറ്റവുമധികം ജനങ്ങൾ ഒരുമിച്ചു ചേരുന്ന ജനമേളകളിൽ ഒന്നാണിത്. പന്ത്രണ്ടുദിവസം നീണ്ടുനിന്ന ദേവാസുരയുദ്ധത്തിന്റെ ഓർമകളുണർത്തുന്ന കുംഭമേള സമൃദ്ധിയുടെ ആഘോഷം കൂടിയാണ്.

ദിഗംബര സന്ന്യാസിമാരുടെ മഹാതാണ്ഡവങ്ങൾകൊണ്ട് പ്രകമ്പിതമാകാറുള്ള മണൽപ്പുറങ്ങൾ പുലരിമഞ്ഞിൽ ഇപ്പോൾ ഉറങ്ങിക്കിടക്കുന്നു. അടുത്ത കുംഭമേളയ്ക്ക് അരങ്ങിലെത്തും വരെ ഈ ദിഗംബരസന്ന്യാസിമാരെല്ലാം ഏതേതു മാളങ്ങളിലായിരിക്കും ഒളിച്ചിരിക്കുക എന്ന് ഞാൻ അത്ഭുതപ്പെട്ടു. പ്രയാഗയുടെ പുളിനങ്ങളിൽ ആദ്യമായി കുംഭമേള സംഘടിപ്പിച്ചയാൾ നമ്മുടെ ശങ്കരാചാര്യരാണെന്നകാര്യം ഇവിടെ എത്തിച്ചേരുന്നവരിൽ എത്ര പേർക്കറിയാം?

ഈ കാണുന്ന ഗംഗയും യമുനയും ഒന്നുമായിരിക്കില്ല, അവരുടെ പ്രതാപകാലമെന്നു വിശേഷിപ്പിക്കാവുന്ന പ്രളയകാലങ്ങളിൽ. തീർഥാടകരൊക്കെ ഒഴിഞ്ഞുപോവുകയും തെളിഞ്ഞുകണ്ട മണൽത്തിട്ടകളെല്ലാം പ്രളയജലത്തിൽ ആഴ്ന്നുപോവുകയും ചെയ്യുമ്പോഴും തൊട്ടടുത്ത് ഒരാൾ ഹനുമാൻ മന്ദിരിൽ സുഖശയനത്തിലായിരിക്കും. മറ്റാരുമല്ല, ശ്രീഹനുമാനല്ലാതെ. ശ്രീരാമഭക്തനായ ഹനുമാന്റെ ശയിക്കുന്ന കൃഷ്ണശിലാവിഗ്രഹമാണ് അവിടത്തെ പ്രതിഷ്ഠ. കലിതുള്ളിവരുന്ന പ്രളയപ്രവാഹം അവിടേക്കു പക്ഷേ തിരിഞ്ഞുനോക്കാറില്ലത്രെ! ഏറിപ്പോയാൽ വായുപുത്രന്റെ കാൽപ്പാദങ്ങൾ വരെ. ആ കാലടികളിൽ ചുംബിച്ച് പ്രളയജലം ശക്തമായി തിരിച്ചുപോകാറാണു പതിവെന്ന് ഭക്തർ പറയുന്നു. എങ്കിലും തൊട്ടപ്പുറമുള്ള അക്ബർ കോട്ടയുടെ ചുമരുകളിൽ ഹനുമാൻ മന്ദിറിനേക്കാൾ ഉയരത്തിൽ പ്രളയജലം തങ്ങിനിന്നിരുന്നതിന്റെ അടയാളങ്ങൾ ഇപ്പോഴും മാഞ്ഞുപോയിട്ടില്ല.

ഞങ്ങളെ വിട്ടകന്ന കടൽക്കാക്കകൾ, അതാ മറ്റു തീർഥാടക സംഘങ്ങളുടെ തോണികൾക്കു ചുറ്റിലും ഇപ്പോൾ വട്ടമിട്ടു പറക്കുന്നു...



ഫോട്ടോ: Yosarian

കുംഭമേളയോടനുബന്ധിച്ചുള്ള ഘോഷയാത്ര

# പെൺപാവ

**പയ്യന്നൂർ കുഞ്ഞിരാമൻ**

കണ്ണാടിക്കൂട്ടിലിരുന്ന് പെൺപാവ ആഗതരെ നോക്കിക്കൊണ്ടിരുന്നു.രക്ഷിതാക്കൾ മക്കളെയും കൊണ്ട് ഷോപ്പിലേക്ക് വരുന്നു. ഉള്ളിൽ കടക്കുന്ന ഓരോ കുട്ടിയെയും പെൺപാവ മോഹത്തോടെ നോക്കി. ആരാണ് തന്നെ വാങ്ങാനെത്തുക? ഏതു വീട്ടിലേക്കാണ് തന്നെ കൊണ്ടുപോവുക?

കുട്ടികൾ ഓരോ പാവയെയും അത്ഭുതത്തോടെ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഷോപ്പിൽ പലതരം പാവകളുണ്ട്. ഷോപ്പുടമ ഓരോന്നിന്റെയും വിശേഷങ്ങൾ വിവരിക്കുന്നു.



പെൺപാവ അൽപ്പം വലുതാണ്. പ്രത്യേകം കണ്ണാടിക്കൂട്ടിലാണ് പാവയെ അടച്ച് വെച്ചിരിക്കുന്നത്. തുടുത്ത മുഖം, നീല കണ്ണുകൾ, സ്വർണ തലമുടി, മിന്നുന്ന കുപ്പായം.

''ഹായ്, എന്ത് ചന്തം!'' എന്ന് കുട്ടികൾ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ പാവയെ വാങ്ങാൻ ആരും വന്നില്ല.

പാവയ്ക്ക് സങ്കടമായി. എന്നെ ആർക്കും വേണ്ടേ? വില കൂടിയതുകൊണ്ടാണോ? പെൺപാവ കാത്തിരുന്നു.

ഉച്ചതെറ്റിയ സമയം. ഷോപ്പിനു മുന്നിൽ ഒരു കാറ് വന്നു നിന്നു. അതിന്റെ ഡോർ തുറന്ന് ഒരു പെൺകുട്ടി ഒഴുകി ഇറങ്ങി. പാദങ്ങളോളം ഊർന്ന് നിൽക്കുന്ന പാവാടയാണ് ഉടുത്തിരിക്കുന്നത്. പാവ ആ സുന്ദരിക്കുട്ടിയെ സൂക്ഷിച്ചുനോക്കി. എന്തു ഭംഗി. ചിരിക്കുന്ന മുഖം. വിടർന്ന മിഴികൾ. തലമുടി ഇരുവശത്തേക്കും മെടഞ്ഞ് കെട്ടിയിരിക്കുന്നു. കൈ നിറയെ കുപ്പിവളകൾ.

വളകിലുക്കിക്കൊണ്ട് അവൾ ഓടിവന്നു. ആദ്യം തന്നെ പെൺപാവ കണ്ണിൽപ്പെട്ടു.

''ഹായ് എന്തുനല്ല പാവ. അച്ഛാ... അച്ഛാ... നോക്ക്. സുന്ദരിപ്പാവ. എനിക്കിതിനെ വേണം.''

പെൺകുട്ടിയുടെ വാക്കുകേട്ട് ഷോപ്പുടമ വന്ന് കണ്ണാടിക്കൂട് തുറന്ന് പാവയെ പുറത്തെടുത്തു. പെൺകുട്ടി ഉടൻ



വര: സചീന്ദ്രൻ കാറഡുക്ക

തന്നെ പാവയെ പിടിച്ചു വാങ്ങി. അതിന്റെ തുടുത്ത കവിളിൽ ഉമ്മ വച്ചു. സ്വർണ്ണത്തലമുടി തഴുകി. മിന്നുന്ന ഉടുപ്പ് തടവിനോക്കി.

പെൺകുട്ടി പാവയിൽ ലയിച്ചു ചേരുകയായിരുന്നു.

പെൺപാവയും നിർവൃതി കൊണ്ടു. പെൺകുട്ടിയുടെ വിരലുകൾ സ്പർശിച്ചപ്പോൾ പാവയ്ക്ക് കുളിരനുഭവപ്പെട്ടു. കണ്ണുകൾ വിടർത്തി പാവ സുന്ദരിക്കുട്ടിയെ നോക്കി. തന്റെ ആഗ്രഹം പൂവണിഞ്ഞിരിക്കുന്നു.

പെൺകുട്ടി പാവയെ നെഞ്ചോടു ചേർത്ത് പിടിച്ചു. പാവ അവളുടെ മാറിൽ പറ്റിക്കിടന്നു. അവൾ പാവയെയും കൊണ്ട് കാറിൽ ചെന്നിരുന്നു.

വീട്ടിലെത്തിയിട്ടും പാവയെ അവൾ താഴത്തു വെച്ചില്ല. പാവയെ കൈയിലുയർത്തി അങ്ങുമിങ്ങും നീങ്ങി. പാട്ട് പാടി.

അമ്മ ദേഷ്യപ്പെട്ടു. പാവയെ ഷോക്കേയ്സിൽ വെക്കാൻ അമ്മ നിർദേശിച്ചു.

''ഇല്ലമ്മേ...ഇല്ല. ഇവളെന്റെ കുഞ്ഞനുജത്തിയാണ്. ഈ പൊന്നുമോളെ ഞാൻ എങ്ങും വെക്കില്ല.''

ഭക്ഷണം കഴിക്കാനിരുന്നപ്പോഴും പെൺപാവയെ അവൾ മടിയിലിരുത്തി. ചപ്പാത്തിക്കഷണം മുറിച്ചെടുത്ത് നിനക്ക് വേണോ എന്ന് ചോദിച്ചു. പാവയ്ക്കും വിശപ്പുണ്ടാവില്ലേ.

മകളുടെ സംസാരം കേട്ട് അച്ഛനു സങ്കടമായി. ഒരു കുഞ്ഞനുജത്തിയെ താലോലിക്കാനുള്ള മകളുടെ മോഹം പൂവണിഞ്ഞില്ലല്ലോ. ഇപ്പോൾ മറ്റൊരനുജത്തിയെ കിട്ടിയിരിക്കുന്നു. ഇവൾ സന്തോഷിക്കട്ടെ. ആവോളം ആശ്വസിക്കട്ടെ.

പാവയും അത്യധികം ആഹ്ലാദിച്ചു. തന്നെ സ്നേഹിക്കാൻ ഒരു സുന്ദരിചേച്ചിയെ കിട്ടിയിരിക്കുന്നു. തനിക്ക് വിശപ്പില്ലേ എന്ന് ചോദിക്കുന്നു. ചപ്പാത്തിക്കഷണം ചുണ്ടത്തു വച്ചുതരുന്നു. എന്ത് സ്നേഹം. ഒന്നും മറുപടി പറയാൻ കഴിയുന്നില്ലെങ്കിലും എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. പാവയാണെങ്കിലും ഒരു മനസ്സുണ്ടല്ലോ.

പാവ വല്ലാത്ത ലഹരിയിലായിരുന്നു. കിടക്കാൻ നേരത്തും പെൺകുട്ടി പാവയെ കട്ടിലിലിരുത്തി അതിന്റെ വലിയ കണ്ണുകളിലേക്ക് കുറെ നേരം നോക്കിയിരുന്നു. നിനക്കെന്തു പാട്ടാണ് പാടിത്തരേണ്ടത്? എന്തു കഥയാണ് പറഞ്ഞുതരേണ്ടത്? രാജകുമാരിയുടെ കഥ വേണോ? ചെന്നായയുടെ കഥ വേണ്ട. സ്നേഹമുള്ള കഥ തന്നെ കേൾപ്പിക്കാം. നിനക്കറിയോ, കുട്ടികളെ പറ്റി നല്ല നല്ല കഥകളെഴുതിയ പത്മനാഭൻ എന്ന ഒരെഴുത്തുകാരൻ ഉണ്ട്. അദ്ദേഹത്തിന്റെ കഥകേട്ടാൽ നിന്റെ നീല കണ്ണുകളിൽ കൗതുകം വിടരും, ആത്മാവിൽ കുളിരു പകരും. ആശ്വാസത്തിന്റെ നെടുവീർപ്പുയരും. അല്ലാ, നിനക്കൊരു പേരു വേണ്ടേ? എന്തു പേര് വേണം? പത്മനാഭന്റെ കഥയിലെ പേരായാലോ. അശ്വതി, അമ്മുക്കുട്ടി, മൈഥിലി. ഏതു വേണം?

പാവയുടെ മിഴികൾ വിടരുന്നതുപോലെ തോന്നി.

തുറന്ന ജാലകത്തിലൂടെ നിലാവ് എത്തിനോക്കുന്നുണ്ടായിരുന്നു. അവൾ പാവയെ എടുത്ത് നിലാവിനു നേർക്ക് പിടിച്ചു. കണ്ടോ നിലാവിന് എന്ത് ഭംഗി. നിന്നെപ്പോലെ സുന്ദരിയാണ്.

തണുത്ത കാറ്റടിച്ചപ്പോൾ അവൾ പാവയെ കട്ടിലിൽ കിടത്തി. സ്വന്തം പുതപ്പു കൊണ്ട് മൂടി. ഉറങ്ങിക്കോ ഉറങ്ങിക്കോ എന്നു പറഞ്ഞു.

**മകളുടെ സംസാരം കേട്ട് അച്ഛനു സങ്കടമായി. ഒരു കുഞ്ഞനുജത്തിയെ താലോലിക്കാനുള്ള മകളുടെ മോഹം പൂവണിഞ്ഞില്ലല്ലോ. ഇപ്പോൾ മറ്റൊരനുജത്തിയെ കിട്ടിയിരിക്കുന്നു. ഇവൾ സന്തോഷിക്കട്ടെ. ആവോളം ആശ്വസിക്കട്ടെ.**

നാളെ നേരത്തെ ഉണരണം. എനിക്ക് സ്കൂളിൽ പോകണം.

പെൺപാവയെ പറ്റിപ്പിടിച്ച് അവൾ ഉറങ്ങി. കാലത്തുണർന്നതുമുതൽ തിരക്കായിരുന്നു. സ്കൂൾവാഹനം എത്തുന്നതിന് മുമ്പ് കുളിച്ച് തയ്യാറാകണം. പാവയെ സോഫയിലിരുത്തിയാണ് നിത്യകർമങ്ങളിൽ ഏർപ്പെട്ടത്.

''അമ്മേ ഞാനിതിനെ സ്കൂളിലേക്ക് കൊണ്ടുപോകട്ടെ?''

മകളുടെ ചോദ്യം അമ്മയെ ദേഷ്യം പിടിപ്പിച്ചു.

''നിനക്കെന്താ ഭ്രാന്തുണ്ടോ. പെൺപാവയെ സ്കൂളിലേക്ക് കൊണ്ടുപോകയോ.''

പെൺകുട്ടി നിശ്ശബ്ദയായി. സ്കൂളിൽ നിന്ന് വരുന്നതുവരെ പെൺപാവയെ ആര് നോക്കും? വല്ലവരും വന്ന് എടുത്തുകൊണ്ടു പോയെങ്കിലോ. ഗേറ്റിൽ സ്കൂൾവണ്ടി വന്നു നിന്നു. അമ്മ മകളുടെ കൈയിൽ നിന്നും പാവയെ വാങ്ങി. മേശപ്പുറത്ത് ടെലിവിഷന്റെ അടുത്തായി വച്ചു.

സങ്കടത്തോടെ പെൺകുട്ടി സ്കൂളിലേക്കു പോയി.

അന്ന് ഒഴിവുദിവസമായിരുന്നു.

''അച്ഛാ നമുക്കിന്ന് ബീച്ചിൽ പോയാലോ?'' അവൾ ചോദിച്ചു.

അമ്മ എതിർത്തു. എങ്ങും പോകേണ്ട. ബീച്ചിൽ പോയി എന്തു ചെയ്യാനാ. പക്ഷെ അച്ഛൻ എതിരു നിന്നില്ല. മകളുടെ ആഗ്രഹത്തിനു വഴങ്ങിക്കൊടുത്തു.

ബീച്ചിൽ ധാരാളം പേർ ഉണ്ടായിരുന്നു. കുട്ടികൾ ഓടിച്ചാടി കളിക്കുകയാണ്. പലരും കടൽവെള്ളത്തിലിറങ്ങിയാണ് കളിക്കുന്നത്. പെൺകുട്ടിക്കും ആഗ്രഹം ഉണ്ടായി.

പൂഴിമണ്ണിലൂടെ അവൾ ഓടിച്ചാടി കളിച്ചു. കാറ്റിൽ തലമുടി പാറിപ്പറന്നപ്പോൾ കൈകൊണ്ട് ഒതുക്കി പിടിച്ചു. പാവയുടെ തലമുടിയും കാറ്റിലാടിക്കൊണ്ടിരുന്നു.

തിരമാലകൾ ആഞ്ഞാഞ്ഞടിച്ചുകൊണ്ടിരുന്നു. കുട്ടികളെല്ലാം ആവേശത്തിലാണ്.

**പാവയെ നെഞ്ചോടടുക്കിപ്പിടിച്ച് അവൾ കടലിലേക്ക് ഇറങ്ങിനിന്നു. ഒന്നുരണ്ടു തിരകൾ ശാന്തമായി കടന്നുവന്നു. പെൺകുട്ടിയുടെ കാൽപ്പാദം നനച്ചുകൊണ്ട് അത് തിരികെ പോയി. അൽപ്പം കഴിഞ്ഞപ്പോൾ മറ്റൊരു തിര ഊക്കോടെ അടിച്ചുകയറി. പെൺകുട്ടിയുടെ കാലിടറി.**

പെൺകുട്ടിക്കും ആവേശമായി. പാവയെ നെഞ്ചോടടുക്കിപ്പിടിച്ച് അവൾ കടലിലേക്ക് ഇറങ്ങിനിന്നു.

പാവ അത്ഭുതലോകത്തായിരുന്നു. കണ്ണാടിക്കൂട്ടിലെ ഏകാന്തതയിൽ നിന്ന് കടപ്പുറത്തെ ഈ സ്വാതന്ത്ര്യത്തിലേക്ക് തനിക്കു മോചനം ലഭിച്ചല്ലോ.

അച്ഛൻ മകളെ വിളിച്ചുകൊണ്ടിരുന്നു. മകൾ ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല.

പടിഞ്ഞാറെ ആകാശത്തിൽ സൂര്യബിംബം താണുകൊണ്ടിരുന്നു. അവളുടെ ശ്രദ്ധ മുഴുവൻ ആ പൊൻപ്രഭയിലാണ്ടു. പാവയെ ഉയർത്തിപ്പിടിച്ച് അവൾ സൂര്യബിംബം കാട്ടിക്കൊടുത്തു. ഇരുവരും എല്ലാം മറന്ന് ആഹ്ലാദിച്ചങ്ങനെ നിൽക്കയായിരുന്നു.

ഒന്നുരണ്ടു തിരകൾ ശാന്തമായി കടന്നുവന്നു. പെൺകുട്ടിയുടെ കാൽപ്പാദം നനച്ചുകൊണ്ട് അത് തിരികെ പോയി. അൽപ്പം കഴിഞ്ഞപ്പോൾ മറ്റൊരു തിര ഊക്കോടെ അടിച്ചുകയറി. പെൺകുട്ടിയുടെ കാലിടറി. അവൾ കരയിലേക്കു തെറിച്ചുവീണു. കൈയിൽ നിന്നും പാവ ദൂരേക്കു പറന്നുപോയി.

അച്ഛൻ ഓടി വന്ന് മകളെ പിടിച്ച് എഴുന്നേൽപ്പിച്ചു. സുന്ദരിപ്പാവയെ എടുക്കാൻ അവൾ കടൽക്കരയിലൂടെ ഓടി. പെട്ടെന്ന് മറ്റൊരു തിര കൂടി ശക്തിയായി കടന്നുവന്നു. സുന്ദരിപ്പാവയെയും കൊണ്ടാണ് ആ തിരകൾ കടലിലേക്കിറങ്ങിയത്.

''സുന്ദരീ...'' പെൺകുട്ടി ആർത്തുവിളിച്ചു.

അച്ഛൻ മകളെ ബലമായി ചേർത്തുപിടിച്ചു.

''അച്ഛാ...അച്ഛാ...എന്റെ കുഞ്ഞുമോൾ.'' അവൾ വിങ്ങിക്കരഞ്ഞു.

അച്ഛൻ മകളെ കൈയിലെടുത്തു. സൂര്യൻ പാതിയും കടലിൽ താണിരുന്നു. അതിന്റെ പൊൻപ്രകാശം കടൽജലത്തിൽ വ്യാപിക്കുന്നു.

പെട്ടെന്ന് ഒരു തിരമാല അടിച്ചുയർന്നു. പെൺപാവ അവളുടെ അടുത്തേക്ക് തെറിച്ചുവീണു. മകൾ അച്ഛന്റെ കൈയിൽ നിന്നും കുതറിയിറങ്ങി. നിറഞ്ഞ കണ്ണുകളോടെ അവൾ പാവയെ എടുത്ത് നെഞ്ചോടു ചേർത്തു.



# ഓമനത്തിങ്കൾ

## അമ്പലപ്പുഴ ഗോപകുമാർ

ഓമനത്തിങ്കൾക്കിടാവോന്നു കേൾക്കുമ്പോൾ
ഓരോമനസ്സിലുമമ്മമുഖം
കോമളത്താമരപ്പൂപോൽ വിടരുന്നു,
ഓർമകൾക്കെന്തു സുഗന്ധസുഖം!

രാജകൊട്ടാരത്തിലുണ്ണിക്കുറങ്ങുവാൻ
താരാട്ടുപാട്ടൊന്നൊരുക്കിയപ്പോൾ,
ആരും നിനച്ചില്ലാപ്പാട്ടിലലിഞ്ഞിടും
കേരളം, കൈരളിയുള്ളകാലം...

വാരുറ്റവാത്സല്യത്തേൻകുഴമ്പായമ്മ-
മാറിൽനിന്നാപ്പാട്ടൊലിച്ചിടുമ്പോൾ,
മാതൃത്വമെന്ന മഹത്വം പകരുന്ന
മാധുരിയെങ്ങും നിറഞ്ഞിടുന്നു...
ലോകം തളിർക്കുന്നൊരാപ്രേമവായ്പിന്റെ
നേരിൽ ബന്ധങ്ങൾ വളർന്നിടുന്നു...

ആരോമലുണ്ണികളമ്മമാർക്കെന്നെന്നു
മാനന്ദസർവസ്വമായിടുന്നു...
കാക്കയ്ക്കും തൻ കുഞ്ഞു പൊൻകുഞ്ഞെന്നുള്ളൊരു
വാച്ചൊല്ലു പണ്ടേ നാം കേട്ടിട്ടില്ലേ...?
എല്ലാമറിഞ്ഞിട്ടുമാമനം വായിക്കാൻ
എന്നെങ്കിലും നമുക്കായിട്ടുണ്ടോ...?
അമ്മാതൃഗർഭം ചുമന്ന കടംവീട്ടാൻ
ജന്മാന്തരങ്ങൾക്കും സാധ്യമാണോ?

ഇങ്ങനെയുള്ളൊരുചിന്തയിരയിമ്മൻ
തമ്പിതൻ താരാട്ടു കേട്ടനേരം
എങ്ങിനെയോ വീണ്ടുമമ്മമലയാളം
നന്മതൻനെയ്ത്തിരിനീട്ടിടുന്നു!

*(സ്വാതിതിരുനാളിനെ പാടിയുറക്കുവാൻ ഇരയിമ്മൻതമ്പി രചിച്ചതാണത്രെ 'ഓമനത്തിങ്കൾക്കിടാവോ' എന്നാരംഭിക്കുന്ന താരാട്ടുപാട്ട്.)*



വര : സന്തോഷ് വെളിയന്നൂർ

# അമ്മമ്മയുടെ പകലുറക്കം

ആര്യാ ഗോപി

ഒന്നെണ്ണി രണ്ടെണ്ണി
അമ്മമ്മ പാടുന്നു.
കുഞ്ഞുണ്ണി
കാണാമറയത്തൊളിക്കുന്നു.

മൂന്നെണ്ണി നാലെണ്ണി
അമ്മമ്മ പാടുന്നു.
കുഞ്ഞുണ്ണി
കണ്ണാരം ചാഞ്ചാടിയെത്തുന്നു.

അഞ്ചെണ്ണി ആറെണ്ണി
അമ്മമ്മ പാടുന്നു.
കുഞ്ഞുണ്ണി
മുതുകേറി ആനകളിക്കുന്നു.

ഏഴെണ്ണി എട്ടെണ്ണി
അമ്മമ്മ പാടുന്നു.
കുഞ്ഞുണ്ണി
അമ്മമ്മ മടിമേലുറങ്ങുന്നു.

നോക്കല്ലേ... കാണല്ലേ...
കാക്കച്ചീ... നീയിപ്പോൾ
കാച്ചിരി പീച്ചിരി
പാടിക്കലമ്പല്ലേ...

പൂച്ചമ്മേ, പാലമ്മേ
പൂവാലിക്കൊച്ചമ്മേ
മ്യാവൂ... മ്യാവൂ പാടി
ഈ വഴിയെത്തല്ലേ...

എന്നുണ്ണി പൊന്നുണ്ണി
കുഞ്ഞുണ്ണിയിങ്ങനെ
കൺപോളപൂട്ടി
ഉറങ്ങിത്തുടങ്ങുന്നു.

അമ്മമ്മത്താളത്തി-
ലാഴിയുറങ്ങുന്നു
പൂഴിയുറങ്ങുന്നു
പൂക്കളുറങ്ങുന്നു.

താളങ്ങളൊക്കെയും
താനേയുറങ്ങുന്നു
കുഞ്ഞുണ്ണിക്കണ്ണുകൾ
മെല്ലെയടയുന്നു.

ഒമ്പതെണ്ണും മുമ്പേ
അമ്മമ്മച്ചൂടേറ്റു
കുഞ്ഞുണ്ണിക്കിങ്ങനെ
നല്ലുറക്കം.
അമ്മമ്മയ്ക്കിങ്ങനെ
പകലുറക്കം!




വര: സുജിത് പി വി


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
കേട്ടിട്ട് കൊതി യാവുന്നു...
എന്നിട്ട്?
ഓണപ്പാട്ടും തുമ്പിതുള്ളലും ഊഞ്ഞാലാട്ടവും...
ഉത്രാടത്തിന്റന്നൊരു വെപ്രാളമാ... കേട്ടിട്ടില്ലേ ഉത്രാടപ്പാച്ചിൽ എന്ന്... തിരുവോണത്തിന് സദ്യയൊരുക്കാൻ സാധന ങ്ങൾമേടിക്കാനുള്ള ഓട്ടമാ ആ കാലമൊക്കെ എന്തു രസമാ...
എനിക്കും ഊഞ്ഞാലാടണം...
എനിക്കും
മുത്തശ്ശിക്ക് ഒരു ഉത്രാടപ്പാച്ചിൽ നടത്താൻ അവസരം വന്നു. പൂ തീർന്നു.... കുറച്ച് പൂ കൊണ്ടുവരണം...
ഹ....ഹ...

# കുട്ടികളുടെ പ്രിയപ്പെട്ട സൂര്യൻ മാഷിന് വിട

**പള്ളിയറ ശ്രീധരൻ**




പ്രശസ്ത ബാലസാഹിത്യകാരനും സാംസ്കാരിക പ്രവർത്തകനുമായ **എം എസ് കുമാർ** ആഗസ്റ്റ് 7 ന് അന്തരിച്ചു. കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗവും തളിര് പത്രാധിപ സമിതി അംഗവുമായിരുന്നു. ഇടതുപക്ഷ പുരോഗമന കലാസാഹിത്യ പ്രസ്ഥാനങ്ങളിൽ സജീവ സാന്നിധ്യമായിരുന്ന എം എസ് കുമാർ എഴുത്തിന്റെ ലോകത്ത് അന്ത്യനിമിഷം വരെ കർമനിരതനായിരുന്നു. 1945 ൽ പാലക്കാട് ഞാങ്ങാട്ടിരി ഗ്രാമത്തിൽ മുളയ്ക്കൽ വീട്ടിൽ ശങ്കുണ്ണി എഴുത്തച്ഛൻ ജാനകിയമ്മ ദമ്പതികളുടെ മകനായി ജനിച്ച സൂര്യകുമാറാണ് പിന്നീട് എം എസ് കുമാർ എന്ന പേരിൽ അറിയപ്പെട്ടത്. 1968 ൽ ഞാങ്ങാട്ടിരി എ യു പി സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം കുട്ടികളുടെ പ്രിയപ്പെട്ട സൂര്യൻ മാഷായിരുന്നു. 2000 ൽ വിരമിച്ച ശേഷം അദ്ദേഹം സാംസ്കാരിക രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിച്ചു.

ഇ എം എസ് നമ്പൂതിരിപ്പാടിന്റെ അവതാരികയോടെ പ്രസിദ്ധീകരിച്ച 'മിടുക്കൻ ബാബു'വാണ് ആദ്യകൃതി. ചന്ദ്രികയിലും ദേശാഭിമാനിയിലും മറ്റ് മാസികകളിലും നിരന്തരം കഥകൾ എഴുതിയതോടെ ബാലസാഹിത്യ രംഗത്ത് ശ്രദ്ധേയനായി. കുഞ്ഞൻപക്ഷി, സുന്ദരിപ്പാമ്പ്, പൂത്താങ്കീരി, സിനിമാനടൻ കുഞ്ചു, സ്വർണത്തുമ്പി, മിഠായി മണിയൻ, ശാരി, നിലാവിന്റെ അപ്പൂപ്പൻ, പീലിക്കാവടി, കഴുതമന്ത്രി, കുക്കു, പുള്ളിനങ്ങി, വാകമരത്തിലെ പക്ഷികൾ, മകുടി, കുടുകുടു വണ്ടി, കുറുക്കൻ കഥകൾ, ചെമ്പൻകുറുക്കനും വെള്ളിമുയലും, ആനമീശ, പാക്കനാർ, പൂവിളിക്കുന്ന്, കുഞ്ഞിക്കുറുക്കൻ, തുടങ്ങി എൺപതോളം ബാലസാഹിത്യ കൃതികൾ അദ്ദേഹം എഴുതിയിട്ടുണ്ട്. കൂടാതെ അഞ്ച് നോവലുകളും അഞ്ച് ചെറുകഥാസമാഹാരങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.

1981 ൽ ഉടുക്ക് എന്ന നോവലിന് മാമ്മൻ മാപ്പിള അവാർഡ് ലഭിച്ചതോടെയാണ് എം എസ് കുമാർ സാഹിത്യരംഗത്ത് കൂടുതൽ ശ്രദ്ധേയനായത്. 1989 ൽ 'മന്ദാകിനിയുടെ ഗാനം' എന്ന നോവലിന് കേന്ദ്ര സാംസ്കാരിക വകുപ്പ് ഫെലോഷിപ്പും 1990 ൽ ബാലസാഹിത്യ രംഗത്തെ സമഗ്ര സംഭാവന പരിഗണിച്ച് ഇന്ത്യൻ ശിശുവിദ്യാഭ്യാസ കൗൺസിൽ നാഷണൽ അവാർഡും ലഭിച്ചു. 1991 ൽ 'ആരോ മരിച്ചിട്ടുണ്ട്' എന്ന കഥാസമാഹാരത്തിന് അധ്യാപക കലാവേദി അവാർഡ്, 2002ൽ 'ആനമീശ' എന്ന കൃതിക്ക് ചെറുകാട് അവാർഡ്, 2003ൽ 'പുള്ളിനങ്ങി' എന്ന പുസ്തകത്തിന് അബുദാബി ശക്തി അവാർഡ്, 2006 ൽ 'കളിവീണ' എന്ന കൃതിക്ക് പി ടി ബി ബാലസാഹിത്യ പുരസ്കാരം, 2010 ൽ 'ഉണ്ണിക്കണ്ണന്റെ വരവ്' എന്ന ഗ്രന്ഥത്തിന് അറ്റ്ലസ് കൈരളി അവാർഡ് എന്നിവ ലഭിച്ചു.

കേരളസ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഭരണസമിതി അംഗം, ഗ്രന്ഥാലോകം, തത്തമ്മ എന്നിവയുടെ പത്രാധിപ സമിതി അംഗം തുടങ്ങിയ മേഖലകളിലും പ്രവർത്തിച്ചു. പുരോഗമന കലാസാഹിത്യ സംഘം പാലക്കാട് ജില്ലാ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചുവരികയായിരുന്നു. എഴുത്തുകാരിയും അധ്യാപികയുമായ പി ആർ കമലമാണ് ഭാര്യ. ദീപ(ചെന്നൈ), ദിലീപ്(കൊച്ചി) എന്നിവർ മക്കളാണ്.

എന്നും ഞങ്ങൾക്കൊപ്പം പ്രവർത്തിച്ച, പ്രിയസഹയാത്രികന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും തളിരു മാസികയുടെയും കണ്ണീർപ്രണാമം.



വര: രാജീവ് എൻ ടി

# കുറുമ്പുകൾ

വിനോദ് വൈശാഖി

മഴനൂൽ
മണ്ണിൽ കൊരുത്ത്
തുന്നിത്തന്ന
തണുപ്പിൻ മീതെ
മലർന്നു കിടന്നൊരു
പുൽമേട് ചോദിക്കുന്നു:

മഴ വരുമ്പോൾ
തണുക്കുന്നതെങ്ങനെ?
പുൽച്ചാടി
ഒളിക്കുന്നതെവിടെ,
വല നെയ്യും ചിലന്തി
ജീവനോടുണ്ടാകുമോ.

തേനിൽ മുങ്ങി
യിരുന്ന ശലഭത്തിൻ
ചിറക്
കനംതൂങ്ങിയടർന്നു
പതിക്കുമോ?


ഇലക്കൂടുകൾ തകർന്നു
റുമ്പിൻ കുറുമ്പുകൾ
ഒഴുകിമറയാതിനി
യുമുണ്ടാകുമോ.
ചീവീടിൻ ചൂളം, കുത്തി-
യൊഴുക്കിലടയുമോ!
ഇടിവെട്ടേറ്റ തെങ്ങിൻ
തലപ്പ് പതിക്കുമോ..


ഓലപ്പുര യരിപ്പ
ഇറയത്തെ കുളിപ്പി
ച്ചിടയ്ക്കിടെ
വീടകം നനയ്ക്കില്ലേ?

മഴയിൽ നനയാതെ
ഒതുങ്ങി,
കുട പിടിച്ചെന്തിനു
സായന്തനച്ചന്തത്തെ
പാഴാക്കുന്നു

മുറ്റത്തെ മണവും
മണ്ണിൻ നിറവും
അലിയിച്ചിറമ്പിലൂടെ
പാഞ്ഞെൻ
കളിവള്ളവും കൊണ്ടെ-
വിടേക്കാണീ പോക്ക്...?

# ഉണ്ണിയാർച്ച


വടക്കൻ മലബാറിലെ പേരുകേട്ട പുത്തൂരം തറവാട്. 41 വട്ടം അങ്കക്കുറിയണിഞ്ഞ കണ്ണപ്പച്ചേകവരായിരുന്നു തറവാടിന്റെ കാരണവർ.
ആർച്ചേ, ഇന്ന് ഇത്രയും പഠിച്ചാൽ മതി. പടയ്ക്ക് പോകേണ്ടത് ആണുങ്ങളല്ലേ?
പറ്റില്ല. കുറച്ചുകൂടി.
കണ്ണപ്പച്ചേകവരുടെ മക്കളായിരുന്നു ധീരനായ ആരോമൽ ചേകവരും ഉണ്ണിയാർച്ചയും.
ആരോമലേ, ആർച്ചയ്ക്ക് ഉറുമിയോടാണല്ലോ പ്രിയം.
അച്ഛൻ പറഞ്ഞതു ശരിയാണ്.
മതി കുഞ്ഞിപ്പെങ്ങളേ, ഇനി നീ കുളിച്ച് ആഹാരം കഴിക്ക്.
ങ്ഹും!


ഇന്ന് ആരാണ് ഞാനുമായി പയറ്റുന്നത്?
ആരോമലേ, നീ ചെല്ല്.
വേണ്ട, ഉടപിറന്നോൻ വെറുതേ തോറ്റുതരും.
അയ്യോ അല്ല, നീ എന്നെ തോല്പിക്കുന്നതല്ലേ?
കള്ളം. വെറുതേ തോറ്റതായി അഭിനയിക്കുന്നതാ. ഇന്ന് ശരിക്കും പയറ്റണം.
മരുമകൻ ചന്തു മുന്നോട്ടുവന്നു.
ധൈര്യമുണ്ടെങ്കിൽ എന്നോട് എതിരിട്ടു നോക്ക്.
നിന്റെ വാളിനോടുള്ള കൊതി ഇന്നു ഞാൻ തീർത്തുതരാം.
വേണ്ട ചന്തു.


ഞാനിതാ തയാർ.
ഞാനും.
ചന്തു വീറോടെ പൊരുതി. പക്ഷേ.
ഇവൾ എന്നെ തോല്പിക്കുമല്ലോ.
ആണൊരുത്തനായിട്ടും കൈക്കരുത്ത് കുറവാണല്ലോ.
ഞാൻ അപ്പോഴേ പറഞ്ഞില്ലേ അവളുമായി പട വെട്ടാൻ പോകരുതെന്ന്!
ഹഹഹ.. പെണ്ണു കേമി തന്നെ !
അച്ഛാ, നമുക്ക് ആർച്ചയ്ക്ക് വിവാഹം ആലോചിക്കേണ്ടേ?
വേണം.




© JINGLE BELL CREATIONS

കഥാപ്രസംഗം

# ചന്ദ്രഗിരിപ്പുഴ ചിരിക്കാറില്ല

**രാജേശ്വരി തോന്നയ്ക്കൽ**

**കാസറഗോഡെ എൻഡോസൾഫാൻ ദുരന്ത ബാധിതരുടെ ദുരിതങ്ങളെ ആസ്പദമാക്കി എഴുതിയ കഥാപ്രസംഗം.**

*(ദുരന്തത്തിന്റെ ഇരകളെ ഓർത്തുകൊണ്ട് നമിച്ചുകൊള്ളുന്നു.)*

രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് യാത്രകൾ തുടങ്ങാനും അല്ലെങ്കിൽ അവസാനിപ്പിക്കാനും ഉള്ള ഒരു സ്ഥലത്തേക്കാണ് ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നത്. അതെ, കാസറഗോഡ്. കേരളത്തിന്റെ വടക്കേ അറ്റത്തെ ജില്ല. ചന്ദ്രഗിരിപ്പുഴയും തുളുനാടൻകോട്ടയും ചരിത്രത്തിൽ ഇടം നേടിയ ജില്ല.

''വിജയനഗര സാമ്രാജ്യം
കൊടികുത്തിയനാട്
കുടകിന്റെ താഴ്‌വ-
രയിൽ
തലചായ്ക്കും നാട്

തെയ്യക്കോലം കെട്ടിയാടും
തേവരുടെ നാട്
തെങ്ങു കവുങ്ങു കശുമാവ്
കാവൽ നിന്ന നാട്...''

തെയ്യക്കോലങ്ങൾക്കുമാത്രമല്ല ഈ ജില്ല പ്രസിദ്ധി നേടിയിട്ടുള്ളത്.

''പൂരക്കളി, കോൽക്കളിയും...
പൂരക്കളി, കോൽക്കളിയും
യക്ഷഗാനത്തെയ്യങ്ങളും
ഒത്തുചേർന്നാടിടുന്ന



വര: സചീന്ദ്രൻ കാറഡുക്ക

ഒരുമയുള്ള നാട്.''

മാത്രമോ...

''പള്ളിമണി ബാങ്കുവിളി
ഓങ്കാര ശംഖനാദം
ഒരുമയാർന്നു മുഴങ്ങിടുന്ന
തുളുനാടൻ മണ്ണ്.''

**കാസറഗോഡു നിന്ന് സന്ധ്യയ്ക്കു പുറപ്പെട്ട് അതിരാവിലെ തിരുവനന്തപുരത്തെത്തുന്ന മാവേലി എക്സ്പ്രസ്സിലെ യാത്രക്കാരെ ശ്രദ്ധിച്ചിട്ടുണ്ടോ? അവരിൽ പലരും തിരുവനന്തപുരം ആർ സി സിയിൽ കീമോ ചികിത്സയ്ക്കു വരുന്ന രോഗികളാണ്. എൻഡോസൾഫാനെന്ന കാളകൂടം നുണഞ്ഞിട്ടും മരിക്കാതെ ശേഷിക്കുന്നവരിൽ ചിലർ.**

എന്നാൽ ഇന്നത്തെ കാസറഗോഡിന്റെ കഥ ഇതൊന്നുമല്ല. എൻഡോസൾഫാൻ എന്ന കാളകൂടത്തിന്റെ പേരിൽ കുപ്രസിദ്ധിയാർജിച്ച നാട്.

കാഞ്ഞിരോട്ടപ്പന്റെ കാസറഗോഡ്.

കാസറഗോഡു നിന്ന് സന്ധ്യയ്ക്കു പുറപ്പെട്ട് അതിരാവിലെ തിരുവനന്തപുരത്തെത്തുന്ന മാവേലി എക്സ്പ്രസ്സിലെ യാത്രക്കാരെ നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? അവരിൽ പലരും തിരുവനന്തപുരം ആർ സി സിയിൽ കീമോ ചികിത്സയ്ക്കു വരുന്ന രോഗികളാണ്. എൻഡോസൾഫാനെന്ന കാളകൂടം നുണഞ്ഞിട്ടും മരിക്കാതെ ശേഷിക്കുന്നവരിൽ ചിലർ. എന്നാൽ മറ്റൊരു കൂട്ടർ ചികിത്സപോലും അന്യമായ വിധത്തിൽ അഥവാ ചികിത്സിച്ചാലും പ്രയോജനമില്ലാത്ത വിധം തൊട്ടിലിൽ കിടക്കുന്ന യുവാക്കളും യുവതികളുമാണ്. കാൽനൂറ്റാണ്ടിനുമുമ്പ് സംഭവിച്ച വിപത്തിന്റെ ഇരകൾ.

''സമ്പന്നരെന്നും കൊറിക്കാൻ കൊതിക്കുന്ന
കശുവണ്ടിയാണിവിടെ കൊച്ചുതാരം
കശുമാവിൻതോട്ടം തഴച്ചു കൊഴുക്കുവാൻ
കാകോളതീർഥം കുടഞ്ഞിടേണം.''

അതെ; കശുവണ്ടിക്കൃഷിയെ സംരക്ഷിക്കാൻ കോരിയൊഴിച്ച വിഷജലത്തിൽ നശിച്ചത് കശുമാവിൻ കീടങ്ങൾ മാത്രമല്ല, മനുഷ്യകീടങ്ങളും കൂടി ആയിരുന്നു.

''കമഴ്ന്നുവീഴാത്തവർ
കാൽമുട്ടിലിഴയാത്തോർ
പൊട്ടിച്ചിരിക്കുവാ-
നൊട്ടുമേകഴിയാത്തോർ...
പാൽപ്പല്ലുമുളയ്ക്കാത്തോർ
എല്ലുകൾ വളരാത്തോർ
വായ്തുറന്നൊന്നു കരഞ്ഞീടാനും കഴിയാത്തോർ...''

യൗവനപ്രായം കഴിഞ്ഞിട്ടും തൊട്ടിലിൽക്കിടന്നാടാൻ വിധിക്കപ്പെട്ടവർ, ശരീരം വളരുന്നതിനു പകരം തലമാത്രം വളരുന്നവർ. കമഴ്ന്നുവീഴാനും മുട്ടുകുത്തി ഇഴയാനും പിടിച്ചെണീക്കാനും പുറംലോകം കാണാനും വിധിച്ചിട്ടില്ലാത്തവർ.

''ഇരുളും വെളിച്ചവും
പോരുന്നതറിയാത്തോർ
ദുരിതദുരന്തങ്ങൾ
സമ്പാദ്യമായുള്ളോർ...''

പക്ഷേ, ഈ മനുഷ്യകീടങ്ങൾ കശുവണ്ടി കയറ്റുമതി ചെയ്യുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉറക്കം കെടുത്തിയതേയില്ല.

കശുമാവിന്റെ കീടങ്ങളായിരുന്നു അവരുടെ വിഷയം. പരിസ്ഥിതി പഠിക്കാനെത്തിയ വമ്പൻ ശാസ്ത്രജ്ഞരും ഈ മനുഷ്യകീടങ്ങളെ കണ്ടില്ല. കീടനാശിനി നിർമാണ കമ്പനിയും കണ്ടില്ല.

പിന്നെ കണ്ടതാര്?

ചന്ദ്രഗിരിപ്പുഴ.

പിന്നെ ചില മനുഷ്യസ്നേഹികളും.

അതുകൊണ്ടുമാത്രം ഈ കഥകൾ, ദുരിതങ്ങൾ കുറേപ്പേർ അറിഞ്ഞു.

കുഞ്ഞോളങ്ങളും ചെറുതിരകളും കൂടി തീരത്തോടു പുന്നാരംപറഞ്ഞ് തലതല്ലി ചിരിച്ചു മറിയുന്ന ചന്ദ്രഗിരിപ്പുഴയല്ല ഇന്ന് തുളുനാടൻ മണ്ണിലൂടെ പാഞ്ഞൊഴുകുന്നത്.

''ഏങ്ങലടിച്ചും കണ്ണീർ തുടച്ചും
തീരത്തോടൊപ്പാരു ചൊല്ലിച്ചൊല്ലി
മാറത്തടിച്ചുനിലവിളിച്ചു
ചന്ദ്രഗിരിയാറൊഴുകിടുന്നു.
തവള, നീർക്കോലികൾ
മാനത്തുകണ്ണികൾ
സർവതും ചത്തുമലച്ചൊഴുകി...
കീരിയും പൊന്മാനും കാട്ടുകിളികളും
മരപ്പട്ടി, തേവാങ്കും കുറ്റിയറ്റു.''

**കുഞ്ഞുകുട്ടികളെ കുളിപ്പിക്കാനും നീന്തി കളിപ്പിക്കാനും ഇന്ന് അമ്മമാർ ചന്ദ്രഗിരിക്കരയിൽ എത്തുന്നില്ല. തുണിയലക്കി കരയിൽ ഉണങ്ങാൻ നിവർത്തിയിട്ടിട്ട് മണിക്കൂറുകളോളം പുഴയിൽ നീന്തിമറിഞ്ഞ കുട്ടികളെ തേടി ചന്ദ്രഗിരി ഒഴുകുകയാണ്. കൗമാരയൗവനങ്ങളുടെ ആവേശത്തിൽ കാട്ടിലും മേട്ടിലും പുഴയിലും ക്ഷേത്രമുറ്റങ്ങളിലും ഉറഞ്ഞാടേണ്ട പ്രസരിപ്പാർന്ന പുതിയ തലമുറ എവിടെ?**

വംശനാശം വന്ന ജീവജാലങ്ങളുടെ കഥ അവിടംകൊണ്ടു കഴിഞ്ഞു. അതൊക്കെ ചന്ദ്രഗിരി മനഃപൂർവം മറന്നു. എന്നാൽ ചന്ദ്രഗിരിക്കു മറക്കാൻ കഴിയാത്ത കുറേ മനുഷ്യപ്പേക്കോലങ്ങൾ എൻമകജെയിലും ബേവിക്കാനത്തും ചുറ്റുപ്രദേശങ്ങളിലും ജീവനോടെയുണ്ട്.

കുഞ്ഞുകുട്ടികളെ കുളിപ്പിക്കാനും നീന്തി കളിപ്പിക്കാനും ഇന്ന് അമ്മമാർ ചന്ദ്രഗിരിക്കരയിൽ എത്തുന്നില്ല. തുണിയലക്കി കരയിൽ ഉണങ്ങാൻ നിവർത്തിയിട്ടിട്ട് മണിക്കൂറുകളോളം പുഴയിൽ നീന്തിമറിഞ്ഞ കുട്ടികളെ തേടി ചന്ദ്രഗിരി ഒഴുകുകയാണ്.

കൗമാരയൗവനങ്ങളുടെ ആവേശത്തിൽ കാട്ടിലും മേട്ടിലും പുഴയിലും ക്ഷേത്രമുറ്റങ്ങളിലും ഉറഞ്ഞാടേണ്ട പ്രസരിപ്പാർന്ന പുതിയ തലമുറ എവിടെ? ചന്ദ്രഗിരി അവരെത്തേടി പാഞ്ഞൊഴുകി.

''പുലരിയെ സന്ധ്യയെ കണ്ടിടാതെ
പൂർണേന്ദുവെന്തെന്നറിഞ്ഞിടാതെ
വർഷവസന്തങ്ങളേറ്റിടാതെ
വർണമേളങ്ങളുമന്യമായോർ
കൗമാരം യൗവനം മുട്ടുകിലും
കൈകാലിളക്കാൻ കഴിഞ്ഞിടാത്തോർ...''

സന്ധ്യയും പ്രഭാതവും കാണാതെ അമാവാസിയും പൗർണമിയും എന്തെന്നറിയാതെ ഇരുളും വെളിച്ചവും വേർതിരിച്ചറിയാതെ, യൗവനപ്രായമായ കുഞ്ഞുമക്കൾ നിശ്ശബ്ദമായിട്ട് എന്തൊക്കെയോ സംശയങ്ങൾ ചോദിക്കുന്നത് അമ്മമാർക്കു കേൾക്കാം.



''കാറ്റെന്താണമ്മേ,
കടലെന്താണമ്മേ,
കാഴ്ചയെന്തമ്മേ...
കല്യാണമെന്ത്...?

ഓണമെന്തമ്മേ?
വിഷുവെന്താണമ്മേ?
തെയ്യമെന്തമ്മേ, തിറയെന്ത്?''

കുഞ്ഞുമക്കൾ ചോദിക്കാനിടയില്ലാത്ത ഒരായിരം ചോദ്യങ്ങളെക്കുറിച്ച് ആലോചിച്ചിരിക്കാനും ഉത്തരം കണ്ടെത്താനും ഈ അമ്മമാർക്കു വേണ്ടുവോളം സമയമുണ്ട്.

''പാട്ടുമാട്ടവും താളമേളങ്ങളും
കുറുമ്പും കുസൃതിയുമൊന്നുമില്ല
അടിപിടി കൂടലും പിണങ്ങിപ്പിരിയലും
പിന്നീടിണങ്ങലുമൊന്നുമില്ല...''

അന്ധത ബാധിച്ചവർ, കേൾവി നഷ്ടപ്പെട്ടവർ, വിഷക്കാറ്റ് അപഹരിച്ച ബാല്യകൗമാരയൗവനങ്ങളുടെ ഉടമകൾ. എൻമകജെയിലെയും ബേവിക്കാനത്തിന്റെയും ഭാവി

വാഗ്ദാനങ്ങളാകേണ്ടിയിരുന്നവർ ഇതാ ഇരുട്ടറകളിൽ കിടുന്നുരുളുന്നു. ജന്മനക്ഷത്രവും ആണ്ടും തീയതിയും ഒരിക്കലും ഓർത്തുവയ്ക്കേണ്ട കാര്യമില്ല. ജന്മനാളുകൾ നിറപ്പകിട്ടോടെ ആഘോഷിക്കേണ്ട സ്ഥാനത്ത് അമ്മമാർ നെടുവീർപ്പോടെ നിശ്ശബ്ദമായി ദുർവാസരങ്ങളെ വലിച്ചു നീട്ടുകയാണ്.

"പുന്നാരക്കുഞ്ഞുങ്ങളെ
ആലോലത്താരാട്ടിനാൽ
ലാളിച്ചു കൊതിതീരാ-
ത്തമ്മമാരുടെ നാട്ടിൽ
പകലന്തിയോളവും
നൊമ്പരാലാപത്തോടെ
വിധിയെ പഴിക്കുന്നോ-
രമ്മമാരുടെ ദേശം..."

തങ്ങൾ വൃദ്ധരാകുന്ന കാലത്ത് കൈത്താങ്ങിന് മക്കളുണ്ടാകും എന്ന പ്രതീക്ഷ ഏതൊരച്ഛനമ്മമാർക്കും ഉണ്ടാകുമല്ലോ. എന്നാൽ ചന്ദ്രഗിരിയിലെ അമ്മമാർക്കുള്ളത് ആധിയാണ്.

'തങ്ങൾക്കു ശേഷം ഈ കുഞ്ഞുങ്ങളെ ആരു പോറ്റും?'

"നാളേറെ ചെന്നാലുമെത്ര വളർന്നാലും
ശൈശവം മാറാത്ത കൊച്ചുമക്കൾ."

ഈ മക്കൾക്കിനിയാര്? എന്ന ചോദ്യമാണ് എൻഡോസൾഫാന്റെ ദുരിതം കുടിച്ചിറക്കുന്ന ഓരോ അമ്മയുടെയും ചോദ്യം.

"കൂനി നടപ്പവർ, തലയുറയ്ക്കാത്തവർ
കൈകാലില്ലാത്തവർ നിസ്സഹായർ
കാഴ്ചയില്ലാത്തവർ, കേൾവിയില്ലാത്തവർ
വളർന്നാലും വളർന്നാലും ബാല്യമെന്നും.
അങ്കണവാടിയും പള്ളിക്കൂടങ്ങളും
അമ്പലമുറ്റവും കണ്ടിടാത്തോർ." (അങ്കണ)

ആശുപത്രിയും ആതുരസേവനവും ആർക്കുവേണ്ടി? ആർക്കുവേണ്ടിയാണീ കോർപ്പറേഷനുകൾ എന്നീ ചോദ്യങ്ങളുമായി ചന്ദ്രഗിരിപ്പുഴ മന്ദം മന്ദം ഒഴുകുകയാണ്.

"ഏങ്ങലടിച്ചും കണ്ണീർ തുടച്ചും
തീരത്തോടൊപ്പാരു ചൊല്ലി ചൊല്ലി
മാറത്തടിച്ചു നിലവിളിച്ചു
ചന്ദ്രഗിരിയാറൊഴുകിടുന്നു."

കുട്ടിക്കവിത



# ഉണ്ണിയുടെ ഓണം

ജെ ആർ കുറുപ്പ് ഏറ്റുമാനൂർ



വര: ആശ ആർ

ഓണവഴികളിൽ ഉണ്ണി
ഓടിത്തിമർത്തു നടന്നു
ഊഞ്ഞാലിൽ കേറി പറന്നു
പൂവേപൊലിപ്പാട്ടു കേട്ടു
മുത്തശ്ശി ചൊല്ലും കഥയിൽ
മാവേലി മന്നനെ കണ്ടു
പുത്തരിച്ചോറു കഴിച്ചു
കൊച്ചുവയറു നിറഞ്ഞു.





# ഫ്രാൻസ് ലോകചാമ്പ്യന്മാർ

**മോഹൻദാസ് അമ്പാട്ട്**

ഫിഫ ലോകകപ്പിന്റെ 21-ാം പതിപ്പാണ് 2018 ജൂൺ 14 മുതൽ ജൂലൈ 15 വരെ റഷ്യയിൽ നടന്നത്. ജൂലൈ 15 നു നടന്ന ഫൈനലിൽ ക്രൊയേഷ്യയെ തോൽപ്പിച്ച് ഫ്രാൻസ് ജേതാക്കളായി. റഷ്യ ഉൾപ്പെടെ 32 രാജ്യങ്ങളാണ് ടൂർണമെന്റിൽ പങ്കെടുത്തത്. ആദ്യമായാണ് ലോകകപ്പ് ഫുട്ബോൾ മത്സരം റഷ്യയിൽ വച്ചു നടന്നത്.

ദൂരെയൊരുപട്ടണത്തിൽ താമസിച്ചു തയ്യൽജോലി ചെയ്യുകയാണ് അച്ഛനും അമ്മയും. അതിനാൽ, നാട്ടിലെ കൊച്ചുവീട്ടിൽ, സ്നേഹനിധിയായ മുത്തച്ഛന്റെ വാത്സല്യത്തണലിൽ ആർത്തുല്ലസിച്ചായിരുന്നു ആ ബാലന്റെ ജീവിതം. പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്. അവന് ആറുവയസ്സുള്ളപ്പോൾ പൊട്ടിപ്പുറപ്പെട്ട യുദ്ധത്തിൽ അവന്റെ ഗ്രാമം കിരാതമായ ആക്രമണങ്ങൾക്കു വേദിയായി. മുത്തച്ഛനും മറ്റ് അഞ്ചുപേരും വെടിവെച്ചു വീഴ്ത്തപ്പെടുന്നത്, ഒന്നുകരയാൻപോലുമാകാതെ അവനു കണ്ടുനിൽക്കേണ്ടിവന്നു. അവരുടെ കൊച്ചുവീട് തകർക്കപ്പെട്ടു. അവന്റെ ജീവിതം അഭയാർഥിക്യാമ്പുകളിലേക്കു പറിച്ചുമാറ്റപ്പെട്ടു. പൊട്ടിച്ചിതറുന്ന വെടിയുണ്ടകൾക്കും ഗ്രനേഡുകൾക്കുമിടയിൽ ഭീതിയോടെ ജീവിതം തള്ളിനീക്കിയപ്പോഴും, നെഞ്ചോടുചേർത്തുവെച്ച ഒരുപന്തിൽ അവൻ അതിജീവനത്തിന്റെ തുരുത്ത് കണ്ടെത്തി.

ആ പന്ത് അവനെ ഇന്ന് ലോകത്തിന്റെ നെറുകയിലെത്തിച്ചിരിക്കുന്നു. ലുക്കാമോഡ്രിച്ച് എന്ന ആ ക്രൊയേഷ്യക്കാരൻ ഇന്ന് ലോകഫുട്ബോളിലെ ഏറ്റവും വിലപിടിച്ച മുത്താണ്. മോസ്കോയിലെ ലുഷ്നികി


സ്റ്റേഡിയത്തിൽ, കാൽപന്തുകളിയുടെ മഹാസാമ്രാജ്യത്തിന്റെ പുതിയ ചക്രവർത്തിയായി ഫ്രാൻസ് വാഴിക്കപ്പെട്ട, 2018 ജൂലൈ 15 -ാം തീയതിയിലെ ആഘോഷരാവിൽ, ലോകത്തിലെ ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരനുള്ള 'സ്വർണപ്പന്ത്' (GOLDEN BALL) ഏറ്റുവാങ്ങിയത്, അഭയാർഥി ക്യാമ്പുകളിൽ പന്തുകളിച്ചുവളർന്ന ലുക്കാമോഡ്രിച്ചാണ്. ക്യാപ്റ്റനെന്ന നിലയിൽ, മുന്നിൽനിന്നു പട നയിച്ച ലുക്കാമോഡ്രിച്ച്, ഈ ലോകകപ്പിലെ എല്ലാ മത്സരങ്ങളിലും വിജയിപ്പിച്ചുകൊണ്ട് ക്രൊയേഷ്യയെ ഫൈനൽ വരെയെത്തിക്കുകയും ചെയ്തു. ഫൈനലിലും ഗംഭീരമായിത്തന്നെ കളിച്ചുവെങ്കിലും, ഫ്രാൻസിന്റെ പരിചയസമ്പന്നതയ്ക്കുമുമ്പിൽ, രണ്ടിനെതിരെ നാലുഗോളുകൾക്ക് മോഡ്രിച്ചിന്റെ ടീമിനു പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. 1991ൽ മാത്രം സ്വാതന്ത്ര്യം നേടിയ ക്രൊയേഷ്യയുടെ ആദ്യ ലോകകപ്പ് ഫൈനലായിരുന്നു ഇതെങ്കിൽ, ഫ്രാൻസിന് ഇത് മൂന്നാം ഫൈനലും രണ്ടാമത്തെ ലോകകിരീടവുമാണ്. ഇതിനുമുൻപ് 1998ൽ സ്വന്തം നാട്ടിൽ ആദ്യവിജയം നേടിയ ഫ്രാൻസ് 2006ലെ ഫൈനലിൽ ഇറ്റലിയോടു പരാജയപ്പെട്ടു.

ഭൂമിയിൽ ഏറ്റവും കൂടുതൽ ജനപ്രീതിയുള്ള കായികവിനോദമാണ് കാൽപന്തുകളി അഥവാ, ഫുട്ബോൾ. അതുകൊണ്ടുതന്നെ,'ലോകകപ്പ്' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന, 'ഫുട്ബോൾ ലോകചാമ്പ്യൻഷിപ്പ്' ഭൂമിയിലെ ഏറ്റവും വലിയ ഉത്സവമായി കണക്കാക്കപ്പെടുന്നു. 'ഫിഫ' (FIFA) എന്ന പേരിലറിയപ്പെടുന്ന ' അന്താരാഷ്ട്ര ഫുട്ബോൾ ഫെഡറേഷനാ'ണ് ലോകകപ്പ് മേളയുടെ സംഘാടകർ. സ്വിറ്റ്സർലൻഡുകാരനായ ജിയാനി ഇൻഫന്റിനോയാണ് ഇപ്പോൾ ഫിഫ പ്രസിഡണ്ട്. 1930ൽ ഉറുഗ്വയിൽ തുടക്കംകുറിക്കപ്പെട്ട, നാലു വർഷത്തിലൊരിക്കൽ നടക്കുന്ന, ലോകകപ്പിന്റെ 21 -ാം പതിപ്പാണ് ജൂൺ 14 മുതൽ ജൂലൈ 15 വരെ റഷ്യയിൽ നടന്നത്.


തിബോ കോർട്ടോ

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടത്തപ്പെട്ട യോഗ്യതാമത്സരങ്ങൾ വിജയിച്ചെത്തിയ 31 രാജ്യങ്ങളും ആതിഥേയർ എന്ന നിലയിൽ പ്രവേശനം നേടിയ റഷ്യയുമുൾപ്പെടെ 32 രാജ്യങ്ങളാണ് റഷ്യയിലെ 11 നഗരങ്ങളിലായി നടത്തപ്പെട്ട, ലോകകപ്പ് ഫൈനൽറൗണ്ടിൽ മത്സരിച്ചത്. ലോകഫുട്ബോളിലെ വൻശക്തികളായ ഇറ്റലി, ചിലി, ഹോളണ്ട്, കാമറൂൺ, തുടങ്ങിയ രാജ്യങ്ങൾക്ക് ഇത്തവണ ഫൈനൽറൗണ്ടിലേക്ക് യോഗ്യത നേടാൻകഴിയാതെ വന്നപ്പോൾ, ഐസ്‌ലാൻഡ്, പാനമ എന്നീ രാജ്യങ്ങൾ ആദ്യമായി ഫൈനൽ റൗണ്ടിലെത്തി. ഇതുവരെ നടന്ന എല്ലാ ലോകകപ്പിലും മത്സരിച്ച ഒരേയൊരു രാഷ്ട്രം എന്ന സ്ഥാനം നിലനിർത്താൻ ബ്രസീലിനുകഴിഞ്ഞു.

ഒട്ടേറെ അട്ടിമറികൾക്കു സാക്ഷ്യംവഹിച്ചു കൊണ്ടാണ് ഇത്തവണത്തെ ലോകകപ്പ് കടന്നുപോയത്. ലോകഫുട്ബോളിൽ പേരുംപെരുമയുമുള്ള പലരാജ്യങ്ങളും ഇത്തിരിക്കുഞ്ഞന്മാരുടെ മുൻപിൽ തകർന്നുവീണു. കഴിഞ്ഞലോകകപ്പിലെ ചാമ്പ്യന്മാരായ ജർമനി, ദക്ഷിണകൊറിയയോടും മെക്സിക്കോയോടും തോറ്റ്, ഒന്നാം റൗണ്ടിൽതന്നെ പുറത്തായി. അർജന്റീന, ആദ്യമായി ലോകകപ്പിനെത്തിയ ഐസ്‌ലാൻഡിനോട് സമനില വഴ


ഹാരി കെയിൻ

ങ്ങുകയും, ക്രൊയേഷ്യയോട് ഏകപക്ഷീയമായ മൂന്നുഗോളുകൾക്കു തോൽക്കുകയും ചെയ്തു. ലോകറാങ്കിങ്ങിൽ ഉയർന്ന സ്ഥാനമുള്ള ബ്രസീലും സ്പെയിനും പോർച്ചുഗലും ഉറുഗ്വായുമൊക്കെ വഴിയിൽ തകർന്നുവീണപ്പോൾ, മുൻചാമ്പ്യന്മാരായ ഇംഗ്ലണ്ടിനോടും ഫ്രാൻസിനോടുമൊപ്പം സെമിഫൈനലിലെത്തിയത് ബെൽജിയവും ക്രൊയേഷ്യയുമാണ്.

ഇംഗ്ലണ്ടിന്റെ ഹാരി കെയിൻ, ആറു ഗോളുകളുമായി, ഏറ്റവും കൂടുതൽ ഗോളടിച്ച കളിക്കാരനുള്ള 'സ്വർണപാദുകം' (GOLDEN BOOT) നേടിയപ്പോൾ, ഏറ്റവും മികച്ച ഗോൾകീപ്പർക്കുള്ള 'സ്വർണക്കയ്യുറ' (GOLDEN GLOVE) നേടിയത് ബെൽജിയത്തിന്റെ തിബോ കോർട്ടോ ആണ്. ഫ്രാൻസിന്റെ കിലിയൻ എംബാപ്പെലോട്ടിൻ ആണ് ഏറ്റവും മികച്ച കൗമാരതാരം. ലോകകപ്പ് ഫൈനലിൽ ഗോൾ നേടുന്ന പ്രായംകുറഞ്ഞ രണ്ടാമത്തെ താരമാണ്, 19 വർഷവും 207 ദിവസവും തികച്ച എംബാപ്പെ.

17 വർഷവും 249 ദിവസവും പ്രായമുള്ളപ്പോൾ (1958 ജൂൺ 29) സ്വീഡനെതിരെ ഗോൾ നേടിയ, ബ്രസീലിന്റെ പെലെയാണ് ഒന്നാംസ്ഥാനത്ത്.



കടപ്പാട്: HNS

ലുക്കാ മോഡ്രിച്ച്

**ഇംഗ്ലണ്ടിന്റെ ഹാരി കെയിൻ, ആറു ഗോളുകളുമായി, ഏറ്റവും കൂടുതൽ ഗോളടിച്ച കളിക്കാരനുള്ള 'സ്വർണപാദുകം' നേടിയപ്പോൾ, ഏറ്റവും മികച്ച ഗോൾകീപ്പർക്കുള്ള 'സ്വർണക്കയ്യുറ' നേടിയത് ബെൽജിയത്തിന്റെ തിബോ കോർട്ടോ ആണ്. ഫ്രാൻസിന്റെ കിലിയൻ എംബാപ്പെലോട്ടിൻ ആണ് ഏറ്റവും മികച്ച കൗമാരതാരം. ലോകകപ്പ് ഫൈനലിൽ ഗോൾ നേടുന്ന പ്രായംകുറഞ്ഞ രണ്ടാമത്തെ താരമാണ്, 19 വർഷവും 207 ദിവസവും തികച്ച എംബാപ്പെ.**

മാന്യമായ കളിക്കുള്ള (FAIR PLAY) അവാർഡ് സ്പെയിൻ നേടി.

റഫറിമാരെസഹായിക്കാൻ 'വീഡിയോ അസിസ്റ്റന്റ് റഫറി' (VAR - VIDEO ASSISTANT REFEREES) സമ്പ്രദായം ഏർപ്പെടുത്തിയ ആദ്യലോകകപ്പാണിത്.

'സബിവാക' എന്ന ചെന്നായ യായിരുന്നു റഷ്യലോകകപ്പിന്റെ ഭാഗ്യമുദ്ര. ഇൻറർനെറ്റ് വോട്ടിങ്ങിലൂടെ തെരെഞ്ഞെടുക്കപ്പെട്ട ഭാഗ്യമുദ്ര സൃഷ്ടിച്ചത് എകറ്റെറിനബോഷെറോവ എന്ന കോളേജ് വിദ്യാർഥിനിയാണ് .

'ടെൽസ്റ്റാർ 18' എന്നാണ് ഈ ലോകകപ്പിനു വേണ്ടി അഡിഡാസ് തയ്യാറാക്കിയ പന്തിന്റെ പേര്. 'ടെലിവിഷൻ', 'സ്റ്റാർ' എന്നീ വാക്കുകളുടെ സംയുക്തമാണ് 'ടെൽസ്റ്റാർ'.

'ലിവ് ഇറ്റ് അപ്പ്' ആയിരുന്നു ഔദ്യോഗികഗാനം. നിക്കിജാം, വിൽസ്മിത്ത്, ഇറാഇസ്ട്രെഫി എന്നിവർ ചേർന്നാണ്, 'ഒരു ജീവിതമേയുള്ളു, അത് ആഘോഷമാക്കിമാറ്റൂ' എന്ന, അർഥവത്തായ സന്ദേശം നൽകുന്ന ഈ മനോഹരഗാനം തയ്യാറാക്കിയത്'

അടുത്ത ലോകകപ്പ് 2022ൽ ഖത്തറിൽ. ഈ ലോകകപ്പിൽ നിന്നുവ്യത്യസ്തമായി, 32നു പകരം 48 ടീമുകൾക്ക് ഫൈനൽ റൗണ്ടിലേക്ക്പ്രവേശനംനൽകും. അതിലൊന്ന്നമ്മുടെഇന്ത്യയാവുമോ ? നമുക്കുപരിശ്രമിക്കാം, പ്രതീക്ഷയോടെ.



കേരള സർക്കാർ



# പൊന്നോണം വന്നെത്തി

മലയാളികൾ ഒന്നടങ്കം കാത്തിരിക്കുന്ന
തിരുവോണം ബമ്പർ
**ഇപ്പോൾ വിപണിയിൽ**



സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

# തിരുവോണം

ബമ്പർ ഭാഗ്യക്കുറി 2018

**ഒന്നാം സമ്മാനം**
**₹10 കോടി**
COMMON TO ALL SERIES

**രണ്ടാം സമ്മാനം**
**₹5 കോടി**
50 ലക്ഷം വീതം 10 പേർക്ക്

**മൂന്നാം സമ്മാനം**
**₹2 കോടി**
10 ലക്ഷം വീതം 20 പേർക്ക്

**നാലാം സമ്മാനം**
**₹1 കോടി**
5 ലക്ഷം വീതം 20 പേർക്ക്

**അഞ്ചാം സമ്മാനം**
**₹1 ലക്ഷം**
അഞ്ചക്കത്തിന്

ടിക്കറ്റ് വില ₹250

കൂടാതെ
**5000,3000,2000,1000,500**
രൂപയുടെ നിരവധി സമ്മാനങ്ങൾ

നറുക്കെടുപ്പ്: 19.09.2018

കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം....സുതാര്യം...ജനകീയം

# മഹാഭാരതം

സുഗതകുമാരി

## 50 യുദ്ധത്തിന്റെ രണ്ടാം ദിവസം

ദ്രോണരുടെ നേർക്ക് പാഞ്ഞടുത്ത ധൃഷ്ടദ്യുമ്നന്റെ വില്ല് ആചാര്യൻ മൂന്ന് കഷണമാക്കി തെറിപ്പിക്കുന്നു. കാലദണ്ഡം പോലുള്ള മഹാശരം മെയ്യിലേറ്റതു സഹിച്ചു കൊണ്ട് ധൃഷ്ടദ്യുമ്നൻ പതിന്നാല് അമ്പുകൾ ദ്രോണരുടെ നേർക്കയയ്ക്കുന്നു. ശംഖരാജന്റെ വലംകൈ ഭൂരിശ്രവസ്സ് വെട്ടിപ്പിളർന്നു. ആനകളെപ്പോലെ രാജാക്കന്മാർ തങ്ങളിലിടയുകയാണ്. അലംബുസനെന്ന രാക്ഷസനെ ഭീമപുത്രനായ ഘടോൽക്കചൻ തടഞ്ഞുനിർത്തി ദണ്ഡിപ്പിക്കുന്നു. ഇരുവരുടെയും കറുത്ത കൂറ്റൻശരീരങ്ങൾ ചോരകൊണ്ടു ചുവന്നുകഴിഞ്ഞു. ശിഖണ്ഡി അശ്വത്ഥാമാവിനോടേൽക്കുന്നു. ക്രുദ്ധനായ ഗുരുപുത്രൻ ശിഖണ്ഡിയെ എഴുത്താണിയമ്പുകളാൽ മുറിപ്പെടുത്തുന്നു. മഹാവീരനായ ഭഗദത്തനും വിരാടരാജാവും തമ്മിലാണ് യുദ്ധം. ദ്രുപദൻ ജയദ്രഥനോടും ശകുനി ദ്രൗപദീപുത്രനായ പ്രതിവിന്ധ്യനോടും പോരാടുന്നു. സേനാനികൾ നൂറുമായിരവും നിരകളായി അതിരുകൾവിട്ട് മൃത്യുഭയമില്ലാതെ യുദ്ധംചെയ്യുന്നു. വാൾവെട്ടുകളുടെ ഝണഝണാരവവും പോർമൃഗങ്ങളുടെ അലർച്ചകളും വാദ്യഘോഷങ്ങളും വെട്ടേറ്റും അമ്പേറ്റും വീഴുന്നവരുടെ ആർത്തനാദങ്ങളും തേരുരുളൊച്ചയും ഞാണൊലികളും കൊണ്ട് തുമുലധ്വനിയാർന്ന പടക്കളത്തിൽ സായാഹ്നമായപ്പോഴേക്ക് യുദ്ധം കൂടുതൽ ഭയങ്കരമായിത്തീർന്നു. തേരുകൾ തമ്മിൽ ഏറ്റുമുട്ടിത്തകർന്നു. അശ്വങ്ങൾ അമ്പേറ്റ് പിടഞ്ഞുവീണു ചത്തു. കുപിതരായ ആനകൾ അന്യോന്യം കുത്തിപ്പിളർന്നു. ചോരയിൽ കുളിച്ച വാളുകൾ ഉയർന്നുവീശിത്തിളങ്ങി. ആയുധങ്ങൾകൊണ്ട് മുറിവേറ്റവരും ആന കുത്തിയവരും ഗദാഘാതം കൊണ്ടു ചതഞ്ഞവരും ആർത്തു നിലവിളിക്കുന്ന ശബ്ദം എങ്ങും മുഴങ്ങി. ആനകൾ കുതിരകളെ അവയുടെ പുറത്തിരിക്കുന്നവരോടൊപ്പം തൂക്കിയെറിഞ്ഞു. പരിചകളിൽ വാളുകൾ തട്ടുന്ന ശബ്ദം മണിനാദംപോലെ ഉയർന്നുകേട്ടു. ക്രുദ്ധനായി പൊരുതുന്ന സേനാപതി ഭീഷ്മരുടെ മുന്നിൽപ്പെട്ട പാണ്ഡവപ്പട വിറച്ചുപോയി. അഞ്ചുനക്ഷത്രങ്ങൾ ചൂടിയ പൊൻപനയുടെ ചിഹ്നമുള്ള വെള്ളിനിറക്കൊടി ഉയർത്തിപ്പറത്തിക്കൊണ്ട് അതിഭീഷണനായ ഭീഷ്മർ കൊടുങ്കാറ്റുപോലെ യുദ്ധക്കളത്തിൽ ചുറ്റിയടിച്ചു. ആ വരവുകണ്ടു ചൊടിച്ച അഭിമന്യു ഉഗ്രശരങ്ങൾ തൂകി പിതാമഹനെ തടഞ്ഞുനിർത്തി. അവർ തമ്മിൽ കഠിനയുദ്ധം നടന്നു. ഭീഷ്മരുടെ പൊന്നിൻപനക്കൊടി സുഭദ്രാപുത്രന്റെ അമ്പേറ്റ് മുറിഞ്ഞുവീണു. അതുകണ്ട് ഹർഷംപൂണ്ട് അർജുനന്റെ കൊടിമരത്തിലിരുന്നുകൊണ്ട് ഹനുമാൻ ഒന്നലറിയതുകേട്ടു കുരുസേന നടുങ്ങി.

ആനപ്പുറത്തുകയറി ശരവർഷം പെയ്യുന്ന വിരാടകുമാരനായ ഉത്തരനെ ശല്യർ നേരിട്ടു. കൂരമ്പുകളയച്ച് ആനയെയും ഉത്തരനെയും ശല്യർ കൊന്നുവീഴ്ത്തിയതുകണ്ട് പാണ്ഡവർക്ക് ദു:ഖകോപങ്ങൾ വർധിച്ചു. സോദരനെ കൊന്നതുകണ്ട ശ്വേതനെന്ന വിരാടകുമാരനായ സേനാപതി ഉഗ്രകോപത്തോടെ ശല്യരെ എതിരിട്ടു ശരവർഷം ചെയ്തു. ശല്യരെ രക്ഷിക്കാൻ ദുര്യോധനാദികൾ പാഞ്ഞെത്തി. ഭീഷ്മബാണങ്ങൾ പാമ്പുകളെപ്പോലെ ചീറ്റിവന്ന് അഭിമന്യുവിനെയും ഭീമനെയും ധൃഷ്ടദ്യുമ്നനെയും മറ്റ് രാജാക്കന്മാരെയുമെല്ലാം മുറിവേൽപ്പിച്ചു ചോരയൊഴുക്കി. ശ്വേതനെന്ന വീരനായ യോദ്ധാവ് ഭയങ്കരമായി യുദ്ധംചെയ്തു മുന്നേറിയെങ്കിലും ഒടുവിൽ ഗംഗാപുത്രന്റെ ദിവ്യാസ്ത്രത്തിനു മുന്നിൽ വീണുപോയി. അഗ്നിപോലെ ആളിനിൽക്കുന്ന ഭീഷ്മരെ നോക്കാൻ പോലുംവയ്യാതെ പോരാളികൾ ഭീതരായി. ഹാഹാകാരം ഉയർന്നു. വളഞ്ഞ വില്ല് ഒരുമാത്രപോലും നിവരാതെ എയ്തെയ്തു കയറുന്ന ഭീഷ്മർ എണ്ണിയെണ്ണി പാണ്ഡവരുടെ തേരുകളെല്ലാം ഉടച്ചു മറിച്ചിട്ടു.

ഉയർന്ന പൊടിപടലത്തിനിടയിൽ സൂര്യബിംബം ചോരകൊണ്ടു ചുവന്നപോലെ കാണായി. അസ്തമയമായി. ഒന്നാംനാളിലെ പോരൊടുങ്ങി. അങ്ങനെ യുദ്ധംതീർന്നു എന്ന കാഹളനാദം മുഴങ്ങി. ഇരുഭാഗത്തെയും പടകുടീരങ്ങളിൽ

ദീപങ്ങൾ തെളിഞ്ഞു. മുറിവേറ്റവരെ ചുമന്നുകൊണ്ട് ഭടന്മാർ കൂട്ടംകൂട്ടമായി എത്തുകയായി. വൈദ്യന്മാർ തളർച്ചയ്ക്കു ജലമേകിയും ഔഷധങ്ങളേകിയും മുറിവുകളിൽ ലേപനങ്ങൾ പുരട്ടിയും ശുശ്രൂഷകൾ ആരംഭിച്ചു. പാചകന്മാർ ഭക്ഷണപാനീയങ്ങളെത്തിച്ചു. പോരാളികൾ നിദ്രയുടെ മടിത്തട്ടിൽ തളർന്ന ശിരസ്സുകൾ ചായ്ച്ചു വിശ്രമിക്കുകയായി.

രണ്ടാം ദിവസം പുലർന്നു. ധൃതരാഷ്ട്രർ സഞ്ജയനെ വിളിച്ച് അരികിലിരുത്തി. 'പറയൂ സഞ്ജയ, ഇന്നലത്തെ തോൽവിയിൽ ക്ഷീണിതരായ പാണ്ഡവന്മാർ എന്തുചെയ്യുന്നു?'

സഞ്ജയൻ പറഞ്ഞു തുടങ്ങി. 'മഹാരാജൻ, മിത്രങ്ങളുടെ മൃത്യുവിലും ആദ്യനാളിലെ പരാജയത്തിലും ദു:ഖിതനായ യുധിഷ്ഠിരനെ ശ്രീകൃഷ്ണൻ ആശ്വസിപ്പിച്ചു. ഭീഷ്മരുടെ ഭയങ്കരമായ പരാക്രമംകണ്ട് അശാന്തരായ പാണ്ഡവരോട് വാസുദേവൻ പറഞ്ഞു. 'മനസ്സു തളരരുത്. യുദ്ധം ആരംഭിച്ചിട്ടേയുള്ളൂ. മഹാവീരന്മാർ നിങ്ങളോടൊപ്പമുണ്ട്, ഈ ഞാനും. യുദ്ധത്തിൽ ഭീഷ്മർ വീഴുമെന്നത് നിശ്ചയം.'

ക്രൗഞ്ചപക്ഷിയുടെ രൂപത്തിലാണ് രണ്ടാംനാളിൽ പാണ്ഡവർ വ്യൂഹം ചമച്ചത്. അതുകണ്ട് അതിനെതിരായ മഹാവ്യൂഹം ചമച്ചുകൊണ്ട് ദുര്യോധനൻ ഭീഷ്മരെ മുൻനിർത്തി പട തുടങ്ങുവാനുള്ള ശംഖും പെരുമ്പറകളും ഘോഷിപ്പിച്ചു. ഭീഷ്മർ തന്റെ പെരുംശംഖും ഊതിക്കൊണ്ടു സിംഹനാദം മുഴക്കിയപ്പോൾ

സഞ്ജയൻ പറഞ്ഞു തുടങ്ങി. 'മഹാരാജൻ, മിത്രങ്ങളുടെ മൃത്യുവിലും ആദ്യനാളിലെ പരാജയത്തിലും ദു:ഖിതനായ യുധിഷ്ഠിരനെ ശ്രീകൃഷ്ണൻ ആശ്വസിപ്പിച്ചു. ഭീഷ്മരുടെ ഭയങ്കരമായ പരാക്രമംകണ്ട് അശാന്തരായ പാണ്ഡവരോട് വാസുദേവൻ പറഞ്ഞു. 'മനസ്സു തളരരുത്. യുദ്ധം ആരംഭിച്ചിട്ടേയുള്ളൂ. മഹാവീരന്മാർ നിങ്ങളോടൊപ്പമുണ്ട്, ഈ ഞാനും. യുദ്ധത്തിൽ ഭീഷ്മർ വീഴുമെന്നത് നിശ്ചയം.'

മറുവശത്തുനിന്ന് പാഞ്ചജന്യവും ദേവദത്തവും മറുപടി മുഴക്കി. അതോടൊപ്പം ഭീമനും ധൃഷ്ടദ്യുമ്നനും മറ്റ് രാജാക്കന്മാരുമെല്ലാം ശംഖുകൾ മുഴക്കി വാദ്യഘോഷങ്ങളുമൊത്ത് പടയ്ക്കു നേർനിന്നു. കൊടിയുയർത്തിപ്പറത്തിക്കൊണ്ട് വൻ തേരുകൾ പരസ്പരം പാഞ്ഞടുത്തു. യുദ്ധം മൂർഛിച്ചപ്പോൾ കുരുപിതാമഹനായ ഭീഷ്മർ സിംഹത്തെപ്പോലെ ശത്രുസൈന്യത്തെ പിളർത്തിയെറിഞ്ഞുകൊണ്ടു പാഞ്ഞെത്തി. വ്യൂഹം തകർത്ത് കളിക്കുന്നപോലെ പോരാടുന്ന ഭീഷ്മരുടെ നേർക്ക് വെളുത്തകുതിരകളെ പൂട്ടിയ വിജയന്റെ മഹാരഥം കൊടിക്കൂറ പറത്തിക്കൊണ്ടു പാഞ്ഞടുത്തു. ഉടൻ ഭീഷ്മർ അർജ്ജുനനോടേറ്റ് പോരു തുടങ്ങി. ഭീഷ്മദ്രോണകർണരൊഴികെ ആരുണ്ട് ഗാണ്ഡീവധാരിയോടു പടവെട്ടുവാൻ? ഭീഷ്മബാണങ്ങൾ പാർഥബാണങ്ങളേറ്റു മുറിഞ്ഞുവീഴുന്നു. പാർഥബാണങ്ങളെ ഭീഷ്മർ തകർത്തെറിയുന്നു. ഒരു വിനോദംപോലെ അവർ പരസ്പരം ധ്വജങ്ങളെയ്തു മുറിച്ചിട്ടു. രഥചക്രങ്ങൾ എയ്തുടച്ചു. കുതിരകളെ കൊന്നു വീഴ്ത്തി. ഉടൻ ചൊടിച്ച ഭീഷ്മർ ശ്രീകൃഷ്ണന്റെ വിരിമാറിൽ മൂന്നുബാണങ്ങളെയ്തു തറപ്പിച്ചു. ചുവന്ന പൂക്കൾ വിരിഞ്ഞ മുരിക്കുമരം പോലെ ചോരയണിഞ്ഞ വാസുദേവൻ ശോഭിച്ചു. തേരുകൾ തമ്മിൽ ചുറ്റുകയും മുന്നോട്ടുകയറുകയും പിന്മാറുകയും എയ്യുവാൻ പഴുതു നോക്കി എയ്തുമുറിക്കുകയും ഞാണൊലിയുയർത്തുകയും സിംഹനാദം ചെയ്യുകയും ചെയ്ത ആ മഹാവീരന്മാരുടെ യുദ്ധം അതിഭയങ്കരമായിരുന്നു. രണ്ടാളും പിൻവാങ്ങിയില്ല. രണ്ടാളും വിജയിച്ചില്ല.

(തുടരും)



വര: ജയേന്ദ്രൻ

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.



വര: ഗോപു പട്ടിത്തറ

## ചായപ്പെൻസിൽ

**നന്ദനം എം, ക്ലാസ്8 ഇ,
ചെറുപുഷ്പം സ്കൂൾ, വടക്കഞ്ചേരി,
പാലക്കാട് പി ഒ, പിൻ 678704.**

കൂലിപ്പണിക്കുപോയ തന്റെ അമ്മ വരുന്നതും കാത്ത് ആർത്തിയോടെ കാവ്യ നോക്കിനിന്നു. തനിക്ക് നാളെ സ്കൂളിലേക്കു കൊണ്ടുപോകേണ്ട ചായപ്പെൻസിൽ വാങ്ങേണ്ട ജോലി അവൾ അമ്മയെ ഏൽപ്പിച്ചിരുന്നു. അതായിരിക്കണം വെളിച്ചമില്ലാത്ത ആ ഒറ്റമുറി വീട്ടിൽ കാവ്യ ധൃതിപിടിച്ചിരിക്കുന്നത്. സൂര്യൻ വീട്ടിലേക്ക് മടങ്ങിപ്പോകാനൊരുങ്ങുന്നു. എന്നിട്ടും ഈ അമ്മയെ എന്തേ കാണാത്തെ? അവൾ തന്നോടായി ചോദിച്ചു.

പാടവരമ്പിൽ നിന്ന് ഒരു അരണ്ട വെളിച്ചം പ്രത്യക്ഷപ്പെട്ടു. അത് അവളെ ലക്ഷ്യമാക്കി അടുത്തുകൊണ്ടിരുന്നു. അത് തന്റെ അമ്മയാണെന്ന് അവൾ തിരിച്ചറിഞ്ഞു. കീറിപ്പറിഞ്ഞ സാരിയുടുത്ത് തന്റെ അമ്മ വരുന്നു. അവൾ പുറത്തേക്കോടി. ഇരുവരും കെട്ടിപ്പിടിച്ചു. അപ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് അവൾ ശ്രദ്ധിച്ചു.

''പൊന്നേ, ചായപ്പെൻസിൽ വാങ്ങാൻ പൈസ തികഞ്ഞില്ല.''

''അതൊന്നും സാരമില്ല. ഇത്രേം വലിയ സ്നേഹത്തിൻ നിറമുള്ള ചായപ്പെൻസിൽ ഇവിടുള്ളപ്പോ എനിക്കെന്തിനു വേറെ ചായ പ്പെൻസിൽ.'' അവരുടെ സ്നേഹത്തിനു സാക്ഷിയായി ആകാശം.

# മഴയ്ക്കൊരു സാന്ത്വനം

കലിയോടെ പെയ്യുന്ന മഴയേ, നിന്റെ
താളത്തിൽ ഞാനൊന്നു പാടാം
അകതാരിൽ അമൃതം നിറയ്ക്കാം നിന്റെ
വിരലൊന്നു തൊട്ടു ഞാൻ നിൽക്കാം.
അറിയില്ലെനിക്കൊരു വാക്കും നിന്റെ
കലിയൊന്നടക്കുവാനായി
ഇടിമിന്നൽ ചൊരിയുന്ന മഴയെ, നിന്നെ
തഴുകുന്ന കാറ്റായ് ഞാൻ മാറാം
കലിയോടെ പെയ്യുന്ന മഴയേ, എന്റെ
അഴകുള്ള സ്വപ്നങ്ങളെല്ലാം, ഒരു
മഴവില്ലായ് മാനത്തൊരുക്കാം.

**കൃഷ്ണ എസ് രാജീവ്, ക്ലാസ് 8,
ലേക് ഫോർഡ് സ്കൂൾ, കാവനാട്,
കൊല്ലം.**



വര: ബൈജുരാജ്

## അറിയിപ്പ്

*കൂട്ടുകാർക്ക് ആസ്വാദനക്കുറിപ്പെഴുതാം. ഈ ലക്കം മുതൽ തളിര് മാസികയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട രചനയെക്കുറിച്ച് ഒരു പേജിൽ കവിയാത്ത ആസ്വാദനം തയ്യാറാക്കി അയച്ചുതരിക. ഏറ്റവും നല്ല കുറിപ്പ് തളിരിൽ പ്രസിദ്ധീകരിക്കുന്നതാണ്.*

# നമ്മുടെ ഭാവനയിൽ നിന്നും അനുഭവങ്ങളിൽ നിന്നുമാണ് മികച്ച സാഹിത്യരചനകൾ ഉണ്ടാവുന്നത്

## സ്പീക്കർ പി ശ്രീരാമകൃഷ്ണൻ



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ശ്രീചിത്രാ ഹോമിലെ കുട്ടികൾക്കു നൽകികൊണ്ട് സ്പീക്കർ ശ്രീ പി ശ്രീരാമകൃഷ്ണൻ പ്രകാശനം ചെയ്യുന്നു



നമ്മുടെ ഭാവനയിൽനിന്നും അനുഭവങ്ങളിൽനിന്നുമാണ് മികച്ച സാഹിത്യ രചനകൾ ഉണ്ടാവുന്നതെന്ന് സ്പീക്കർ പി ശ്രീരാമകൃഷ്ണൻ. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പത്തു ബാലസാഹിത്യ പുസ്തകങ്ങളുടെ പ്രകാശനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശ്രീചിത്രാ ഹോമിൽ വൈകിട്ടു നടന്ന ചടങ്ങിൽ നഗരസഭാ മേയർ വി കെ പ്രശാന്ത് അധ്യക്ഷനായിരുന്നു. ശ്രീചിത്രാ ഹോമിലെ കുട്ടികൾ സ്പീക്കറിൽനിന്നും പുസ്തകങ്ങൾ ഏറ്റുവാങ്ങി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, കേരള ബുക് മാർക്ക് സെക്രട്ടറി എ ഗോകുലേന്ദ്രൻ, ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ജി രാധാകൃഷ്ണൻ, കേന്ദ്രസാഹിത്യ അക്കാദമി ഉപദേശകസമിതി അംഗം ഡോ. അജയപുരം ജ്യോതിഷ് കുമാർ, എഴുത്തുകാരി എസ് സജിനി, ശ്രീചിത്രാ ഹോം സൂപ്രണ്ട് കെ കെ ഉഷ, എഴുത്തുകാരായ ഡോ. എം ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ, മടവൂർ ശശി എന്നിവർ സംസാരിച്ചു. ശ്രീചിത്രാ ഹോം ലൈബ്രറിയിലേക്ക് ബാലസാഹിത്യ പുസ്തകങ്ങൾ ഡയറക്ടർ പള്ളിയറ ശ്രീധരൻ കൈമാറി. ശ്രീചിത്രാ ഹോമിൽനിന്നും എസ് എസ് എൽ സിക്കും വി എച്ച് എസ് സിക്കും മികച്ച വിജയം നേടിയ കുട്ടികൾക്കുള്ള ഉപഹാരങ്ങൾ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ വിതരണം ചെയ്തു.



സ്പീക്കർ ശ്രീ പി ശ്രീരാമകൃഷ്ണൻ കുട്ടികളെ അഭിസംബോധന ചെയ്യുന്നു

കണ്ടുപിടിത്തങ്ങളുടെ കഥ (പി പി കെ പൊതുവാൾ), ഡോ. രാധാകൃഷ്ണൻ (ഡോ. കുര്യാസ് കുമ്പളക്കുഴി), കാടിന്റെ പാഠങ്ങൾ (മടവൂർ ശശി), വല്ലംനിറ നിറനിറയോ (ആലിന്തറ ജി കൃഷ്ണപിള്ള), ഇന്ത്യ പറഞ്ഞ ഗണിതം (പ്രൊഫ. പി രാമചന്ദ്രൻ), ചങ്ങമ്പുഴ (സി നാരായണൻ), ധീരതയ്ക്കൊരു സമ്മാനം (ഡോ. എം ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ), ഉണ്ണിക്കൃഷ്ണൻ പുതൂർ (ടി ബാലകൃഷ്ണൻ), ഇതു ഞാനാ (സൈജ എസ്), അനിയൻ പഴംപൊരി (ഷിനോജ് രാജ്) എന്നീ പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്.


Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഉണ്ടാക്കാം

# ഫ്ളോട്ടിംഗ് ബോൾ


അരവിന്ദ് ഗുപ്ത

തെർമേകോൾബോളും സൂചിയും സ്ട്രോയും ഉപയോഗിച്ച് ഫ്ളോട്ടിംഗ് ബോൾ ഉണ്ടാക്കിയാലോ...




**ആവശ്യമുള്ള സാധനങ്ങൾ**

- തെർമോകോൾബോൾ
- നീളമുള്ള ഒരു സൂചി
- വളവുള്ള ഒരു സ്ട്രോ




1

തെർമോകോൾബോളിന്റെ നടുവിലൂടെ സൂചിയെ താഴേക്കിറക്കുക.



2

തെർമോകോൾ തറപ്പിച്ച സൂചി സ്ട്രോയിലൂടെ ഇപ്രകാരം ഇറക്കിവയ്ക്കുക.



3

മറ്റേ അഗ്രത്തിലൂടെ ഊതുമ്പോൾ തെർമോകോൾ ബോൾ മുകളിലേക്ക് പൊങ്ങുകയും ഊതുന്നത് നിർത്തിയാൽ സൂചി പഴയസ്ഥാനത്ത് തിരിച്ചുവരികയും ചെയ്യുന്നതു കാണാം.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WWPP/11/2018-2020
RNI No. 20076/70 September 2018
Regd KL/TV (N)/399/2018-2020 Published on 29-08-2018 Vol:24, Issue:09, ₹20

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.